
# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 69 Issue No. 05 May 2025 Rs. 15/-










# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 68 Issue No. 5 May 2025 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ
5. ദൈവവിളി - ആഗോളപ്രാർത്ഥനാദിനം
11. മെയ്ദിന സന്ദേശം - 2025
17. ഫ്രാൻസിസ് പാപ്പയുടെ കബറടക്കം
18. കച്ചേരിക്കാര്യം
    - Transfers/Appointments
    - Archdiocesan Internet Mission
20. വാർത്തകളും വിശേഷങ്ങളും
22. നിര്യാതരായി
23. വിശ്വാസപരിശീലന കേന്ദ്രം
25. AICO
26. ഫാമിലി അപ്പോസ്റ്റലേറ്റ്
27. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)
31. നൈപുണ്യ ഇന്റർനാഷണൽ
33. അതിരൂപതാ ഡയറി
34. ആർട്ടിക്കിൾ
    - ബിഷപ് ജോസ് പൊരുന്നേടം



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Kadavil Kochu Mathew, Oraslem | 1892 | 1924 | 1-5-1944 |
| Fr. Kolenchery George, Kottamam | 1888 | 1916 | 1-5-1971 |
| Fr. Kodian George, Chendamangalam | 1905 | 1936 | 2-5-1980 |
| Fr. Xavier Kareethara, Udayanapuram | 1937 | 1964 | 2-5-2019 |
| Fr. Puthenangady Issac, Vaikom | 1883 | 1911 | 3-5-1967 |
| Fr. Malamel Sebastian, Edappally | 1902 | 1933 | 3-5-1971 |
| Fr. Thaliath Jose Paul, Ernakulam | 1932 | 1960 | 3-5-2018 |
| Fr. Koluvan Paul, Moozhikulam | 1952 | 1978 | 6-5-2005 |
| Fr. Kanat Paulose TOCD, Konthuruthy | 1838 | 1861 | 6-5-1891 |
| Fr. Thaliath Thomas, Puthenpally | 1888 | 1918 | 7-5-1977 |
| Fr. Airookkaran Sebastian, Karukutty | 1903 | 1934 | 7-5-1987 |
| Fr. Chathaparambil Varghese, Kunnumpuram | 1910 | 1939 | 9-5-1993 |
| Msgr. Fr. Valliarumpeth Geroge, Vaikom | 1889 | 1916 | 11-5-1970 |
| Fr. Vadassery Augusthy, Palluruthy | 1883 | 1913 | 12-5-1951 |
| Fr. Mekkunnel Mathai, Nakapuzha | 1823 | 1873 | 14-5-1912 |
| Fr. Kanianthara Varghese, Vaikom | 1907 | 1936 | 15-5-1983 |
| Msgr. Puduchery Varghese, Edad | 1897 | 1928 | 16-5-1980 |
| Fr. Nettikadan Joseph, Meloor | 1933 | 1959 | 16-5-2001 |
| Fr. Elavumkudy Antony, Aimury | 1924 | 1955 | 16-5-2022 |
| Fr. Ambalathinkal Joseph, Thundathumkadavu | 1952 | 1981 | 19-5-2015 |
| Fr. Francis Parappuram, Amballoor | 1947 | 1975 | 20-5-2019 |
| Fr. Manavalan Paul, Elavoor | 1952 | 1978 | 21-5-2002 |
| Fr. Pallipparambil James, Ullala | 1943 | 1971 | 21-5-2016 |
| Fr. Thekkinedath Joseph, Parur | 1936 | 1962 | 22-5-1990 |
| Fr. Kariyatty Jacob, Alangad | 1936 | 1963 | 22-5-2009 |
| Fr. Kuncharath Joseph, Keecheri | 1946 | 1973 | 22-5-2018 |
| Fr. Chiramel Anthony, Meloor | 1883 | 1913 | 23-5-1965 |
| Fr. Manjooran Antony, Chakkarakadavu | 1894 | 1922 | 24-5-1973 |
| Fr. Manikath Joseph, Perumanoor | 1935 | 1961 | 25-5-2008 |
| Fr. Vattamkandathil Mathai, Thalayolaparambu | | | 27-5-1936 |
| Fr. Puthenpurackal Sebastian, Vellarappilly | 1943 | 1969 | 27-5-1994 |
| Fr. Inchiparambil Joseph, Thanipuzha | 1927 | 1952 | 27-5-1998 |
| Fr. Nereveettil Cheriyan, Edappally | 1971 | 1997 | 27-5-2021 |
| Fr. Parappurath Gheevarghese TOCD, Amballoor | 1835 | 1859 | 28-5-1908 |
| Fr. Kunnumpuram George, Muttom | 1931 | 1957 | 29-5-1993 |
| Fr. Kariyatty Paul, Alangad | 1940 | 1967 | 29-5-2011 |
| Fr. Manjaly Jose, Malayattoor | 1940 | 1964 | 31-5-1991 |

# ദൈവവിളികൾക്കായുള്ള 62-ാമത് ആഗോള പ്രാർഥനാദിനത്തിൽ

**(മേയ് 11, 2025)**

**പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം**

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവവിളികൾക്കായുള്ള ഈ 62-ാമത് പ്രാർഥനാദിനത്തിൽ നിങ്ങളുടെ ജീവിതങ്ങൾ ഉദാരമായി സമർപ്പിക്കുന്ന ഒരു ദാനമായി തീർത്തുകൊണ്ട് പ്രത്യാശയുടെ തീർഥാടകരാകാൻ ഞാൻ നിങ്ങളെ സന്തോഷപൂർവം ക്ഷണിക്കാൻ ആഗ്രഹിക്കുന്നു.

ദൈവം നമ്മുടെ ഹൃദയത്തിൽ വിതയ്ക്കുന്ന ഒരു അമൂല്യ ദാനമാണ് ദൈവവിളി; സ്വയം പരിത്യജിച്ചിട്ട് സ്നേഹത്തിന്റെയും ശുശ്രൂഷയുടെയും ഒരു യാത്രയ്ക്കായി ഇറങ്ങിപ്പുറപ്പെടാനുള്ള ക്ഷണമാണത്. സഭയിലെ ഓരോ ദൈവവിളിയും - അല്മായ, അഭിഷിക്ത, സമർപ്പിത ദൈവവിളികൾ - ഈ ലോകത്തിനും തന്റെ മക്കളിൽ ഓരോരുത്തർക്കും ദൈവം നൽകുന്ന പ്രത്യാശയുടെ അടയാളങ്ങളാണ്.

ഒട്ടേറെ യുവതീയുവാക്കന്മാർ തങ്ങളുടെ ദൃഷ്ടി ഭാവിയിലേക്ക് തിരിക്കുമ്പോൾ ഇക്കാലത്ത് ദുഃഖിതരാണ്. തങ്ങളുടെ തൊഴിൽ സാധ്യതയെക്കുറിച്ച് ചിന്തിക്കുമ്പോൾ പലപ്പോഴും അവർക്ക് അരക്ഷിതാവസ്ഥ അനുഭവപ്പെടുന്നു; ആഴത്തിലുള്ള സ്വത്വപ്രതിസന്ധിയും അവർക്കുണ്ടാകുന്നു; അത് അർഥത്തെയും മൂല്യങ്ങളെയും സംബന്ധിച്ച പ്രതിസന്ധിയാണ്; ആശയക്കുഴപ്പം സൃഷ്ടിക്കുന്ന ഡിജിറ്റൽ ലോകത്തിലെ സന്ദേശങ്ങൾ പ്രസ്തുത പ്രതിസന്ധിവർധിപ്പിക്കുന്നതേയുള്ളൂ. ദരിദ്രരോടും മുതലെടുക്കപ്പെടാവുന്നവരോടും (vulnerable) കാണിക്കുന്ന അനീതി, സ്വയം സംതൃപ്തവും സ്വയം കേന്ദ്രീകൃതവും ആയ ഒരു സമൂഹത്തിന്റെ നിസ്സംഗത, യുദ്ധത്തിന്റെ ക്രൂരത എന്നിവ യുവജനങ്ങൾ തങ്ങളുടെ ഹൃദയങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന ജീവിതസാക്ഷാത്കാരത്തെ സംബന്ധിച്ച പ്രത്യാശയ്ക്കു ഭീഷണിയായി നിലകൊള്ളുന്നു.

എന്നിരുന്നാലും, മനുഷ്യഹൃദയത്തെ അറിയുന്ന കർത്താവ് നമ്മുടെ അനിശ്ചിതാവസ്ഥയിൽ നമ്മെ ഉപേക്ഷിക്കുന്നില്ല. നമ്മൾ സ്നേഹിക്കപ്പെട്ടവരും വിളിക്കപ്പെട്ടവരും പ്രത്യാശയുടെ തീർത്ഥാടകരായി അയക്കപ്പെട്ടവരും ആണെന്നു നാം അറിയണമെന്ന് അവിടന്ന് ആഗ്രഹിക്കുന്നു.

സഭയുടെ മുതിർന്ന അംഗങ്ങളായ നാം, പ്രത്യേകിച്ച് പുരോഹിതർ, യുവജനങ്ങളുടെ വിളിയുടെ പാതയിൽ അവരെ അംഗീകരിക്കാനും അത് വിവേചിച്ചറിയാനും അവരെ അനുഗമനം ചെയ്യാനും വിളിക്കപ്പെട്ടിരിക്കുന്നു. യുവജനങ്ങളായ നിങ്ങൾ, നിങ്ങളുടെ ഭാഗത്തുനിന്ന് ആ പാതയിൽ ഇറങ്ങിത്തിരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു; അത് പരിശുദ്ധാത്മാവിനോടൊപ്പമാണ് നടത്തേണ്ടത്; അവിടന്നാണ് നിങ്ങളുടെ ജീവിതങ്ങൾ സ്നേഹത്തിന്റെ സമ്മാനങ്ങൾ ആക്കാനുള്ള ആഗ്രഹം നിങ്ങളിൽ ജനിപ്പിക്കുന്നത്.

### *നമ്മുടെ പ്രത്യേകവിളി ആശ്ലേഷിക്കുന്നത്*

പ്രിയ യുവജനമേ, "നിങ്ങളുടെ യൗവനം ഒരു 'ഇടക്കാല വേള' അല്ല. നിങ്ങൾ ദൈവത്തിന്റെ 'ഇപ്പോൾ' ആണ്" (*ക്രിസ്തു ജീവിക്കുന്നു* [*Christus Vivit*], 178). ജീവൻ എന്ന ദാനം ഉദാരവും വിശ്വസ്തവുമായ ഒരു പ്രത്യുത്തരം ആവശ്യപ്പെടുന്നു എന്നു മനസ്സിലാക്കുക. കർത്താവിന്റെ വിളിയോടു സന്തോഷപൂർവ്വം പ്രത്യുത്തരിച്ച യുവ വിശുദ്ധരെയും വാഴ്ത്തപ്പെട്ടവരെയും നോക്കുക. ഉദാഹരണത്തിന്, ലീമായിലെ വിശുദ്ധ റോസാ, വിശുദ്ധ ഡോമിനിക് സാവിയോ, വിശുദ്ധ കൊച്ചുത്രേസ്യ, വ്യാകുലമാതാവിന്റെ വിശുദ്ധ ഗബ്രിയേൽ, ഉടൻതന്നെ വിശുദ്ധരായി ഉടനെ പ്രഖ്യാപിക്കപ്പെടുന്ന കാർലോ അക്കൂത്തീസ്, പിയർ ജോർജോ ഫ്രസാത്തി എന്നിവർ ഉൾപ്പെടെയുള്ളവരെ. ഉത്ഥിതനായ നാഥനുമായുള്ള തങ്ങളുടെ സൗഹൃദംവഴിയായി അവർക്കു തങ്ങളുടെ ദൈവവിളി യഥാർഥ സന്തോഷത്തിലേക്കുള്ള പാതയായി അനുഭവപ്പെട്ടു. യേശുവിന്റെ വചനങ്ങൾ നാം കേൾക്കുമ്പോഴെല്ലാം നമ്മുടെ ഉള്ളിൽ നമ്മുടെ ഹൃദയങ്ങൾ ജ്വലിക്കും (ലൂക്കാ 24:32 കാണുക). അപ്പോൾ നമുക്ക് നമ്മുടെ ജീവിതങ്ങൾ ദൈവത്തിനായി സമർപ്പിക്കാനുള്ള ആഗ്രഹം ജനിക്കുന്നു. സ്വാഭാവികമായും, നമ്മെ

അവിടന്ന് ആദ്യം സ്നേഹിച്ച സ്നേഹത്തിനു പ്രതിസ്നേഹം നൽകാൻ ഏറ്റവും അനുയോജ്യമായ ജീവിതപന്ഥാവ് നാം ആഗ്രഹിക്കുന്നു.

ഹൃദയത്തിന്റെ ആഴങ്ങളിൽ ഒരിക്കൽ തിരിച്ചറിയപ്പെട്ടുകഴിഞ്ഞാൽ, ഓരോ ദൈവവിളിയും സ്നേഹിക്കാനും ശുശ്രൂഷിക്കാനുമുള്ള പ്രചോദനം നൽകുന്നു; അത് സ്വയം അഭിവൃദ്ധിപ്പെടുത്താനുള്ള മാർഗമായിരിക്കില്ല, മറിച്ച് പ്രത്യാശയുടെയും സ്നേഹത്തിന്റെയും പ്രകാശനമായിട്ടായിരിക്കും അനുഭവപ്പെടുന്നത്. ഓരോ സ്ത്രീയുടെയും പുരുഷന്റെയും ആനന്ദത്തിനായുള്ള ദൈവത്തിന്റെ പദ്ധതിയോടു ചേർന്നുപോകുന്നതാണ് ദൈവവിളിയും പ്രത്യാശയും; അതിൽ ഓരോരുത്തരും തങ്ങളുടെ ജീവിതങ്ങൾ അന്യർക്കുവേണ്ടി നൽകാനായി പേരുചൊല്ലി വിളിക്കപ്പെട്ടവരാണ് (*സുവിശേഷത്തിന്റെ സന്തോഷം* [Evangelii Gaudium], 268 കാണുക). ഏതു പാത സ്വീകരിക്കാനാണ് ദൈവം തങ്ങളെ വിളിക്കുന്നതെന്ന് അറിയാൻ വളരെയേറെ യുവതീയുവാക്കന്മാർ ആഗ്രഹിക്കുന്നു. വൈദിക ശുശ്രൂഷയിലേക്കും സമർപ്പിതജീവിതത്തിലേക്കും തങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു എന്നു ചിലപ്പോഴെങ്കിലും ചിലർ ആശ്ചര്യകരമാംവിധം കണ്ടെത്തുന്നു. മറ്റുചിലർ വിവാഹത്തിലേക്കും കുടുംബജീവിതത്തിലേക്കുമുള്ള വിളിയുടെ സൗകുമാര്യത കണ്ടെത്തുന്നു; അതായത്, പൊതുനന്മയ്ക്കും തങ്ങളുടെ സുഹൃത്തുക്കൾക്കും പരിചയക്കാർക്കും ഇടയിൽ വിശ്വാസത്തിന്റെ ജീവിതത്തിനുവേണ്ടിയുള്ള സാക്ഷ്യംനൽകാനുള്ള വിളി.

ദൈവത്തിന്റെ പരിപാലനയിൽ ഊന്നിനിന്നുകൊണ്ടുള്ള പ്രത്യാശയാൽ പ്രചോദിതമാണ് ഓരോ ദൈവവിളിയും. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം പ്രത്യാശ എന്നത് കേവലം മാനുഷികമായ ശുഭാപ്തിവിശ്വാസത്തിനും ഉപരിയാണ്: നമ്മുടെ ഓരോരുത്തരുടെയും ജീവിതങ്ങളിൽ പ്രവർത്തനനിരതമായിരിക്കുന്ന ദൈവത്തിലുള്ള വിശ്വാസത്തിന്റെ സുനിശ്ചിതത്ത്വത്തിലാണ് അത് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്. സുവിശേഷത്തോടു വിശ്വസ്തമായിരിക്കാനുള്ള ദൈനംദിനമുള്ള ശ്രമവും പ്രാർഥനയും വിവേചിച്ചറിയലും ശുശ്രൂഷയുംവഴിയാണ് ദൈവവിളികൾ പരിപക്വമാകുന്നത്.

പ്രിയപ്പെട്ട യുവസുഹൃത്തുക്കളേ, ദൈവത്തിലുള്ള പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. എന്തെന്നാൽ, തങ്ങളുടെ ജീവിതങ്ങൾ അവിടത്തെ കരങ്ങളിൽ ഭരമേല്പിച്ചവരുടെ ഓരോ കാൽവെപ്പിലും അവിടന്ന് അവരെ അനുഗമനം ചെയ്യുന്നു. ധൈര്യപൂർവം തങ്ങളുടെ ജീവിതങ്ങൾ ക്രിസ്തുവിനു സമർപ്പിക്കുന്നവരും അങ്ങനെ ശിഷ്യരും പ്രേഷിതരും ആയിരിക്കുന്നതിൽ സന്തോഷിക്കുകയും ചെയ്യുന്ന പ്രത്യാശയുടെ തീർഥാടകരായ യുവജനങ്ങളെ നമ്മുടെ ലോകത്തിന് ആവശ്യമുണ്ട്.

### *നമ്മുടെ ദൈവവിളിയുടെ പാത വിവേചിച്ചറിയുന്നത്*

വിവേചിച്ചറിയലിന്റെ ഒരു സഞ്ചാരത്തിന്റെ അനന്തരഫലമായിട്ടാണ് നമ്മുടെ ദൈവവിളി നാം കണ്ടെത്തുന്നത്. എന്നാൽ, ആ സഞ്ചാരം ഒറ്റയ്ക്കുള്ള ഒന്നല്ല; അത് വികസിതമാകുന്നത് ഒരു ക്രൈസ്തവ സമൂഹത്തിലാണ്; ആകയാൽ അത് ആ ക്രൈസ്തവസമൂഹത്തിന്റെ ഭാഗമാണ്.

പ്രിയ സുഹൃുത്തുക്കളേ, തിടുക്കത്തിൽ തീരുമാനങ്ങൾ എടുക്കാൻ ലോകം നിങ്ങളെ പ്രേരിപ്പിക്കുന്നു; നിങ്ങളുടെ ഹൃദയത്തോടു സംസാരിക്കുന്ന ദൈവത്തോടു തുറന്നിരിക്കുന്ന നിശബ്ദത അനുഭവിക്കുന്നതിൽനിന്നു നിരന്തരമുള്ള ഗർജനംവഴി നിങ്ങൾ തടസ്സപ്പെടുത്തപ്പെടുന്നു. എന്നാൽ, അല്പനേരം വിരാമം ഇടാൻ ധൈര്യപ്പെടുക; അത് നിങ്ങളുടെ ഹൃദയം നിങ്ങളോട് എന്തു പറയുന്നു എന്നു കേൾക്കാനും ദൈവത്തിനു നിങ്ങളെക്കുറിച്ചുള്ള സ്വപ്നം എന്താണെന്ന് മനസ്സിലാക്കാനും ആണ്. പ്രാർത്ഥനയിലെ നിശബ്ദത അനിവാര്യമാണ്; നമ്മുടെ ജീവിതങ്ങളുടെ പ്രത്യേക സാഹചര്യങ്ങളുടെ മധ്യേ ദൈവത്തിന്റെ വിളികേൾക്കാൻ പഠിക്കാനും അതിനു ബോധപൂർവവും സ്വതന്ത്രവുമായ രീതിയിൽ പ്രത്യുത്തരം നൽകാനും പ്രാർഥനയുടെ നിശബ്ദത അനിവാര്യമാണ്.

നമുക്കെല്ലാവർക്കും പ്രത്യാശയുടെ തീർഥാടകർ ആയിത്തീരാൻ സാധിക്കുമെന്ന് പ്രാർഥനാപൂർവമായ ധ്യാനം നമുക്കു മനസ്സിലാക്കിത്തരുന്നു; അത് സാധ്യമാകുന്നത് നാം നമ്മുടെ ജീവിതങ്ങളെ ഒരു ദാനമായി സമർപ്പിക്കുമ്പോഴാണ്; അതായത്, ലോകത്തിന്റെ

ഭൗതികവും അസ്തിത്വപരവുമായ പ്രാന്തപ്രദേശങ്ങളിൽ വസിക്കുന്ന വരായവരുടെ ശുശ്രൂഷയ്ക്കായി നാം നമ്മെത്തന്നെ എല്ലാറ്റിനും ഉപരിയായി പ്രതിഷ്ഠിക്കുമ്പോൾ. ഒഴിവാക്കപ്പെട്ടവരും മുറിവേറ്റവരും തിരസ്കൃതരുമായി അനുഭവപ്പെടുന്ന നമ്മുടെ ഒട്ടനവധി സഹോദരീ സഹോദരന്മാരുടെ രോദനം കേട്ടില്ലെന്നു നടിക്കാൻ ദൈവത്തിന്റെ വിളി കേൾക്കുന്നവർക്കാവില്ല. എവിടെയൊക്കെ പ്രകാശവും സമാശ്വാസവും ഏറ്റവും ആവശ്യം ആയിരിക്കുന്നുവോ അവിടെയൊക്കെ ക്രിസ്തുവിന്റെ സാന്നിധ്യമായി മാറുക എന്ന നമ്മുടെ ദൗത്യത്തിൽ നമ്മുടെ വിളി നമ്മെ ഉറപ്പിച്ചുനിർത്തുന്നു. വളരെ സവിശേഷമായവിധത്തിൽ, തങ്ങളുടെ സാമൂഹ്യവും ഉദ്യോഗപരവുമായ പ്രതിജ്ഞാബദ്ധതവഴിയായി ദൈവരാജ്യത്തിന്റെ "ഉപ്പും പ്രകാശവും പുളിമാവും" ആകാൻ അല്മായവിശ്വാസികൾ വിളിക്കപ്പെട്ടിരിക്കുന്നു.

### *ദൈവവിളികളെ അനുഗമനം ചെയ്യുന്നത്*

അതിനാൽ, അജപാലകരും ദൈവവിളി നിയന്താക്കളും (vocation directors), ഏറെ പ്രത്യേകിച്ച് അദ്ധ്യാത്മിക ഗുരുക്കൾ, താല്പര്യപൂർവം യുവജനങ്ങളെ പ്രത്യാശയിലും ക്ഷമയിലും ആശ്രയ ബോധത്തിലും അനുഗമനം ചെയ്യണം; അത് ദൈവത്തിന്റെതന്നെ ബോധനവിദ്യ (pedagogy) പ്രതിഫലിപ്പിക്കുന്ന ഒരു രീതിയായിരിക്കും. അവരെ ആദരപൂർവവും സഹിഷ്ണുതയോടും ശ്രവിക്കുന്നതിന് അവർ തയ്യാറായിരിക്കണം. അവർ വിശ്വാസമർപ്പിക്കാൻ കഴിയുന്നവരും ജ്ഞാനികളും സഹായികളായ നിയന്താക്കളും തങ്ങളുടെ സഞ്ചാരത്തിൽ ദൈവത്തിന്റെ സാന്നിധ്യത്തിന്റെ അടയാളങ്ങൾ എപ്പോഴും തിരിച്ചറിയാൻ കഴിവുള്ളവരുമായി യുവജനങ്ങൾക്കു അവരെക്കുറിച്ചു തോന്നേണ്ടിയിരിക്കുന്നു.

മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും പ്രവർത്തനമേഖലകളിലുമുള്ള ദൈവവിളികളെ പരിപോഷിപ്പിക്കാനായി എല്ലാത്തരം ശ്രമങ്ങളും കൈക്കൊള്ളണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു; അങ്ങനെ കർത്താവിന്റെ ശബ്ദത്തോട് ആത്മീയമായ തുറവുകാട്ടാൻ വ്യക്തികൾ സഹായിക്കപ്പെടണം. അതിനാൽ, വിദ്യാഭ്യാസപരവും അജപാലനപരവുമായ പദ്ധതി തയ്യാറാക്കുമ്പോൾ ദൈവവിളികളെ അനുഗമനം ചെയ്യാൻ അനുയുക്തമായ നടപടിക്രമങ്ങൾ ഉൾചേർക്കേണ്ടത് അനിവാര്യമാണ്.

ആത്മവിശ്വാസത്തോടും പ്രത്യാശയോടും കർത്താവിനോട് "അതേ" എന്നു പറയാൻ കഴിവുള്ള അജപാലകരെയും സമർപ്പിതരെയും പ്രേഷിതരെയും വിവാഹിതരെയും സഭയ്ക്ക് ആവശ്യമുണ്ട്. ഒരു ദൈവവിളി എന്നത് ഹൃദയത്തിന്റെ അഗാധത്തിൽ സൂക്ഷിച്ചുവച്ചിരിക്കേണ്ട ഒരു നിധിയല്ല; മറിച്ച് വിശ്വസിക്കുകയും സ്നേഹിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്ന ഒരു സഭാസമൂഹത്തിൽ അത് വളരുകയും ബലപ്പെടുത്തപ്പെടുകയും ചെയ്യുന്നു. ഒരാൾക്കും ഒറ്റയ്ക്ക് ദൈവത്തിന്റെ വിളിയോടു പ്രത്യുത്തരിക്കാനാവില്ല; എന്തെന്നാൽ നമുക്കെല്ലാവർക്കും നമ്മുടെ സഹോദരീസഹോദരന്മാരുടെ പ്രാർഥനയും പിന്തുണയും ആവശ്യമാണ്.

പ്രിയപ്പെട്ടവരേ, സഭ പുതിയ ദൈവവിളികൾക്ക് ജന്മം നൽകുമ്പോൾ അവൾ സജീവവും ഫലദായകവും ആണ്. പലപ്പോഴും നമ്മുടെ ലോകം, അത് അറിയാതെതന്നെ, പ്രത്യാശയുടെ സാക്ഷികളെ അന്വേഷിക്കുന്നു; ക്രിസ്തുവിനെ അനുഗമിക്കുന്നത് യഥാർത്ഥ സന്തോഷത്തിന്റെ ഉറവിടം ആണെന്ന് അപ്രകാരം ഉള്ളവർ തങ്ങളുടെ ജീവിതങ്ങൾവഴി പ്രഘോഷിക്കുന്നു. അതിനാൽ, തന്റെ വിളവിലേക്ക് പുതിയ ജോലിക്കാരെ അയ്ക്കണമേ എന്നു കർത്താവിനോട് അപേക്ഷിക്കുന്നതിൽ നാം ക്ഷീണിതരാകരുത്; വലിയ സ്നേഹത്തോടെ അവിടന്ന് തുടർന്നും അവരെ വിളിച്ചുകൊണ്ടിരിക്കുന്നു. പ്രിയപ്പെട്ട യുവജനങ്ങളേ, കർത്താവിനെ പിഞ്ചെല്ലാനുള്ള നിങ്ങളുടെ ശ്രമങ്ങളെ ഞാൻ സഭയുടെ മാതാവും ദൈവവിളികളുടെ മാതാവും ആയ മറിയത്തിന്റെ മാധ്യസ്ഥത്തിനു ഭരമേല്പിക്കുന്നു. സുവിശേഷത്തിന്റെ പാതയിൽ പ്രത്യാശയുടെ തീർഥാടകരായി മുന്നേറിക്കൊണ്ടിരിക്കുക. എന്റെ ആശീർവാദവുമായി ഞാൻ നിങ്ങളെ അനുധാവനം ചെയ്യുന്നു; നിങ്ങൾ എനിക്കുവേണ്ടികൂടെ പ്രാർഥിക്കുക.

ജെമല്ലി ആശുപത്രി, റോമാ, മാർച്ച് 19, 2025

**ഫ്രാൻസിസ് പാപ്പാ**

No.: 4100/K-5/KCBC/OL/DS 16.04.2025

# മെയ്ദിന സന്ദേശം - 2025

**കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ**

**ജൂബിലി വർഷം: "പ്രത്യാശ നമ്മെ നിരാശപ്പെടുത്തുന്നില്ല" (റോമ 5:5)**

ഈശോയിൽ പ്രിയപ്പെട്ട തൊഴിലാളി സഹോദരങ്ങളേ,

എല്ലാവർക്കും തൊഴിലാളി ദിനത്തിന്റെയും തൊഴിലാളിയായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാളിന്റെയും ആശംസകൾ പ്രാർത്ഥനാ പൂർവ്വം നേരുന്നു.

1) ആഗോള തിരുസ്സഭ ജൂബിലി വർഷാചരണത്തിന്റെ നിറവിലാണ്. "പ്രത്യാശയുടെ തീർത്ഥാടകർ" എന്നതാണ് ജൂബിലി വർഷത്തിന്റെ പരിചിന്തന വിഷയം. ജൂബിലിയുടെ ഭാഗമായി 2025 മെയ് 1 മുതൽ 4 വരെയുള്ള ദിവസങ്ങളിൽ റോമിൽ വെച്ച് തൊഴിലാളികളുടെ ജൂബിലി വർഷം പ്രത്യേകമായി ആചരിക്കപ്പെടുകയാണ്. "ഒത്തൊരുമ, പങ്കാളിത്തം, പ്രേഷിതത്വം" എന്നീ ആശയങ്ങളെ ആധാരമാക്കി 2021 മുതൽ 2024 വരെ നീണ്ടുനിന്ന സിനഡൽ സഭയ്ക്കായുള്ള മെത്രാൻ സിനഡ് സമാപിച്ചത് ഇക്കഴിഞ്ഞ ഒക്ടോബർ മാസത്തിലാണ്. സിനഡൽ തീരുമാനങ്ങൾ എല്ലാ തലങ്ങളിലും നടപ്പിലാക്കാനുള്ള തയ്യാറെടുപ്പിലാണ് തിരുസ്സഭ. ഈ രണ്ട് മഹാസംഭവങ്ങളുടെ സവിശേഷ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ തൊഴിലാളി ദിനം ആചരിക്കുന്നത്. വിവിധ തലങ്ങളിൽ തൊഴിലാളികളുടെ ഒത്തുചേരലുകൾക്കുള്ള വേദികളും സംവിധാനങ്ങളും രൂപപ്പെടുത്താനും, തിരുസ്സഭയുടെ സാമൂഹിക ശുശ്രൂഷയിൽ തൊഴിലാളികൾക്കു കൂടുതൽ പങ്കാളിത്തം നല്കി, യേശുവിന്റെ പ്രേഷിതരായി രൂപപ്പെടുത്താനും അവരെ പ്രത്യാശനിർഭരരാക്കി മുന്നോട്ട് നയിക്കാനും ഈ വർഷത്തെ തൊഴിലാളി ദിനാചാരണം നമ്മെ പ്രചോദിപ്പിക്കുന്നു.

2) അമേരിക്കയിലെ ചിക്കാഗോയിൽ, പ്രതിദിന തൊഴിൽ സമയം എട്ടു മണിക്കൂറായി നിജപ്പെടുത്തുന്നതിനായി തൊഴിലാളികൾ നടത്തിയ സംഘടിത മുന്നേറ്റത്തിന്റെ ഓർമ്മ പുതുക്കൽ എന്ന നിലയിലാണ് അന്താരാഷ്ട്ര തൊഴിലാളി ദിനമായി മെയ് 1 ആചരിക്കാൻ തുടങ്ങിയത്. പിന്നീട് ഇതര തൊഴിൽ അവകാശങ്ങൾക്കും വേണ്ടി തൊഴിലാളികൾ നടത്തിയ വലിയ സംഘടിതപോരാട്ടത്തിന്റെ ചരിത്രം ഓർമ്മിക്കുന്നതിനും, അതോടൊപ്പം സമൂഹത്തിനു തൊഴിലാളികൾ നല്കിവരുന്ന സംഭാവനകളെ ആദരിക്കുന്നതിനും കൂടിയാണ് അന്താരാഷ്ട്ര തൊഴിലാളി ദിനം ആചരിക്കുന്നത്. മെയ്ദിനത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടാണ് പരിശുദ്ധ പിയൂസ് പന്ത്രണ്ടാമൻ പാപ്പ 1955-ൽ മേയ് 1 തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ദിനമായി കൂടി പ്രഖ്യാപിച്ചത്. ഇന്ന് തൊഴിലാളികളുടെ അവകാശങ്ങളുടെയും ഐക്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും പ്രതീകമാണ് മെയ് 1.

3) ഇന്ത്യയിലെ തൊഴിൽശക്തിയുടെ എണ്ണം 59 കോടിയെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇവരിൽ അൻപത്തിയഞ്ചര കോടിയിലധികം (94 ശതമാനം) പേരും അസംഘടിത തൊഴിലാളികൾ ആണ്. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ മാർഗരേഖ പ്രകാരം തൊഴിലെടുക്കുന്ന എല്ലാവർക്കും അന്തസ്സുള്ള തൊഴിൽ ലഭിക്കേണ്ടതായുണ്ട്. ന്യായമായ വേതനം, തൊഴിൽ സംരക്ഷണം, സാമൂഹികസുരക്ഷ, നിയമപരിരക്ഷ, എന്നിവയാണ് അന്തസ്സുള്ള തൊഴിലിന്റെ അടിസ്ഥാന ഘടകങ്ങൾ. അന്തസ്സുള്ള തൊഴിൽ ലഭിക്കാത്ത തൊഴിലാളി വിഭാഗത്തെയാണ് അസംഘടിത തൊഴിലാളികൾ അഥവാ അനൗപചരിക തൊഴിലാളികൾ എന്നു വിളിക്കുന്നത്. ഇന്ത്യൻ തൊഴിൽശക്തിയിലെ 46 ശതമാനത്തിലധികം പേരും കാർഷിക മേഖലയിലാണ് തൊഴിലെടുക്കുന്നത്. അഞ്ച് ഏക്കറിൽ താഴെ കൃഷിഭൂമി സ്വന്തമായിട്ടുള്ള നാമമാത്ര-ചെറുകിട കർഷകരെയും അസംഘടിത തൊഴിലാളി വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യയിലെ അസംഘടിത തൊഴിലാളികളിലെ വലിയ വിഭാഗം കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം എന്നിവ ഉൾപ്പെട്ട പ്രാഥമിക മേഖലയിലാണ് ജീവനോപാധി കണ്ടെത്തുന്നത്. ഏതാണ്ട് നൂറ്റിയിരുപത്തഞ്ചോളം വിഭാഗം തൊഴിലാളികളെ

അസംഘടിത തൊഴിലാളികളായി കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ, കെട്ടിടനിർമ്മാണ തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, വാണിജ്യ കേന്ദ്രങ്ങളിലെ ജീവനക്കാർ, വാഹന തൊഴിലാളികൾ, കുടിയേറ്റ തൊഴിലാളികൾ, സ്വയം തൊഴിൽ കണ്ടെത്തുന്നവർ ഈ ലിസ്റ്റിലെ പ്രധാനവിഭാഗമാണ്. യൂബർ, സൊമാറ്റോ തുടങ്ങിയ മേഖലകളിൽ തൊഴിലെടുക്കുന്ന ജിഗ് തൊഴിലാളികൾ/പ്ലാറ്റ്ഫോം തൊഴിലാളികൾ എന്ന പുതിയ വിഭാഗം തൊഴിലാളികളെയും അസംഘടിത വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4) വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യമാണ് ഇന്ത്യ എന്നത് അഭിമാനകരമാണ്. രാജ്യത്തിന്റെ വളർച്ചയെ സംബന്ധിച്ച് അന്താരാഷ്ട്ര തലങ്ങളിലുള്ള പല റിപ്പോർട്ടുകളിലും അഭിനന്ദനങ്ങൾ ഏറ്റുവാങ്ങിയിട്ടുണ്ട്. 2025 ഫെബ്രുവരി മാസത്തിൽ International Monitary Fund (IMF). പ്രസിദ്ധീകരിച്ചതനുസരിച്ച് ലോകത്തിലെ ഏറ്റവും വലിയ സമ്പത്ത് വ്യവസ്ഥയിൽ അഞ്ചാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. യു. കെ., ഫ്രാൻസ്, ഇറ്റലി, കാനഡ തുടങ്ങിയ രാഷ്ട്രങ്ങൾ ഇന്ത്യയേക്കാൾ പിന്നിലാണ്. 2024-ലെ യു. എൻ. ഡി.പി. റിപ്പോർട്ടനുസരിച്ച് ലോകത്താകമാനം 110 കോടി ദരിദ്രർ ആണുള്ളത്. അതിൽ 23.4 കോടി ദരിദ്രർ വസിക്കുന്നത് ഇന്ത്യയിലാണ്. അതായത് ലോകത്തിൽ ഏറ്റവും കൂടുതൽ ദരിദ്രർ നിവസിക്കുന്ന രാഷ്ട്രം ഇന്ത്യയാണ്. രാഷ്ട്രം കൈവരിക്കുന്ന നേട്ടങ്ങൾ താഴെത്തട്ടിലേക്ക് ആനുപാതികമായി വിനിമയം ചെയ്യപ്പെടുന്നില്ല എന്നതാണ് ഇന്ത്യ അഭിമുഖീകരിക്കുന്ന വലിയ പ്രശ്നം. ഇതിന്റെ മുഖ്യകാരണമായി സാമ്പത്തിക വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നത് ഇന്ത്യൻ തൊഴിൽ ശക്തിയിലുള്ള അസംഘടിതാവസ്ഥയാണ്. അസംഘടിത തൊഴിലാളികളാണ് ഇന്ത്യയിലെ ദരിദ്രർ. തൊഴിൽ ലഭ്യതക്കുറവ്, കുറഞ്ഞ വേതനം, സാമൂഹിക സുരക്ഷയില്ലായ്മ, സമഗ്രമായ നിയമ പരിരക്ഷയില്ലായ്മ എന്നിവയാണ് അസംഘടിത തൊഴിലാളികളെ കൂടുതൽ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്നത്. അസംഘടിത തൊഴിലാളികളുടെ വരുമാനം ഉയർത്തുവാൻ ഏറെ സഹായകരമായ മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കും ഇതര സാമൂഹിക സുരക്ഷാ പദ്ധതികൾക്കും മതിയായ വകയിരുത്തൽ ഇല്ലാതെ

പോകുന്നതും ഇന്ത്യൻ ദാരിദ്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ കാര്യക്ഷമത കുറച്ചിട്ടുണ്ട്. പദ്ധതികളും പ്രഖ്യാപനങ്ങളും ധാരാളം ഉണ്ടെങ്കിലും കാര്യക്ഷമമമായി നടപ്പിലാക്കപ്പെടുന്നില്ല എന്നതാണ് യാഥാർഥ്യം. അർഹമായത് നിഷേധിക്കുകയും പ്രതിഷേധങ്ങളെ അവ ഗണിക്കുകയും ചെയ്യുന്ന സമീപനമാണ് സർക്കാരുകൾ സ്വീകരിക്കുന്നത്. മുഖ്യധാരാ ട്രേഡ് യൂണിയനുകൾ കടമ നിർവഹിക്കുന്നതിൽ പരാജയപ്പെടുകയോ അധികാരികൾക്ക് കീഴ്പ്പെടുകയോ ചെയ്തിരിക്കുന്നു. ഭരണാധികാരികളും, രാഷ്ട്രീയ കക്ഷികളും, കേന്ദ്രട്രേഡ് യൂണിയനുകളും അസംഘടിത തൊഴിലാളികളുടെ പ്രശ്നങ്ങൾ ഗൗരവതരമായി പരിഗണിക്കണം.

5) അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കാനുള്ള വിവിധ പദ്ധതികളിലൂടെയും നിയമനിർമ്മാണങ്ങളിലൂടെയും രാജ്യത്തിനു തന്നെ മാതൃകയാകാൻ കേരളത്തിനു സാധിച്ചിട്ടുണ്ട് എന്നത് അഭിമാനകരമാണ്. എന്നാൽ, തൊഴിലാളി അനുകൂല സംസ്ഥാനം എന്ന കേരളത്തിനു ചാർത്തപ്പെട്ടിട്ടുള്ള സല്പേരിനു ഇന്നു കളങ്കം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അസംഘടിത തൊഴിലാളികൾക്ക് നൽകേണ്ട പെൻഷൻ ഉൾപ്പടെയുള്ള നിരവധി ആനുകൂല്യങ്ങൾ കുടിശ്ശികയായിരിക്കുകയാണ്. സാധാരണ തൊഴിലാളികൾ നടത്തുന്ന അവകാശ സമരങ്ങളോട് നിഷേധാത്മക നിലപാടുകളാണ് അധികാരികൾ സ്വീകരിക്കാറുള്ളത്. അവകാശ സമരങ്ങളെ കേൾക്കാനും പരിഹാരം കാണാനും ജനാധിപത്യ സർക്കാരുകൾക്ക് കഴിയേണ്ടതുണ്ട്. അഭ്യസ്ഥവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ യുവജനങ്ങളെ നാടുവിടാൻ പ്രേരിപ്പിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനം, ഉല്പന്നങ്ങളുടെ വിലക്കുറവ് എന്നിവ മൂലം കാർഷിക- മത്സ്യബന്ധന മേഖലകൾ വലിയ പ്രതിസന്ധിയിലായിരിക്കുന്നു. കൂടാതെ മലയോര മേഖലയിലെ വന്യജീവികളുടെ ആക്രമണം, കടലിൽ നിന്നും മണ്ണു ഖനനം ചെയ്യാനുള്ള പുറപ്പാട് എന്നിവ കൂനിന്മേൽ കുരു എന്നതു പോലെ ആയിരിക്കുന്ന സാഹചര്യത്തിൽ തൊഴിലാളി സൗഹൃദ സംസ്ഥാനം എന്ന പദവി വീണ്ടെടുക്കാൻ സംസ്ഥാന സർക്കാരും, രാഷ്ട്രീയ കക്ഷികളും, ട്രേഡ് യൂണിയനുകളും ഒത്തൊരുമിച്ച് ശ്രമിക്കേണ്ടിയിരിക്കുന്നു.

6) ഈ ജൂബിലി വർഷത്തിൽ അസംഘടിത തൊഴിലാളികൾക്ക് പ്രത്യാശ പകർന്നു നൽകാൻ തിരുസ്സഭാ മാതാവ് എല്ലാ ക്രൈസ്ത

വരെയും ആഹ്വാനം ചെയ്യുന്നു. "ഈ കാലഘട്ടത്തിലെ മനുഷ്യരുടെ, പ്രത്യേകിച്ച് ദരിദ്രരോ ഏതെങ്കിലും വിധത്തിൽ ദുരിതമനുഭവിക്കുന്നവരോ ആയവരുടെ സന്തോഷങ്ങളും പ്രതീക്ഷകളും ദുഃഖങ്ങളും ഉത്കണ്ഠകളും, ക്രിസ്തുവിന്റെ അനുയായികളുടെ സന്തോഷങ്ങളും പ്രതീക്ഷകളും ദുഃഖങ്ങളും ഉത്കണ്ഠകളും തന്നെയാണ്." (സഭ ആധുനിക ലോകത്തിൽ, 1) എന്നതാണ് തിരുസഭയുടെ കാഴ്ചപ്പാട്. "ദൈവത്തിലേക്ക് നാം ദൃഷ്ടികൾ ഉയർത്തുമ്പോൾ, ചരിത്രത്തിലെ ദുരന്തങ്ങളിൽ നിന്ന് അത് നമ്മെ അകറ്റുന്നില്ല. പകരം, അത് നമ്മുടെ ചുറ്റുമുള്ളവരുടെ കഷ്ടപ്പാടുകളിലേക്ക് കൂടി നമ്മുടെ കണ്ണുകൾ തുറക്കുന്നു". (ഫ്രാൻസിസ് പാപ്പ, സിനഡിന്റെ അന്തിമ പ്രസ്താവന നമ്പർ 2).

7) കെ.സി.ബി.സി. ലേബർ കമ്മീഷന്റെ ഔദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെൻറ് കെ.എൽ.എം. സി.ബി.സി.ഐ. ലേബർ കമ്മീഷന്റെ ഔദ്യോഗിക സംഘടനയായ വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരള റീജണൽ ഘടകമാണ്. KLM ന്റെയും തൊഴിലാളി ഫോറങ്ങളുടെയും യൂണിറ്റുകൾ എല്ലാ ഇടവകകളിലും സ്ഥാപിക്കപ്പെടണം. KLM വഴി എല്ലാ തൊഴിലാളികളെയും ഏതെങ്കിലും സാമൂഹിക സുരക്ഷാ പദ്ധതികളുടെ ഭാഗമാക്കണം. തൊഴിലാളികളുടെ വരുമാന സുരക്ഷ ഉറപ്പാക്കാനും, സമ്പാദ്യശീലം വർദ്ധിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം. തൊഴിലാളി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനായി അല്മായർക്ക് പരിശീലനം നൽകി അവരെ സജ്ജരാക്കണം. മെയ് ദിനാചരണത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും പ്രത്യേക പരിപാടികൾ ആവിഷ്കരിക്കണം.

8) ജൂബിലി വർഷസന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ പറഞ്ഞിട്ടുള്ളതുപോലെ, "ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ പോലും ഇല്ലാത്ത കോടിക്കണക്കിന് ദരിദ്രർക്ക് പ്രത്യാശ നൽകണമെന്ന് ഞാൻ പൂർണ്ണഹൃദയത്തോടെ അപേക്ഷിക്കുന്നു. പുതിയ തരത്തിലുള്ള ദാരിദ്ര്യത്തിന്റെ നിരന്തരമായ വേലിയേറ്റത്തിന് മുമ്പ്, നമുക്ക് എളുപ്പത്തിൽ നിരാശരാകാനും നിസ്സംഗരാകാനും കഴിയും. എന്നിരുന്നാലും, ലോകത്തിന്റെ ചില ഭാഗങ്ങളിൽ മാത്രമല്ല, നമുക്ക് ചുറ്റും ഇപ്പോൾ നേരിടുന്ന നാടകീയമായ സാഹചര്യങ്ങൾക്ക് നേരെ നാം കണ്ണടയ്ക്കരുത്'... നമ്മൾ മറക്കരുത്: ദരിദ്രർ എല്ലായ്പ്പോഴും ഇരകളാണ്, കുറ്റപ്പെടുത്തേണ്ടവരല്ല" (ജൂബിലി വർഷ സന്ദേശം,15).

**ഉപസംഹാരം**

"ശിമയോൻ പറഞ്ഞു: ഗുരോ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഞങ്ങൾക്ക് ഒന്നും കിട്ടിയില്ല. എങ്കിലും നീ പറഞ്ഞതനുസരിച്ച് ഞാൻ വലയിറക്കാം. വലയിറക്കിയപ്പോൾ വളരെയേറെ മത്സ്യങ്ങൾ അവർക്ക് കിട്ടി. അവരുടെ വല കീറിത്തുടങ്ങി" (ലൂക്ക 5:5,6). പ്രിയ തൊഴിലാളി സഹോദരങ്ങളെ, നിരവധി പ്രതിസന്ധികളിലൂടെയാണ് നമ്മുടെ കുടുംബങ്ങൾ കടന്നു പോകുന്നതെന്നറിയാം. വിശുദ്ധ ശെമയോൻ പത്രോസിനെ പോലെ പ്രത്യാശയോടെ ദൈവാനുഗ്രഹത്തോടെ നമുക്ക് മുന്നേറാം. തൊഴിലാളിമദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ പ്രത്യേക മാദ്ധ്യസ്ഥം പ്രാർത്ഥിക്കുന്നു.

നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപ എല്ലാവരിലും ഉണ്ടാകട്ടെ.

കെ.സി.ബി.സി ലേബർ കമ്മീഷനുവേണ്ടി,

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
(ചെയർമാൻ, കെ.സി.ബി.സി., ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി., ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോർജ് മഠത്തികണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി., ലേബർ കമ്മീഷൻ)

പി. ഒ. സി., കൊച്ചി 682 025
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം

N.B.: 2025 ഏപ്രിൽ 27 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപന ങ്ങളിലും ഇതു വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

**Mar Raphael Thattil**
Major Archbishop of the Syro-Malabar Church

Prot. No. 0347/2025 24 April 2025

## പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പയുടെ കബറടക്കം

അഭിവന്ദ്യ പിതാക്കന്മാരേ, ബഹു. വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരിസഹോദരങ്ങളേ,

നിങ്ങൾക്കറിയാവുന്നതുപോലെ കാലംചെയ്ത പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പയുടെ മൃതസംസ്കാരകർമത്തോടനുബന്ധിച്ചുള്ള വിശുദ്ധ കുർബാന വത്തിക്കാൻ ബസിലിക്കയുടെ മുൻഭാഗത്ത് 2025 ഏപ്രിൽ 26 ശനിയാഴ്ച ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് 1.30ന് (ഇറ്റാലിയൻ സമയം രാവിലെ 10 മണി) ആരംഭിക്കുന്നു. വിശുദ്ധ കുർബാന അർപ്പണത്തിനുശേഷം കബറടക്കുന്നതിനായി മാർപാപ്പയുടെ ഭൗതികദേഹം റോമിലെ മേരി മേജർ ബസിലിക്കയിലേക്ക് കൊണ്ടുപോകുന്നതാണ്.

സുപ്രധാനവും എന്നാൽ ദുഃഖകരവുമായ ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദേശങ്ങൾ പാലിക്കുന്നതിന് എല്ലാവരുടെയും സഹകരണം അഭ്യർഥിക്കുന്നു:

- പരിശുദ്ധ പിതാവിന്റെ കബറടക്കം നടക്കുന്ന ഏപ്രിൽ 26-ാം തീയതി ശനിയാഴ്ച നമ്മുടെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും പരിശുദ്ധ പിതാവിനുവേണ്ടി ദൈവകരുണ യാചിച്ചുകൊണ്ടു വിശുദ്ധ കുർബാനയും ചെറിയ ഒപ്പീസും നടത്തേണ്ടതാണ്.

- ക്രിസ്തുവിന്റെ വികാരിയായ കാലംചെയ്ത സഭാതലവനോടുള്ള ആദരം പ്രകടിപ്പിച്ചുകൊണ്ട് കബറടക്കംനടക്കുന്ന ദിവസം സാധിക്കുന്നിടത്തോളം നമ്മുടെ എല്ലാ സ്ഥാപനങ്ങൾക്കും അവധി നല്കേണ്ടതാണ്. അന്നേദിവസം ക്രമീകരിച്ചിട്ടുള്ള എല്ലാ ആഘോഷങ്ങളും സമ്മേളനങ്ങളും ഉപേക്ഷിക്കുകയോ മറ്റൊരുദിവസത്തേക്കു മാറ്റിവയ്ക്കുകയോ ചെയ്യേണ്ടതാണ്.

- ഭാരത കത്തോലിക്കാമെത്രാൻസമിതിയുടെ പ്രസിഡണ്ട് നല്കിയിരിക്കുന്ന നിർദേശമനുസരിച്ച് ഭാരതം മുഴുവനിലും നമ്മൾ ആചരിച്ചുവരുന്ന ഒൻപതു ദിവസത്തെ ദുഃഖാചരണം 2025 ഏപ്രിൽ 29 ചൊവ്വാഴ്ചയാണ് അവസാനിക്കുന്നത്. ആ ദിവസംവരെ എല്ലാ ആഘോഷങ്ങളും മറ്റു സമ്മേളനങ്ങളും നടത്തുന്നത് ഒഴിവാക്കേണ്ടതാണ്. ഇടവകത്തിരുനാൾ തുടങ്ങിയ ആരാധനാക്രമപരമായ കർമങ്ങൾ ആഘോഷങ്ങൾ ഒഴിവാക്കി ലളിതമായി നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

- കബറടക്കം നടക്കുന്ന ദിവസംമുതൽ ആഗോളസഭ കാലംചെയ്ത പരിശുദ്ധ പിതാവിനുവേണ്ടി ഒൻപതുദിവസങ്ങൾ പരമ്പരാഗതമായ പ്രത്യേക പ്രാർഥനാദിനങ്ങളായി ആചരിക്കുന്നു. പ്രാർഥനയുടെ ഈ കാലഘട്ടത്തിൽ ആഗോളസഭയോട് ആത്മീയമായി നമുക്കു ചേർന്നുനില്ക്കാം. പരിശുദ്ധ പിതാവിനുവേണ്ടിയുള്ള പ്രാർഥനയുടെ ഈ കാലഘട്ടം അവസാനിക്കുന്ന മെയ് നാലുവരെ എല്ലാ ആഘോഷങ്ങളിലും മിതത്വംപാലിക്കേണ്ടതാണ്.

വാക്കിലും പ്രവൃത്തിയിലും സുവിശേഷത്തിനു സാക്ഷ്യംവഹിച്ചു ദൈവജനത്തെ വിശ്വസ്തതയോടെ നയിച്ച പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പയെപ്രതി നമുക്കു ദൈവത്തിനു നന്ദിപറയാം. അതോടൊപ്പം, തിരുസഭയെ വിശുദ്ധിയിലും സത്യത്തിലും നയിക്കാൻ നല്ലയിടയനായ ഈശോയുടെ ഹൃദയത്തിനുചേർന്ന ഒരു മാർപാപ്പയെ തിരഞ്ഞെടുക്കുന്നതിനുവേണ്ടി ചേരാനിരിക്കുന്ന കർദിനാൾമാരുടെ കോൺക്ലേവിൽ പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ വഴിനടത്തൽ ഉണ്ടാകുന്നതിനുവേണ്ടി നമുക്ക് ഈ ദിവസങ്ങളിൽ തീക്ഷ്ണമായി പ്രാർഥിക്കാം.

പ്രാർഥനയുടെ ഐക്യത്തിൽ ഈശോയിൽ സ്നേഹത്തോടെ,

✠ റാഫേൽ തട്ടിൽ
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

Mar Raphael Thattil, Major Archbishop of the Syro-Malabar Church

Syro-Malabar Major Archiepiscopal Curia | Mount St. Thomas, P.B. No. 3110, Kakkanad P.O., Kochi - 682030, Kerala, India | Tel: 0484-2428271 | Email: majorarchbishop@gmail.com Website: www.syromalabarchurch.in

കച്ചേരിക്കാര്യം

# Transfers/Appointments of Priests

## April 2025

| | |
|---|---|
| Kureeckal Joseph | Retired (Vijo Bhavan, Thrikkakara) |
| Kodiyan Joseph | Konoor - Vicar |
| Manikathan George | Retired (St. Paul's Priest Home, Edakkunnu) |
| Pottackal Varghese (Joshy) | Manjapra - Vicar |
| Thekkanath Paul (Biju) | Choondy - Bharata Mata School of Legal Studies - Acting Executive Director |
| Urakkadan Sebastian | Udayamperoor - Vicar |
| Vadakkumpadan Sebastian (Jr.2) | Relieved - Choondy, Bharata Mata School of Legal Studies - Executive Director |

*Chancellor*

## DISMISSAL

Rev. Fr. Paul Puthuva VC, the Provincial Superior of Mary Matha Province of the Vincentian Congregation has informed the Vicar of the Major Archbishop for Ernakulam-Angamaly that **Rev. Fr**. **Paul Kanichukattu VC,** from St. Joseph's Church, South Thuravoor (Archeparchy of Ernakulam-Angamaly), belonging to the Vincentian Congregation, is dismissed. As a result of the dismissal, he is also dispensed from all the obligations of his profession and cease to be a member of the Vincentian Congregation.

Chancellor
Archeparchy of Ernakulam-Angamaly

ekmdiocese.com
Archdiocesan Internet Mission
Archdiocese of Ernakulam-Angamaly

**സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരേ,**

നമ്മുടെ ഇടവകകളിലെ ഡേറ്റകൾ Centralize ചെയ്യുന്നതിന്റെ ഭാഗമായി ekmdiocese എന്ന വെബ് ആപ്ലിക്കേഷൻ അതിരൂപതയിൽനിന്നും 2016 മുതൽ പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല, ആപ്ലിക്കേഷന്റെ പ്രവർത്തന ത്തിനുവേണ്ടി server charge ഇനത്തിൽ മാസംതോറും വളരെ വലിയ തുക നൽകി വരുന്നു, എന്നാൽ, കൃത്യമായ updation നുകൾ എല്ലാ പള്ളികളും യഥാസമയം നടത്താത്തതിനാൽ വർഷംതോറും ഭീമമായ തുക (ഏകദേശം 40 ലക്ഷം രൂപ) അതിരൂപതയിൽനിന്നും നൽകി കൊണ്ട് സേവനം തുടരാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്.

നിലവിലെ ഡേറ്റാബേസ് കണക്കുകൾ പ്രകാരം അതിരൂപതയിലെ 325 പള്ളികളിൽ, 10-ൽ താഴെ പള്ളികൾ മാത്രമാണ് നിരന്തരമായി സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നത്. കൂടാതെ, സർട്ടിഫിക്കറ്റ് പ്രിൻറ് ചെയ്യുന്നതിനായി 25-ൽ താഴെ പള്ളികളാണ് ഈ വെബ് ആപ്ലിക്കേഷൻ ഉപയോഗിക്കുന്നത് (2025 ജനുവരി മാസത്തെ കണക്കുകൾ പ്രകാരം).

ആയതിനാൽ, ഈ സൗകര്യം ആവശ്യമുള്ള ഇടവകകൾ 2025 ജൂൺ മാസം മുതൽ **Theosys Infotech Pvt. Ltd.** (Contact No.: 9818294959, E-mail: support@theosys.com) എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് തുടർന്നും ഈ സേവനം ഉപയോഗിക്കാവുന്നതാണ്. ഇപ്രകാരം ചെയ്യുമ്പോൾ Basic Charge -നു പുറമെ ഇടവകാംഗങ്ങളുടെ എണ്ണത്തി നനുസരിച്ചുള്ള തുക കൂടി അതാത് ഇടവകയിൽനിന്നും നൽകിയാൽ മതിയാകും.

**ekmdiocese** എന്ന വെബ് ആപ്ലിക്കേഷന്റെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ് അതിരൂപതയിൽനിന്നും നൽകുന്നതാണ്.

ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി
പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്

# വാർത്തകളും വിശേഷങ്ങളും

## പാപ്പായുടെ മരണശേഷമുള്ള കർദ്ദിനാൾ സംഘത്തിന്റെ പ്രഥമ ഔദ്യോഗിക പൊതുസമ്മേളനം നടന്നു

ഫ്രാൻസിസ് പാപ്പായുടെ മരണശേഷം കർദ്ദിനാൾ സംഘം, നിയമപരമായ ക്രമമനുസരിച്ചുള്ള പ്രഥമ ഔദ്യോഗിക പൊതുസമ്മേളനം 2025 ഏപ്രിൽ 22 ചൊവ്വാഴ്ച രാവിലെ 9.00 മുതൽ 10.30 വരെ നടന്നു. അറുപതോളം കർദ്ദിനാൾമാരുടെ സാന്നിദ്ധ്യത്തിലായിരുന്നു സമ്മേളനം നടന്നത്. പരിശുദ്ധസിംഹാസനം ഒഴിഞ്ഞുകിടക്കുന്നതുമുതൽ പുതിയ പാപ്പായെ തിരഞ്ഞെടുക്കുന്നതുവരെയുള്ള സമയത്ത് സഭാപരമായ കാര്യക്രമങ്ങൾ സംബന്ധിച്ചുള്ള "യൂണിവേഴ്സി ദൊമിനിചി ഗ്രേജിസ്" എന്ന അപ്പസ്തോലിക ഭരണഘടനാച്ചട്ടങ്ങൾ വിശ്വസ്തതാപൂർവ്വം പാലിച്ച് പ്രവർത്തിക്കുമെന്ന് കർദ്ദിനാൾമാർ വാഗ്ദാനം ചെയ്തു. തുടർന്ന് അദ്സുമൂസ് (Adsumus) എന്ന ഗാനം ആലപിക്കപ്പെട്ടു.

പാപ്പായുടെ മരണത്തോടെ, വത്തിക്കാനിൽ പ്രത്യേകമായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന 'കാമറലെങ്കോ' എന്ന സ്ഥാനം വഹിക്കുന്ന കർദ്ദിനാൾ കെവിൻ ഫാറലിനെ സഹായിക്കാനായുള്ള കമ്മീഷനിലേക്കായി മൂന്ന് കർദ്ദിനാൾമാരെ തിരഞ്ഞെടുത്തു. കർദ്ദിനാൾ മാർക്കിടയിലെ മൂന്ന് വ്യത്യസ്തക്രമങ്ങളായ, 'മെത്രാൻ, പുരോഹിതൻ, ഡീക്കൻ' എന്നീ തലങ്ങളിൽനിന്ന്, ക്രമപ്രകാരം, കർദ്ദിനാൾ പരൊളീൻ, റൈൽക്കോ, ബാജ്ജ്യോ എന്നിവരെയാണ് നിലവിൽ തിരഞ്ഞെടുത്തിരിക്കുന്നത്. സാധാരണക്രമത്തിലുള്ള തീരുമാനങ്ങൾ എടുക്കുന്നതിന് അധികാരമുള്ള ഈ കമ്മീഷന്റെ അംഗങ്ങളെ ഓരോ മൂന്ന് ദിവസങ്ങൾ കൂടുന്തോറും തിരഞ്ഞെടുക്കുകയാണ് പതിവ്.

ഏപ്രിൽ 22 ചൊവ്വാഴ്ച വൈകുന്നേരം വിശുദ്ധ പത്രോസിന്റെ ചത്വരത്തിൽ ഫ്രാൻസിസ് പാപ്പായ്ക്കുവേണ്ടി അർപ്പിക്കപ്പെട്ട ജപമാല പ്രാർത്ഥനയ്ക്ക് കർദ്ദിനാൾ തിരുസംഘത്തിന്റെ ഡീൻ കർദ്ദിനാൾ ജ്യോവാന്നി ബാത്തിസ്ത്ത റേ നേതൃത്വം നൽകി.

പാപ്പായുടെ മൃതസംസ്കാരച്ചടങ്ങുകൾക്കുശേഷം, ഏപ്രിൽ 27 ഞായറാഴ്ച വിശുദ്ധ പത്രോസിന്റെ ചത്വരത്തിൽ കർദ്ദിനാൾ പിയെത്രോ പരൊളീൻ മുഖ്യകാർമ്മികനായി വിശുദ്ധബലി അർപ്പിച്ചു.

പാപ്പായ്ക്കുവേണ്ടി അർപ്പിക്കപ്പെടുന്ന നൊവേനകുർബാനയിൽ രണ്ടാമത്തേതായിരുന്നു ഇത്. തുടർന്നുള്ള ഏഴ് ദിവസങ്ങളിൽ വൈകുന്നേരം അഞ്ചുമണിക്ക് പാപ്പായ്ക്കുവേണ്ടി വിശുദ്ധബലി അർപ്പിക്കപ്പെടും.

## കോൺക്ലേവിന് മുന്നോടിയായി വത്തിക്കാനിലെ സിസ്റ്റൈൻ ചാപ്പൽ അടച്ചു

ഫ്രാൻസിസ് മാർപാപ്പയുടെ പിൻഗാമിയെ തെരഞ്ഞെടുക്കുന്ന കോൺക്ലേവിന് മുന്നോടിയായി വത്തിക്കാനിലെ സിസ്റ്റൈൻ ചാപ്പൽ അടച്ചു. അടുത്ത പോപ്പിനെ തെരഞ്ഞെടുക്കാൻ വത്തിക്കാനിൽ ഒത്തുകൂടുന്ന കർദിനാൾമാരെ സ്വാഗതം ചെയ്യാനായി സിസ്റ്റൈൻ ചാപ്പൽ ഒരുക്കുകയാണ്. മാർപാപ്പ തെരഞ്ഞെടുപ്പിലെ വോട്ടെടുപ്പിന് ശേഷം ബാലറ്റുകൾ കത്തിക്കുന്ന ചിമ്മിനി സ്ഥാപിക്കൽ തുടങ്ങി നിരവധി ഒരുക്കങ്ങൾ പൂർത്തിയാകാനുണ്ട്. ഇപ്പോൾ മാർപാപ്പയുടെ മരണത്തെ തുടർന്നുള്ള ഒമ്പത് ദിവസത്തെ ദുഃഖാചരണത്തിലാണ് സഭ.

പാപ്പയെ തെരഞ്ഞെടുക്കാനുള്ള കോൺക്ലേവ് എത്ര കാലം നീണ്ടുനിൽക്കുമെന്നും പ്രവചിക്കാനാകില്ല. അടുത്ത കാലം വരെ മാർപാപ്പയുടെ ധ്യാന ഗുരുവായി പ്രവർത്തിച്ചിരുന്ന വ്യക്തിയാണ് കർദിനാൾ കാൻഡലമെസ്സ. ഇദ്ദേഹം നയിക്കുന്ന ധ്യാനത്തോടെയാണ് കോൺക്ലേവ് തുടങ്ങുക. 2025 മെയ് 5 നും മെയ് 10 നും ഇടയിൽ കോൺക്ലേവ് ആരംഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കോൺക്ലേവ് ആരംഭിക്കുമ്പോൾ, കർദ്ദിനാൾമാർ വിശുദ്ധ വചനങ്ങൾ ചൊല്ലും, പിന്നാലെ ചാപ്പലിലേക്ക് കയറി രഹസ്യ സത്യപ്രതിജ്ഞയെടുക്കും. തുടർന്ന്, സിസ്റ്റൈൻ ചാപ്പലിന്റെ കട്ടിയുള്ള ഇരട്ട വാതിലുകൾ അടയ്ക്കും. ധ്യാന ഗുരു 'എല്ലാവരും പുറത്തുവരൂ' എന്നർത്ഥമുള്ള 'എക്സ്ട്രാ ഓമ്നെസ്' എന്ന ലാറ്റിൻ വാക്കുകൾ ഉച്ചരിക്കും.

വോട്ടവകാശത്തിൽ ബാഹ്യ ഇടപെടലുകൾ ഉണ്ടാകാൻ പാടില്ലെന്ന ലക്ഷ്യത്തോടെയുള്ള പരമ്പരാഗത രീതിയെന്ന നിലയിൽ രഹസ്യമായി മാർപാപ്പ തെരഞ്ഞെടുപ്പ് നടക്കുന്നത്. സിസ്റ്റൈൻ ചാപ്പലിലെ ചിമ്മിനിയിൽ നിന്ന് കറുത്ത പുകയാണ് ഉയരുന്നതെങ്കിൽ മാർപാപ്പ തെരഞ്ഞെടുപ്പിലെ വോട്ടിങ്ങിൽ ഒരാൾ പോലും മൂന്നിൽ രണ്ട് ഭൂരിപക്ഷം നേടിയിട്ടില്ലെന്ന് സൂചിപ്പിക്കുന്നതാണ്. നീണ്ട നടപടിക്രമങ്ങൾക്ക് ഒടുവിൽ പോപ്പിനെ തെരഞ്ഞെടുത്താൽ വെളുത്ത പുക

ഉയരുകയും മണികൾ മുഴങ്ങുകയും ചെയ്യും. ഫ്രാൻസിസ് പാപ്പായെ തെരഞ്ഞെടുത്ത 2013-ലെ കോൺക്ലേവിൽ പകുതിയിലേറെയും യൂറോപ്പിൽ നിന്നുള്ള കർദിനാൾമാരായിരുന്നു. ഇത്തവണ യൂറോപ്പിന്റെ പ്രാതിനിധ്യം 39 ശതമാനമാണ്. അതിൽ തന്നെ 17 പേർ ഇറ്റലിക്കാരാണ്.

---



# നിര്യാതരായി



**സിസ്റ്റർ അനിത CMC**
സെന്റ് ട്രീസാസ് കോൺവെന്റ്, കൂനമ്മാവ്

ജനനം : 18-03-1944
ആദ്യവ്രതം : 09-05-1970
മരണം : 30-03-2025



**സിസ്റ്റർ ആഗ്നസ് പോൾ CMC**
മേഴ്സി കോൺവെന്റ്, അശോകപുരം

ജനനം : 30-06-1947
ആദ്യവ്രതം : 07-04-1969
മരണം : 11-04-2025



**സിസ്റ്റർ ബെറ്റി ജോൺ CMC**
വിമല ഭവൻ, തൃക്കാക്കര

ജനനം : 15-08-1944
ആദ്യവ്രതം : 04-04-1967
മരണം : 15-04-2025



**സിസ്റ്റർ ലിസ്സി ജോസഫ് FCC**
എസ്.എച്ച്. പ്രോവിൻസ്, എറണാകുളം

ജനനം : 02-06-1939
ആദ്യവ്രതം : 07-05-1964
മരണം : 19-04-2025

# വിശ്വാസപരിശീലനകേന്ദ്രം

1. **പ്രധാനാധ്യാപകരുടെ നിയമനം:** പ്രധാനാധ്യാപകരുടെ കാലാവധി മൂന്നു വർഷമാണെന്ന് ഓർമ്മിപ്പിക്കട്ടെ. മൂന്നു വർഷം കഴിഞ്ഞ് പ്രധാനാധ്യാപകന്/ പ്രധാനാധ്യാപികയ്ക്ക് പകരമായി പുതിയ പ്രധാനാധ്യാപകനെ/പ്രധാനാധ്യാപികയെ തെരഞ്ഞെടുക്കുകയും ആ വിവരം വിശ്വാസപരിശീലന കേന്ദ്ര ഓഫീസിൽ അറിയിക്കുകയും ചെയ്യുമല്ലൊ. ഏതെങ്കിലും പ്രത്യേകസാഹചര്യത്തിൽ മാത്രമാണ് മൂന്ന് വർഷം തികഞ്ഞെങ്കിലും പ്രധാനാധ്യാപകന്/പ്രധാനാധ്യാപികയ്ക്ക് കാലാവധി നീട്ടിക്കൊടുക്കുന്നത്. അപ്രകാരം ചെയ്യുന്നുണ്ടെങ്കിൽ കേന്ദ്ര ഓഫീസിൽ അറിയിക്കണം. എങ്കിൽമാത്രമേ HM's ന്റെ Updation ഓഫീസിൽ രേഖപ്പെടുത്തുവാനും കാറ്റിക്കിസം സംബന്ധമായ സന്ദേശങ്ങൾ അയച്ചുകൊടുക്കുവാനും സാധിക്കുകയുള്ളു. ഈ വിവരങ്ങൾ വികാരിയച്ചന്റെ സാക്ഷിപത്രത്തോടുകൂടിയാണ് കേന്ദ്ര ഓഫീസിനെ അറിയിക്കേണ്ടത്. ആറ് വർഷത്തിലധികം ഒരാൾ പ്രധാനാധ്യാപകൻ/ പ്രധാനാധ്യാപികയായി തുടരാൻ അനുവദിക്കുകയില്ല (*വചനദീപം* 2024-2025 പേജ് 101-102).

2. **പുതിയ അധ്യാപകരുടെ നിയമനം:** പുതിയ അധ്യാപകരായി നിയമിക്കപ്പെടുന്നവർ വിശ്വാസപരിശീലന കേന്ദ്ര ഓഫീസ് നടത്തുന്ന അടിസ്ഥാനപരിശീലനപരിപാടിയിൽ നിർബന്ധമായി പങ്കെടുക്കണം. വിശ്വാസപരിശീലനരംഗത്തെ എല്ലാ മേഖലകളിലും (കുട്ടികളോടൊപ്പം വിശുദ്ധ കുർബാനയിലും, അതിരൂപത, ഫൊറോന, ഇടവക ക്രമീകരിക്കുന്ന എല്ലാ പ്രവർത്തനതലങ്ങളിലും) പൂർണ്ണമായി സഹകരിക്കാൻ സന്നദ്ധതയുള്ള അധ്യാപകരെ തിരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലൊ (*വചനദീപം* 2024-2025 പേജ് 101-102).

3. **AI Seminar for Catechism Teachers:** അതിരൂപതയിലെ വിശ്വാസപരിശീലന അദ്ധ്യാപകർക്ക് വേണ്ടി 2025 മെയ് 4-ാം തീയതി ഞായറാഴ്ച കലൂർ റിന്യൂവൽ സെന്ററിൽ വച്ച് **AI Seminar** നടത്തപ്പെടുന്നു.

4. **2024-2025 അദ്ധ്യയന വർഷത്തിലെ രണ്ടാം വർഷ ഡിപ്ലോമ (ക്ലാസ്സ് XII) റസിഡൻഷ്യൽ കോഴ്സ് 2nd Session: 2025 മെയ് 08, 09 (വ്യാഴം, വെള്ളി) തീയതികളിൽ. സ്ഥലം: റിന്യൂവൽ സെന്റർ, ആസാദ് റോഡ്, കലൂർ, എറണാകുളം.**

5. **Catechism Teachers Basic Orientation Course:** അതിരൂപതയിൽ വിശ്വാസപരിശീലന ശുശ്രൂഷയിൽ പങ്കാളികളാകുന്ന എല്ലാ അദ്ധ്യാപകരും അടിസ്ഥാനപരിശീലനം ലഭിച്ചവരാകണം എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. ഈ വർഷം അദ്ധ്യാപനരംഗത്തേക്കു കടന്നുവരുന്നവരും കേന്ദ്ര ഓഫീസ് ഇതുവരെ സംഘടിപ്പിച്ച അടിസ്ഥാന പരിശീലനക്ലാസിൽ പങ്കെടുത്തിട്ടില്ലാത്തവരുമായവർ ഈ കോഴ്സിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മുഴുവൻ സമയവും പങ്കെടുത്താൽ മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. **2025 മെയ് 10, 11 തീയതികളിൽ ഈ വർഷത്തെ ആദ്യത്തെ Residential Catechism Teachers Basic Orientation Course റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. പങ്കെടുക്കുന്ന അധ്യാപക രുടെ പേരുകൾ ഫൊറോന സെക്രട്ടറിമാരുടെ പക്കൽ നൽകു കയും രജസ്ട്രേഷൻ ഫീസ് (750 രൂപ) കോഴ്സിനു വരുമ്പോൾ അധ്യാപകർ നേരിട്ട് അടച്ചാൽമതിയാകും.**

6. **കാറ്റിക്കിസം ജനറൽ കൗൺസിലിന്റെയും പ്രധാനാധ്യാപകരുടെയും മീറ്റിങ്:** മെയ് 18-ാം തീയതി ഞായറാഴ്ച ജനറൽ കൗൺസിലിന്റെയും പ്രധാനാധ്യാപകരുടെയും മീറ്റിങ് രാവിലെ 10.00 മുതൽ 12.30 വരെ റിന്യൂവൽ സെന്ററിൽ. (രാവിലെ 8.30-ന് വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതാണ്)

7. **വിശ്വാസപരിശീലനവർഷം ഉദ്ഘാടനവും അവാർഡ് ദാനവും മെയ് 18 ഞായറാഴ്ച**: 2025-26 വിശ്വാസപരിശീലനവർഷം ഉദ്ഘാടനവും എറണാകുളം-അങ്കമാലി അതിരൂപതയിൽ 2025-26 വിശ്വാസപരിശീലനവർഷത്തിൽ സമ്മാനാർഹരായവർക്കുള്ള സമ്മാനദാനവും അതിരൂപതാതലത്തിൽ ഉച്ചകഴിഞ്ഞ് 02.00 മണി മുതൽ 04.30 വരെ.

8. **വിശ്വാസപരിശീലകരുടെ പ്രാർത്ഥനാദിനം:** മെയ് 25-ാം തീയതി ഫൊറോനകളുടെയോ ഇടവകയുടെ സഹചര്യം കണക്കിലെടുത്ത് ഫൊറോന തലത്തിലോ ഇടവക തലത്തിലോ വിശ്വാസപരിശീലകരുടെ പ്രാർത്ഥനാദിനം ക്രമീകരിക്കാവുന്നതാണ്.

9. **2025 ജൂൺ 1-ാം തീയതി ഞായറാഴ്ച: ഇടവക തലത്തിലുള്ള വിശ്വാസപരിശീലനവർഷം ഉദ്ഘാടനവും വിശ്വാസപരിശീലന ക്ലാസ്സുകളുടെ ആരംഭവും.**

10. **സന്മാർഗബോധനവർഷം ഉദ്ഘാടനം ജൂൺ 13 ശനിയാഴ്ച:** സന്മാർഗബോധന ക്ലാസ്സുകൾ നടത്തുന്ന സ്ക്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെയും ആനിമേറ്റേഴ്സിന്റേയും യോഗവും സന്മാർഗബോധനവർഷ ഉദ്ഘാടനവും ജൂൺ 13 ശനിയാഴ്ച റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

---

# AICO

## (Archdiocesan Institutions' Central Office)

---

**ബോർഡ് മീറ്റിംഗ്**

ഏപ്രിൽ 25 നൈപുണ്യ പബ്ലിക് സ്കൂൾ, എടക്കുന്ന്

**സൈറ്റ് വിസിറ്റ് / കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ്**

| | |
|---|---|
| മാർച്ച് 26 | ഉദയംപേരൂർ സൂനഹദോസ് ചർച്ച് |
| മാർച്ച് 27 | ഉദയംപേരൂർ സൂനഹദോസ് ചർച്ച് |
| ഏപ്രിൽ 03 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| ഏപ്രിൽ 08 | ജിയോ സെന്റർ, ചക്കരപ്പറമ്പ് |
| ഏപ്രിൽ 09 | സെന്റ് മേരീസ് ചർച്ച്, തുണ്ടത്തും കടവ്, വരാപ്പുഴ |
| ഏപ്രിൽ 10 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| ഏപ്രിൽ 24 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

# ഫാമിലി അപ്പോസ്തലേറ്റ്

Family Apostolate Centre Ernakulam (FACE) (Reg.No.43/IV/2018)
Jeevalaya Family Park, Chengal,Kalady 683574.
Ph: 0484-2462607, 8281544111

Renewal Centre, Azad Road Kaloor, Ph: 0484-2533077
Web: www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2025 മെയ് – ജൂൺ

### വിവാഹഒരുക്ക ധ്യാനം (MPR)

| | |
|---|---|
| മെയ് 13-15 (കാലടി) | ജൂൺ 09-11 (കലൂർ) |
| മെയ് 19-21 (കലൂർ) | ജൂൺ 17-19 (കാലടി) |
| മെയ് 27-29 (കാലടി) | ജൂൺ 24-26 (കാലടി) |

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### Teens Fest (13 വയസ്സുമുതൽ 18 വരെ)

മെയ് 15-17 (50 പേർക്ക് മാത്രം)

### സ്നേഹജ്വാല (ദാമ്പത്യ പരിപോഷണ പരിശീലനം)

മെയ് 10-12 - സാൻജോപുരം
മെയ് 23-25 - ചാലിൽ

### ദമ്പതി ധ്യാനം (Contact Number: 8078334522)

മെയ് 09-11 (20 ദമ്പതികൾക്ക് മാത്രം)

### സിംഗിൾ പേരൻറിംഗ് (Contact Number: 9400929111)

മെയ് 23-25

### Love Forever - മെയ് 18

### ഫൊറോന കുടുംബപ്രേഷിത ഫോറം യോഗം (FFAFM)

| | |
|---|---|
| മെയ് 04 | - മൂക്കന്നൂർ, കറുകുറ്റി, മഞ്ഞപ്ര, കാഞ്ഞൂർ, വല്ലം |
| മെയ് 10 | - പറവൂർ |
| മെയ് 11 | - കൊരട്ടി, മൂഴിക്കുളം, അങ്കമാലി |
| മെയ് 25 | - ഇടപ്പള്ളി, കിഴക്കമ്പലം, തൃപ്പൂണിത്തുറ, എറണാകുളം |
| ജൂൺ 01 | - വൈക്കം, പള്ളിപ്പുറം, ചേർത്തല |

**ഫാ. ജോസഫ് മണവാളൻ (ഡയറക്ടർ)**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

**കേന്ദ്രീയ വിദ്യാലയത്തിൽ മണ്ണിര കമ്പോസ്റ്റ് ടാങ്ക്**

ഇന്ത്യൻ നാവികസേനയുടെ കൊച്ചി ഐ.എൻ.എസ് ദ്രോണാചാര്യ കേന്ദ്രീയ വിദ്യാലയത്തിൽ മാലിന്യസംസ്കരണത്തിനും വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനുമായി സഹൃദയ ടെക്കിന്റെ സാങ്കേതിക നേതൃത്വത്തിൽ മണ്ണിര ടാങ്കുകൾ നിർമിച്ചു നൽകി.

**ഉഷ സിലായ് സ്കൂൾ തയ്യൽ പരിശീലന സർട്ടിഫിക്കറ്റ് വിതരണം**

സഹൃദയ ഉഷ ഇൻററർനാഷണൽ ലിമിറ്റഡിന്റെ സഹകരണത്തോടെ നടപ്പാക്കിയ ആറു മാസത്തെ സഹൃദയ ഉഷസിലായ് സ്കൂൾ തയ്യൽ പരിശീലനം, എളങ്കുന്നപ്പുഴയിൽ പൂർത്തിയാക്കിയ 20 പഠിതാക്കൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം നടത്തി.

**സുസ്മിതം പദ്ധതി ബോധവൽക്കരണ ക്ലാസ്സ്**

സഹൃദയ കെയർ ആൻഡ് സേഫ് പ്രോജക്റ്റുമായി സഹകരിച്ച് നടപ്പാക്കുന്ന സുസ്മിതം ക്യാൻസർ പ്രതിരോധ പരിസ്ഥിതി പരിപാലന പദ്ധതിയെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സ് ഓൾഡ് കുത്തിയതോട് അംഗൻവാടി, പനങ്ങാട് ഭാരത റാണി പള്ളി ഹാൾ, ന്യൂ കുത്തിയതോട് സെന്റ് ജോസഫ് കോൺവെൻറ്, പൂണിത്തുറ സെന്റ് ജെയിംസ് പള്ളി ഹാൾ, കിടങ്ങൂർ അൽഫോൺസ് സദൻ സ്പെഷ്യൽ സ്കൂൾ, മുരിങ്ങൂർ സെന്റ് ജോസഫ് എൽ പി സ്കൂൾ, നെടുവന്നൂർ, ഒലിവ് മൗണ്ട്, ഞാറല്ലൂർ, ജോസ് പുരം, മേരിഗിരി, പീച്ചാനിക്കാട്, അങ്കമാലി, മണപ്പുറം, ചെറായി, ഈസ്റ്റ് ചേരാനെല്ലൂർ, എളംകുളം എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു

**സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷിക ആഘോഷം**

പനങ്ങാട്, പൂണിത്തുറ, ഞാറല്ലൂർ, ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികം സംഘടിപ്പിച്ചു.

**സ്പർശൻ വാർഷികം**

സഹൃദയ നടപ്പിലാക്കി വരുന്ന സാമൂഹ്യധിഷ്ഠിത ഭിന്നശേഷി പുനരധിവാസ പദ്ധതിയുടെ ഭാഗമായുള്ള സ്പർശൻ ജില്ലാ

ഫെഡറേഷൻ വാർഷിക പൊതുയോഗവും ഭാരവാഹികളുടെ തിരഞ്ഞെടുപ്പും അങ്കമാലി സുബോധന പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തി. ഒൻപത് പഞ്ചായത്തിൽ നിന്നുള്ള ഭിന്നശേഷിക്കാരായ അറുപതോളം പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു

## സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ നേതൃത്വത്തിൽ ക്രെഡിറ്റ് ക്യാമ്പുകൾ സംഘടിപ്പിച്ചു

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ നേതൃത്വത്തിൽ കുഴുപ്പിള്ളി, നായരമ്പലം, എളങ്കുന്നപ്പുഴ, ഞാറക്കൽ, കുറുമശ്ശേരി, ചെറുകടപ്പുറം, പറവൂർ കോട്ടക്കാവ്, തുരുത്തിപ്പുറം, നീറിക്കോട്, കരുമാലൂർ, വളമംഗലം, നടുവട്ടം, കൊല്ലക്കോട്, അയ്യമ്പുഴ, പന്തക്കൽ, ദേവഗിരി, തുതീയൂർ, ഞാറല്ലൂർ, സൗത്ത് വാഴക്കുളം, എളം കുളം, പെരുമാനൂർ, വല്ലകം, ഉല്ലല, കാലടി, സൗത്ത് വെള്ളാരപ്പിള്ളി എന്നി ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ ക്രെഡിറ്റ് ക്യാമ്പ് നടത്തി.

പൂണിത്തുറ ഇടവകയിൽ പ്രവർത്തിക്കുന്ന സ്നേഹതീരം സ്വയം സഹായ സംഘത്തിലെ 6 അംഗങ്ങൾക്കായി 3,60,000/ രൂപയും കുഴുപ്പിള്ളി,നായരമ്പലം, എളങ്കുന്നപ്പുഴ, ഞാറക്കൽ എന്നീ വിളേജുകളിലെ എയ്ഞ്ചൽസ്, തണൽ, ബട്ടർഫ്ലൈ, ഉദയം, നൈപുണ്യ, ആവേ മരിയ എന്നീ സ്വയം സഹായ സംഘങ്ങളിലെ 25 അംഗങ്ങൾക്കായി 12, 70,000/ രൂപയും, കുറുമശ്ശേരി, ചെറുകടപ്പുറം എന്നീ വിളേജുകളിലെ ഫ്ലവർ, ദീപം, റോസ് എന്നീ സ്വയം സഹായ സംഘങ്ങളുടെ 12 അംഗങ്ങൾക്കായി 7,20,000/രൂപയും, പറവൂർ കോട്ടയ്കാവ്, തുരുത്തിപ്പുറം, നീറിക്കോട്, കരുമാലൂർ എന്നീ വില്ലേജുകളിലെ ലില്ലി, നവചൈതന്യ, ഏഞ്ചൽ, കൃപ എന്നീ സ്വയം സഹായ സംഘങ്ങളുടെ 22 അംഗങ്ങൾക്കായി 12, 00,000/ രൂപയും, വളമംഗലം വില്ലേജിലെ ഉല്ലാസ്, വികാസ് എന്നീ സ്വയം സഹായ സംഘങ്ങളുടെ 12 അംഗങ്ങൾക്കായി 7,40,000/ രൂപയും, നടുവട്ടം, കൊല്ലക്കോട്, അയ്യമ്പുഴ, എന്നീ വില്ലേജുകളിലെ സൺഫ്ലവർ, മഴവില്ല്, പ്രതിഭ എന്നീ സ്വയം സഹായ സംഘങ്ങളുടെ 17 അംഗങ്ങൾക്കായി 12,20,000/രൂപയും, പന്തക്കൽ വില്ലേജിലെ ഐശ്വര്യ സ്വയം സഹായ സംഘത്തിന്റെ 8 അംഗങ്ങൾക്കായി 4,00,000/ രൂപയും, ദേവഗിരി വില്ലേജിലെ സേവന സ്വയം സഹായ സംഘത്തിന്റെ 6 അംഗങ്ങൾക്കായി 4,00000/ രൂപയും, തുതിയൂർ വില്ലേജിലെ പ്രകാശം സ്വയം സഹായ

സംഘത്തിന്റെ 5 അംഗങ്ങൾക്കായി 3,20,000/ രൂപയും, ഞാറല്ലൂർ, സൗത്ത് വാഴക്കുളം എന്നീ വില്ലേജുകളിലെ സ്നേഹക്കൂട്, വീണ എന്നീ സ്വയം സഹായ സംഘങ്ങളുടെ 11 അംഗങ്ങൾക്കായി 4,50,000/ രൂപയും, എളംകുളം, പെരുമാനൂർ, എന്നീ വില്ലേജുകളിലെ സ്വപ്ന, ദർശന എന്നീ സ്വയം സഹായ സംഘങ്ങളുടെ 15 അംഗങ്ങൾക്കായി 10,10000/ രൂപയും, വല്ലകം, ഉല്ലല വില്ലേജുകളിലെ ഫ്ലവർ, സ്നേഹദീപം എന്നീ സ്വയം സഹായ സംഘങ്ങളുടെ 12 അംഗങ്ങൾക്കായി 8,00,000/ രൂപയും, കാലടി, സൗത്ത് വെള്ളാരപ്പിള്ളി വില്ലേജുകളിലെ റോസ്മേരി, ദയ സ്വയം സഹായ സംഘങ്ങളിലെ 14 അംഗങ്ങൾക്കായി 9,00000/ രൂപയും വായ്പ അനുവദിച്ചു.

**ജെ. എൽ. ജി. ഗ്രൂപ്പ് രൂപീകരണം**

സഹൃദയ വെസ്കോ ക്രെഡിറ്റും ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന ജെ എൽ ജി ഇല്ലിത്തോട് കവരപ്പറമ്പ്, മരട്, പനങ്ങാട്, മംഗലശ്ശേരി, ജോസ് പുരം, താമരച്ചാൽ, കൂടാലപ്പാട്, കപ്രശ്ശേരി, കോലഞ്ചേരി, കോടനാട്, പൊതിയക്കര, പാറപ്പുറം, മഞ്ജനക്കാട്, നീലേശ്വരം, വെസ്റ്റ് ചേരാനല്ലൂർ, വളപ്പ്, മുരിങ്ങൂർ, എടക്കാട്ടുവയൽ, ചെറുകടപ്പുറം, കൈതാരം, നായരമ്പലം, ചൊവ്വര, കാക്കനാട്, ഓൾഡ് കുത്തിയതോട്, പഴന്തോട്ടം, നടത്തുരുത്ത്, ചാത്തമ്മ, ജിയോപുരം, അന്നനാട്, മഴുവന്നൂർ, മംഗലത്ത് നട, തുരുത്തിപ്പുറം, സൗത്ത് പറവൂർ, ചാത്തമ്മ, ആലുവ, കുന്നുകര, തെങ്ങോട്, ചമ്പന്നൂർ, പെരിങ്ങാല, കപ്രശ്ശേരി, കൈതാരം, പീച്ചാനിക്കാട്, വേങ്ങൂർ, പൊതിയക്കര, പാലാരിവട്ടം, പൂണിത്തുറ, കുറ്റിപ്പാറ, കൊരട്ടി, മുന്നൂർപ്പിള്ളി, മംഗലശ്ശേരി, എടയ്ക്കാട്ടുവയൽ പല്ലംതുരുത്ത് എന്നീ വില്ലേജുകളിൽ രൂപീകരിച്ചു.

**ഫാസ്റ്റ്ഫുഡ് ഉദ്യമി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു**

ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രമായ RSETI യുടേയും ,സഹൃദയയുടേയും, വുമൺ വെൽഫെയർ സർവീസസിന്റെയും സംയുക്താഭിമുഖ്യത്തിൽ അങ്കമാലി ബസ് ലിക്ക പള്ളി ഹാളിൽ സംഘടിപ്പിച്ച ഫാസ്റ്റ്ഫുഡ് ഉദ്യമി രണ്ടാം ബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണം ബസ് ലിക്ക പള്ളിയുടെ കോൺഫറൻസ് ഹാളിൽ നടത്തി. 43 പരിശീലനാർത്ഥികളാണ് സർട്ടിഫിക്കറ്റിനന് അർഹത നേടിയത്.

## എസ്എച്ച്ജി - ബി സി ട്രെയിനിങ് സംഘടിപ്പിച്ചു

സഹൃദയ വെസ്കോ ക്രെഡിറ്റും ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പാക്കുന്ന എസ് എച്ച് ജി ബി എം ട്രെയിനിങ് പൊന്നുരുന്നിയിൽ സംഘടിപ്പിച്ചു. സ്വയം സഹായ സംഘങ്ങളുടെ ലോണുമായി ബന്ധപ്പെട്ട വിവരങ്ങളെക്കുറിച്ചും ബാങ്കിൽ പുതിയ അക്കൗണ്ട് ഓപ്പൺ ചെയ്യുന്നതിനെക്കുറിച്ചും വിശദീകരിച്ചു.

## സ്ത്രീ ശാക്തീകരണ സെമിനാർ

സഹൃദയയുടെ നേതൃത്വത്തിലുള്ള സ്വയം സഹായ സംഘ അംഗങ്ങൾക്കായി സ്ത്രീ ശാക്തീകരണ ക്ലാസ് ഞാറക്കൽ സെന്റ് മേരീസ് പള്ളി ഹാളിൽ വച്ച് സംഘടിപ്പിച്ചു.

## സഹൃദയ ആനിമേറ്റേഴ്സ് മീറ്റിങ്ങ് നടത്തി

എറണാകുളം, കാലടി, ചേർത്തല, അങ്കമാലി, പറവൂർ മേഖലാ തലത്തിൽ സഹൃദയ ആനിമേറ്റേഴ്സ് മീറ്റിങ്ങ് സംഘടിപ്പിച്ചു. ആൽക്കഹോളിക്സ് അനോനിമസിനെകുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സും ഇതോടൊപ്പം നടത്തി.

## അമ്മക്കൂട്ട് പദ്ധതി- ട്രെയിനേഴ്സ് ട്രെയിനിംഗ്

അമ്മക്കൂട്ട് ലഹരിവിരുദ്ധ സന്ദേശ പ്രചാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പരിശീലകർക്കായി പൊന്നുരുന്നിയിൽ പരിശീലനം സംഘടിപ്പിച്ചു.

## കുളിർമ ശില്പശാല

സംസ്ഥാന എനർജി മാനേജ്മെന്റ് സെന്ററിന്റെ സഹകരണത്തോടെ വൈക്കം, തൃക്കാക്കര നിയോജകമണ്ഡലങ്ങളിൽ കുളിർമ ശില്പശാല സംഘടിപ്പിച്ചു. വീടുകളിലെയും സ്ഥാപനങ്ങളിലെയും ഊഷ്മാവ് വർധന പ്രകൃതിദത്ത പരിഹാരങ്ങളിലൂടെ നിയന്ത്രിക്കുന്നതിനും അങ്ങനെ എ.സി., ഫാൻ എന്നിവയുടെ ഉപയോഗവും വൈദ്യുതി ചെലവും കുറയ്ക്കുന്നതിനുമുള്ള നിർദേശങ്ങളാണ് ശില്പശാലയിൽ നൽകിയത്.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

- **Overseas Education**

- Attention +2 students!
  Turn your dream of studying abroad into reality with a wide range of courses including Nursing, Engineering (all streams), Health sciences, Social Work and many more in your dream destinations.
- Applications to GERMANY public universities are ending soon. Don't miss the opportunity- Submit your application today and take the next step towards your future!
- September intake still open for UK, Ireland and other European destinations.
- Applications open for Australia, Germany, New Zealand, UK, Ireland and European destinations.
- IELTS Offline Batches starting every Monday!

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓഫ്ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവരെ സ്വാഗതം ചെയ്യുന്നു. പുതിയ ബാച്ച് ഉടൻ ആരംഭിക്കുന്നു.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9072919144**

- **2025 മെയ് മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് പുതിയ ഓഫ്ലൈൻ ബാച്ച് (A1, A2) മെയ് 5 ന് ആരംഭിക്കുന്നു.

2. ഫ്രഞ്ച് കോഴ്സ് പുതിയ ഓൺലൈൻ ബാച്ച് (B1) മെയ് 5 ന് ആരംഭിക്കുന്നു.
3. സ്പാനിഷ് കോഴ്സ് പുതിയ ഓൺലൈൻ ബാച്ച് (A1) മെയ് 5 ന് ആരംഭിക്കുന്നു.
4. സിവിൽ സർവീസ് റെഗുലർ, സൺഡേ, ഫൗണ്ടേഷൻ & NICSA 2025 2026 ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു.
5. സിവിൽ സർവീസ് ഔട്ട് റീച്ച് പ്രോഗ്രാമുകൾ തുടരുന്നു.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

- **2025 May Programs**

1. UGC NET /JRF PAPER I & PAPER II -Offline (Batch for 2025 DECEMBER exam)
2. BANK (IBPS, PO, CLERK, SO) -Offline (new admission all Mondays)
3. SSC (CGL, CHSL, MTS) - Offline (new admission all Mondays
4. CUET (Common University Entrance Test) Online & Offline regular batch
5. RAILWAY RECRUITMENT BOARD
   - Graduate level (new admission all Mondays)
   - Undergraduate level (new admission all Mondays)
6. C MAT, K-MAT Offline (Admission for next Exams)
7. LAW ENTRANCE COACHING CLAT, KLEE (admission started)
8. IELTS Regular Offline & Online (All Mondays new batch)
9. PTE (Pearson Test of English)- Regular Offline & Online (All Mondays new batch)
10. COMMUNICATIVE ENGLISH Regular Offline & Online (All Mondays new batch)

## 4) NAIPUNNYA INTERNATIONAL, L.F. CAMPUS, ANGAMALY

**Contact: 9544919155, 9633338433**

അങ്കമാലി എൽ.എഫ്. ക്യാമ്പസിലെ – നൈപുണ്യ ഇന്റർനാഷണലിൽ ഇംഗ്ലീഷ് പരിജ്ഞാന പരിശീലന കോഴ്സുകളായ IELTS, PTE എന്നിവ യും, ഇംഗ്ലീഷ് സംഭാഷണ നൈപുണ്യത്തിനായി വിദ്യാർത്ഥികൾക്ക് Communicative English കോച്ചിംഗും നല്കുന്നു. വിദേശ പഠനം, വിദേശ

ജോലികൾ എന്നിവ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്കുവേണ്ടി വിദഗ്ദ്ധ അദ്ധ്യാപകർ ഇംഗ്ലീഷ് പരിജ്ഞാന പരിശീലനം നൽകുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാദ്ധ്യമാകുവാൻ Overseas Education Consultancy ആയും പ്രവർത്തിച്ചു വരുന്നു.

### 5) NAIPUNNYA INTERNATIONAL, PALA

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

**മാർച്ച് 2025**

31 മാർ ജോസഫ് പാംപ്ലാനി പിതാവ് അതിരൂപതയിലെ വൈദികരുമായും അല്മായരുമായും ചർച്ച നടത്തി.

ഉച്ചകഴിഞ്ഞ് തൃക്കാക്കര സേക്രഡ് ഹാർട്ട് മൈനർ സെമിനാരിയിൽ ഫിലോസഫി, തിയോളജി റീജൻസി ചെയ്യുന്ന ബ്രദേഴ്സിന്റെ റിപ്പോർട്ട് വായിച്ചു. മൈനർ സെമിനാരിയിൽ ദൈവവിളി ക്യാമ്പിനായി വന്നിട്ടുള്ള കുട്ടികളെ പിതാവ് നേരിൽ കണ്ടു

**ഏപ്രിൽ 2025**

1 മാർ ജോസഫ് പാംപ്ലാനി പിതാവ് ഉച്ചകഴിഞ്ഞ് യൂണിത്താസ് സിസ്റ്റേഴ്സിന്റെ മീറ്റിങ്ങിൽ പങ്കെടുത്തു.

2 മാർ ജോസഫ് പാംപ്ലാനി പിതാവ്, ഉച്ചകഴിഞ്ഞ് എറണാകുളം-അങ്കമാലി അതിരൂപതയുടെ 13 സബ് ഡീക്കന്മാർക്ക് തൃക്കാക്കര ഗുരുകുലം സെമിനാരിയിൽ ഡീക്കൻ പട്ടം നൽകി.

21 മാർ ജോസഫ് പാംപ്ലാനി പിതാവ് രാവിലെ എടക്കുന്ന് നൈപുണ്യ സ്കൂളിന്റെ ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ് അതിരൂപതയിലെ വൈദികരുമായും അല്മായരുമായും ചർച്ച നടത്തി.

* * * * *

# സീറോമലബാർസഭയിലെ വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകൃത രീതിയിലേക്കുള്ള പ്രയാണത്തിന്റെ ചരിത്രവഴികൾ

*ബിഷപ്പ് ജോസ് പൊരുന്നേടം*
*(മാനന്തവാടി രൂപതയുടെ മെത്രാൻ)*

**ആമുഖം**

സീറോമലബാർസഭയിലെ വിശുദ്ധ കുർബാനയർപ്പണരീതിയിൽ ദീർഘ കാലമായി നിലവിലിരിക്കുന്ന വിഭാഗീയത അവസാനിപ്പിച്ച് 1999-ൽ സിനഡ് അംഗീകരിച്ച ഏകീകൃതരീതി ഉടനടി നടപ്പാക്കാനുള്ള പ്രക്രിയ യുമായി മുന്നോട്ട് പോകണം എന്ന് ഉപദേശിച്ചുകൊണ്ട് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ 2020 ജൂലൈ 3-ന് സീറോമലബാർ സഭയിലെ മെത്രാന്മാർ, വൈദികർ, സമർപ്പിതർ, അത്മായർ എന്നിവരെ അഭിസം ബോധന ചെയ്ത് എഴുതിയ കത്തും തുടർന്നുണ്ടായ സിനഡ് തീരുമാ നവും സഭയിലും സമൂഹത്തിലും വലിയ ചർച്ചക്കും തർക്കവിതർക്കങ്ങൾ ക്കും ഇടവരുത്തിയ സാഹചര്യത്തിൽ ഇക്കാര്യങ്ങളെപ്പറ്റി ചില വിശദീ കരണങ്ങൾ അത്യന്താപേക്ഷിതമാണ് എന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാന ത്തിലുള്ളതാണ് ഈ പഠനം. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടോളം ഈ വിഷയ സംബന്ധമായ പലരേഖകളും ചർച്ചകളും കൈകാര്യം ചെയ്യുകയും ഔദ്യോഗിക കത്തിടപാടുകളിൽ സജീവമായ ഭാഗഭാഗിത്വം വഹിക്കു കയും ചെയ്ത വ്യക്തിയെന്ന നിലയിലുള്ള അനുഭവപരിജ്ഞാനം ഈ പഠനത്തിൽ എന്നെ ഒരുപാട് സഹായിച്ചിട്ടുണ്ട്.

മറ്റൊരു സഭയിലും ഇല്ലാത്ത വണ്ണം സീറോമലബാർ സഭയിൽ വിശുദ്ധ കുർബാനയർപ്പണത്തെച്ചൊല്ലിയുള്ള തർക്കങ്ങളുടെ കാരണം കൂടുതലും ചരിത്രപരമാണ്. പാശ്ചാത്യസഭയിൽ ഒരു നൂറ്റാണ്ടിലേറെ കാലം പരീക്ഷണ നിരീക്ഷണങ്ങൾ നടത്തി വരുത്തിയ മാറ്റങ്ങൾ നമ്മുടെ സഭയിൽ ഏതാനും വർഷങ്ങൾകൊണ്ട് നടത്തിയപ്പോൾ ഉണ്ടായ ഒരു അനിവാര്യതയാണ് ഇത് എന്ന് പറയാം. ഒരു സമുദായത്തിന്റെ അല്ലെങ്കിൽ സമൂഹത്തിന്റെ മുന്നോട്ടുള്ള ഗമനത്തിൽ അനധികൃതവും അനാശാ സ്യവും ആയ ഇടപെടലുകൾ, അത് ആരിൽ നിന്നായാലും, ഉണ്ടാകു മ്പോൾ എന്ന് സംഭവിക്കും എന്നതിന്റെ നേർക്കാഴ്ച കൂടിയാണ് നമ്മുടെ സഭയിലെ ഈ പ്രതിഭാസം. എന്നാൽ ഈ സഭയിലെ അംഗങ്ങളായ നമ്മെ

സംബന്ധിച്ചിടത്തോളം ഇനി ചെയ്യാനുള്ളത് വ്യക്തികളെയോ സാഹചര്യങ്ങളെയോ കുറ്റം വിധിക്കാതെ ഭാവിയിലേക്ക് നോക്കി അതിനെ യുക്തിഭദ്രമായി ധൈര്യപൂർവം അഭിമുഖീകരിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുക എന്നതാണ്. അതിനുള്ള തുടക്കമാണ് പരിശുദ്ധപിതാവ് അദ്ദേഹത്തിന്റെ കത്തിലൂടെ ഇട്ടിരിക്കുന്നത്.

**1. പൊതുതലവനും ഭരണസംവിധാനവും**

കത്തോലിക്കാ കൂട്ടായ്മയിൽ പൗരസ്ത്യ സഭകൾ ഉൾപ്പെടെ എല്ലാ സ്വയാധികാര സഭകളുടെയും പരമോന്നത തലവൻ റോമാ മാർപ്പാപ്പയാണെങ്കിലും, പാത്രിയാർക്കീസ് അല്ലെങ്കിൽ മേജർ ആർച്ച്ബിഷപ്പ് തുടങ്ങിയ സ്ഥാനപ്പേരുള്ള ഒരു പൊതുതലവനും നിയമനിർമ്മാണത്തിനുൾപ്പെടെ അധികാരമുള്ള ഒരു മെത്രാൻ സിനഡും അവയിൽ ഉണ്ടായിരിക്കണം എന്നതാണ് പാരമ്പര്യവും സഭാനിയമവും. 1599-ലെ ഉദയംപേരൂർ സൂനഹദോസ് വരെ നമ്മുടെ സഭയും അങ്ങനെ തന്നെയായിരുന്നു. നമ്മുടെ തലവൻ കൽദായ സഭയുടെ പാത്രിയാർക്കീസ് ആയിരുന്നു എന്ന് മാത്രം. അദ്ദേഹത്തിന്റെ നേതൃത്വം നമ്മുടെ മേൽ അടിച്ചേല്പിച്ചതല്ല, പ്രത്യുത നമ്മൾ സ്വമനസ്സാ സ്വീകരിച്ചതാണ് എന്ന് കരുതുന്നതാണ് ചരിത്രപരമായി യുക്തിഭദ്രം. എന്നാൽ ഉദയമ്പേരൂർ സൂനഹദോസോടുകൂടികാര്യങ്ങൾ മാറിമറിഞ്ഞു.

**2. വിഭാഗീയതയുടെ തുടക്കം: പദ്രൊവാദൊ കരാറും പോർട്ടുഗീസ് അധീശത്വവും**

കത്തോലിക്കാ രാജ്യമായിരുന്ന പോർട്ടുഗലും പരിശുദ്ധ സിംഹാസനവും തമ്മിൽ പതിനഞ്ചാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ഉണ്ടാക്കിയ പദ്രൊവാദൊ (Padroado) എന്ന പേരിൽ ഉണ്ടാക്കിയ ഒരു കരാറനുസരിച്ച് പോട്ടുർഗീസ് രാജാവിന് അദ്ദേഹം കോളനിവത്ക്കരിക്കുന്ന എല്ലാ സ്ഥലങ്ങളിലും ആളുകളെ ക്രൈസ്തവമതത്തിൽ ചേർക്കുന്നതിനും അവർക്കായി രൂപതകൾ സ്ഥാപിച്ച് മെത്രാന്മാരെ നിയമിക്കുന്നതിനും മറ്റുമുള്ള അധികാരം ലഭിച്ചു. അങ്ങനെയാണ് അവർ ഇൻഡ്യയിൽ എത്തിയതും അധികാരം പിടിച്ചെടുത്ത് ഇവിടെ കോളനികൾ സ്ഥാപിച്ചതും അവരുടെ നേതൃത്വത്തിൽ ആളുകളെ ക്രൈസ്തവമതത്തിൽ ചേർത്ത് അവർക്ക് വേണ്ടി രൂപതകൾ ഉണ്ടാക്കിയതും. അങ്ങനെ സ്ഥാപിക്കപ്പെട്ട ഇൻഡ്യയിലെ ആദ്യത്തെ രൂപതയാണ് ഗോവ. ലത്തീൻ റീത്തുകാരായിരുന്ന പോർട്ടുഗീസുകാർ സ്ഥാപിച്ച രൂപത സ്വാഭാവികമായും ലത്തീൻ രൂപത ആയിരുന്നു.

അതേസമയം ഇൻഡ്യയിൽ ക്രിസ്തുവർഷത്തിന്റെ മദ്ധ്യം മുതൽ തന്നെ റോമാ മെത്രാനോടും റോമാ സഭയോടും കൂട്ടായ്മയിലുള്ള മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന പേരിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു എന്നതും നമ്മൾ ഓർക്കേണ്ടതുണ്ട്. അവർക്ക് കൽദായ പാത്രിയാർക്കീസിന്റെ കീഴിൽ മെത്രാന്മാരും ഉണ്ടായിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മേൽ അദ്ദേഹത്തിന്റെ അധികാരം റോമ്മാ മാർപ്പാപ്പ അംഗീകരിച്ചതുമായിരുന്നു. എന്നാൽ ഇവിടുത്തെ സഭാഭരണസംവിധാനം ലത്തീൻ സഭയുടേതിൽ നിന്ന് വളരെ വ്യത്യസ്തമായിരുന്നു എന്നതും മനസ്സിലാക്കണം.

### 3. പോർട്ടുഗീസ് അധിനിവേശവും ഉദയമ്പേരൂർ സൂനഹദോസും

1599-ൽ ഗോവാ ലത്തീൻ അതിരൂപതയുടെ മെത്രാപ്പോലീത്താ ആയിരുന്ന ആർച്ച്ബിഷപ്പ് അലക്സിസ് മെനേസിസ് മെത്രാപ്പോലീത്ത വിളിച്ചു ചേർത്ത ഉദയമ്പേരൂർ സൂനഹദോസിനെ തുടർന്ന് ഏതാണ്ട് 1300 വർഷത്തോളം ഭാരതത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പൊതുതലവനായിരുന്ന പൗരസ്ത്യ സുറിയാനി സഭയുടെ പാത്രിയാർക്കീസിന്റെ അധികാരം അവസാനിപ്പിച്ച് പരിശുദ്ധ സിംഹാസനവും പോർട്ടുഗീസ് രാജാവും തമ്മിലുണ്ടാക്കിയ പദ്രൊവാദൊ കരാറിൻ പ്രകാരം അന്ന് ഭാരതത്തിൽ അധികാരം സ്ഥാപിച്ചിരുന്ന ലത്തീൻ സഭയിലെ മെത്രാന്മാർക്ക് ഇവിടെയുണ്ടായിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മേൽ അധികാരം കൊടുത്തു. അതോടെ നമ്മുടെ സഭയിലെ ആരാധന ക്രമവും ഭരണക്രമവും പാശ്ചാത്യസഭയിലേതുപോലെയാക്കുകയും ചെയ്തു. അതോടെ പൊതുകാര്യങ്ങൾ തീരുമാനിച്ചിരുന്ന പാത്രിയാർക്കീസിനും അദ്ദേഹമയച്ചിരുന്ന മെത്രാനും മെത്രാൻ സിനഡിനും ഇവിടെ ഒന്നും ചെയ്യാൻ പറ്റാതായി. രാഷ്ട്രീയാധികാരം കയ്യാളിയിരുന്ന പോർട്ടുഗീസുകാർ തന്നെ സഭാകാര്യങ്ങളും നിയന്ത്രിക്കുന്നതായിരുന്നു പദ്രൊവാദോ കരാറിന്റെ അന്തഃസത്ത. കാലക്രമത്തിൽ പോർട്ടുഗീസ്, ഡച്ച്, ഇംഗ്ലീഷ് കൊളോണിയൽ ശക്തികളുടെ അധികാര സ്ഥാപനത്തിന് വേണ്ടിയുള്ള യുദ്ധങ്ങളും കിടമൽസരങ്ങളും അതിൽ പരിശുദ്ധ സിംഹാസനവും വിവിധ സന്യാസസമൂഹങ്ങളും കൽദായ പാത്രിയാർക്കീസും നടത്തിയ ഇടപെടലുകളും എല്ലാം കാലകാലങ്ങളിൽ ഈ പ്രക്രിയയിൽ ഭാഗഭാക്കുകളായിട്ടുണ്ട്. അതിന്റെയെല്ലാം പരിണിത ഫലമാണ് ഇന്നത്തെ ഈ വിഭാഗീയത.

**4. പൊതുതലവന്റെ അഭാവം**

ലത്തീൻ സഭയിൽ നിന്ന് വന്ന മെത്രാന്മാർ സ്വാഭാവികമായും അവരുടെ ആരാധനക്രമവും ഭരണക്രമവും ഇവിടെ നടപ്പാക്കി. അതിനവരെ കുറ്റം പറയേണ്ട കാര്യമില്ല. കാരണം അവർക്ക് കിട്ടിയ പരിശീലനവും നിർദ്ദേശവും അന്നത്തെ മനോഭാവവും എല്ലാം അങ്ങനെയായിരുന്നു. എങ്കിലും മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്നും കൽദായ പാത്രിയാർക്കീസിന്റെയും സ്വന്തം റീത്തിൽപെട്ട മെത്രാന്റെയും അധികാരത്തിലേക്ക് മടങ്ങാനുള്ള ശ്രമങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. അതിന്റെയെല്ലാം ഫലമാണ് കൂനൻകുരിശ് സത്യവും റോക്കോസ്-മേലൂസ് ശീശ്മകളും യാക്കോബായ ഓർത്തോഡോക്സ് മാർത്തോമ്മാ സഭകളുടെ ആവിർഭാവവും എല്ലാം. പരിശുദ്ധസിംഹാസനവും പോർട്ടുഗീസ് ഭരണാധികാരികളും തമ്മിലുള്ള തർക്കങ്ങളും മറ്റും ഇതിനോട് കൂട്ടി വായിക്കേണ്ടതുണ്ട്.

പൊതുതലവന്റെ അഭാവത്തിൽ കത്തോലിക്കരായി നിലകൊണ്ടവരുടെ ഇടയിലും വിഭാഗീയത വർദ്ധിച്ചുകൊണ്ടിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ദീർഘകാല ആവശ്യമായിരുന്ന സ്വദേശി മെത്രാനും സ്വയംഭരണവും എന്നത് 1887-ൽ ഭാഗികമായി അംഗീകരിച്ച് കിട്ടി. സ്വദേശി മെത്രാന്മാരുടെ നിയമനത്തോടെ 1896 ൽ അത് കുറച്ചുകൂടി പരിപുഷ്ടമായി. അപ്പോഴും പൊതുതലവൻ എന്ന ആശയം യാഥാർത്ഥ്യമായില്ല. പിന്നീട് പുതിയ രൂപതകൾ സ്ഥാപിക്കപ്പെട്ടപ്പോൾ പല ആശയഗതികളിൽ പെട്ട വൈദികർ മെത്രാന്മാരായി. അങ്ങനെ അവരുടെ രൂപതകളും വിഭിന്നാശയങ്ങൾ നടപ്പാക്കാൻ തുടങ്ങി. അവരെ നിയന്ത്രിക്കാൻ പൊതുതലവനോ സിനഡോ ഇല്ലാതിരുന്നതിനാൽ ഓരോരുത്തരും അവരവരുടെ ഇഷ്ടമനുസരിച്ച് മുന്നോട്ട് പോയി. മിഷൻ രൂപതകളും പ്രവാസിരൂപതകളും സ്ഥാപിക്കപ്പെട്ടതോടെ അഭിപ്രായ വ്യത്യാസങ്ങൾ അവയിലേക്കും വ്യാപിച്ചു. കേരളത്തിലെ എല്ലാ രൂപതകളിലും നിന്നുള്ളവർ അവിടങ്ങളിലുണ്ടായിരുന്നു. തങ്ങളുടെ മാതൃരൂപതകളിൽ ഉള്ളതുപോലെ തന്നെ അവിടെയും വേണമെന്ന് കുറേപ്പേരെങ്കിലും ശഠിച്ചു. സ്വന്തമായി വൈദികർ ഇല്ലാതിരുന്ന ആ രൂപതകളിൽ ശുശ്രൂഷ ചെയ്യാൻ എത്തിയ വൈദികർ അവരവരുടെ മാതൃരൂപതകളിലെ പതിവുകൾ അവിടെയും നടപ്പാക്കാൻ തുടങ്ങി. ഏകീകൃതരൂപത്തിന്റെ അഭാവത്തിൽ ആ സ്ഥിതി ഇന്നും അങ്ങനെതന്നെ തുടരുന്നു. സ്വന്തമായി രൂപതയും മെത്രാനും ഒന്നും ഇല്ലാത്ത ഗൾഫ് രാജ്യങ്ങളിൽ ഉള്ള സീറോമലബാർ കത്തോലി

ക്കരുടെ ഇടയിൽ സ്ഥിതി ഇതിലും രൂക്ഷമാണ്. ഈ സ്ഥിതി 1992 ഡിസംബർ വരെ തുടർന്നു.

## 5. പുതിയ കാനൻ നിയമസംഹിതയും പൊതുതലവന്റെ അനിവാര്യതയും

1990-ൽ പൗരസ്ത്യസഭകൾക്കായുള്ള കാനോനാ സംഹിത പ്രാബല്യത്തിൽ വന്നതോടെ പൊതുതലവനും സിനഡും ഒന്നുമില്ലാത്ത സീറോ മലബാർ സഭയുടെ സ്ഥിതി അതീവ ദയനീയമായി. കാരണം, അത്തരം ഒരു സഭയെ അതിൽ വിഭാവനം ചെയ്തിട്ടില്ലാത്തതുകൊണ്ട് ഓരോ ചെറിയ കാര്യത്തിനും പരിശുദ്ധ സിംഹാസനത്തിന്റെ അനുവാദം വേണ്ടിയിരുന്നു. കോൺഫ്രൻസ് (എസ്.എം.ബി.സി.) എന്ന പേരിൽ ഒരു സമിതി ഉണ്ടായിരുന്നെങ്കിലും ആ സമിതിക്ക് ആരാധനക്രമവിഷയങ്ങളിൽ തീരുമാനമെടുക്കാനോ സീറോമലബാർ സഭക്ക് പൊതുവായി ബാധകമാകുന്ന നിയമങ്ങൾ നിർമ്മിക്കാനോ അധികാരമുണ്ടായിരുന്നില്ല. ആ സമിതിക്ക് ഒരു സ്ഥിരം ആസ്ഥാനവും മറ്റ് ഭൗതിക സാഹചര്യങ്ങളും ഉണ്ടായിരുന്നില്ല.

എന്നാൽ, 1990-ലെ കാനൻ നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം ഒരു പൊതുതലവനും പൊതുഭരണസംവിധാനവും വേണമോ എന്ന കാര്യത്തിലും ഇവിടെ വലിയ വിഭാഗീയത ഉടലെടുത്തു. അതിന്റെ കാരണവും ആരാധനക്രമപരിഷ്കരണവുമായി ബന്ധപ്പെട്ടതായിരുന്നു. അതേത്തുടർന്ന് 1992-ൽ ആർച്ച്ബിഷപ്പ് തോമസ് വൈറ്റിന്റെ നേതൃത്വത്തിലുള്ള ഒരു കമ്മീഷൻ പരിശുദ്ധസിംഹാസനത്തിൽ നിന്ന് നിയമിക്കപ്പെടുകയും കമ്മീഷൻ എല്ലാ രൂപതകളും സന്ദർശിച്ച് പഠിച്ച് നല്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സീറോമലബാർ സഭയെ ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി പ്രഖ്യാപിക്കുകയും ചെയ്തു.

സിനഡും പൊതുതലവനും ഉണ്ടായിട്ടും സഭാനിയമമനുസരിച്ച് അവർക്ക് പ്രവർത്തിക്കാനുള്ള അവകാശവും അധികാരവും സ്വാതന്ത്ര്യവും കിട്ടിയത് പിന്നെയും ഒരു പതിറ്റാണ്ടിലേറെ കഴിഞ്ഞിട്ടാണ്. സിനഡിന്റെ അധികാര പരിധിയിൽപെട്ട മൂന്ന് കാര്യങ്ങളാണ് ആരാധനക്രമകാര്യങ്ങളിൽ തീരുമാനമെടുക്കുക, രൂപതകൾ സ്ഥാപിക്കുക, മെത്രാന്മാരെ തെരഞ്ഞെടുക്കുക എന്നിവ. അവ മൂന്നും, അവയുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും, റോമാ മാർപ്പാപ്പ പരിശുദ്ധ സിംഹാസനത്തിന് റിസർവ് ചെയ്യുകയാണുണ്ടായത്. അതായത്, മേജർ ആർച്ച്ബിഷപ്പിനോ സിനഡിനോ കാര്യമായൊന്നും ചെയ്യാനുണ്ടായിരുന്നില്ല. സീറോമലബാർ

സഭയെ സംബന്ധിക്കുന്ന തീരുമാനങ്ങൾ, മേല്പ്പറഞ്ഞ കാര്യങ്ങളിൽ ഉൾപ്പെടെ, പരിശുദ്ധ സിംഹാസനം ഇവിടെ നിയമിക്കപ്പെട്ട പൊന്റിഫിക്കൽ ഡെലഗേറ്റ് വഴി നടപ്പാക്കുകയാണുണ്ടായത്. മാത്രമല്ല, അന്നത്തെ എറണാകുളം, ചങ്ങനാശ്ശേരി എന്നീ മെത്രാപ്പോലീത്തൻ പ്രവിശ്യകൾക്ക് പുറത്തുള്ള (ഉദാ: കല്യാൺ) മറ്റ് രൂപതകളുടെ പരിധി ഈ സംവിധാനത്തിന്റെ അധികാര പരിധിയിൽ പെടുത്തിയിരുന്നുമില്ല. അവ അതാത് സ്ഥലത്തെ ലത്തീൻ അതിരൂപതകളുടെ സാമന്തരൂപതകളായി തീരുമാനിക്കപ്പെടുകയാണുണ്ടായത്. അതിലൂടെ സിനഡിന്റെ തീരുമാനങ്ങൾ ആ രൂപതകളിൽ നടപ്പാക്കുന്നത് ഏറെ ക്ലേശകരമായി തീർന്നു. ആദ്യമുണ്ടായിരുന്ന വിഭാഗീയത കൂടുതൽ ആഴപ്പെടാൻ ആ അവസ്ഥ കാരണമായി. ഓരോ രൂപതയിലും ഇഷ്ടമുള്ള രീതിയിൽ രൂപതാഭരണസംവിധാവും വിശുദ്ധ കുർബാനയർപ്പണ രീതികളും എല്ലാം ആരംഭിക്കുകയും ചെയ്തിരുന്നു. എങ്കിലും പുതിയ സംവിധാനം നിലവിൽവന്നതിന് ശേഷം ഒരുപാട് കാര്യങ്ങളിൽ ഐകരൂപ്യം വരുത്താൻ കഴിഞ്ഞിട്ടുണ്ട് എന്നത് ചാരിതാർത്ഥ്യജനകമാണ്. പൂർണ്ണമായ രീതിയിൽ അത് സാധിക്കണമെങ്കിൽ ഇനിയും പതിറ്റാണ്ടുകൾ എടുത്തേക്കാം. അതുകൊണ്ടാണ് സമയം കാലത്തേക്കാൾ വലുതാണ് എന്ന് പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ എഴുതിയത്.

### 6. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ആഹ്വാനം

രണ്ടാം വത്തിക്കാൻ സൂനഹദോസിൽ പൗരസ്ത്യ സഭകളിൽ നഷ്ടപ്പെട്ടുപോയ പാരമ്പര്യങ്ങൾ തിരിച്ചെടുക്കാൻ തീവ്രമായ ശ്രമങ്ങൾ ഉണ്ടാകണം എന്ന് പൗരസ്ത്യസഭകളെപ്പറ്റിയുള്ള ഡിക്രിയിൽ പ്രബോധിപ്പിച്ചു. അതോടൊപ്പം ആവശ്യമായ പരിഷ്കരണങ്ങൾ ആവശ്യമാണ് എന്ന പ്രബോധനം ആരാധനാക്രമത്തെപ്പറ്റിയുള്ള ഡിക്രിയിലും ഉണ്ടായി. ഇവയിൽ ഏതിന് മുൻതൂക്കം കൊടുക്കണം എന്നതായിരുന്നു വിഭാഗീയത വർദ്ധിപ്പിച്ച ഒരു ഘടകം. പഴമക്കായി നിന്നവരും നവീകരണത്തിനായി നിന്നവരും തമ്മിലുള്ള വേർതിരിവ് പൊതുഭരണസംവിധാനത്തിന്റെ അഭാവത്തിൽ കൂടുതൽ ആഴപ്പെട്ടു.

### 7. വൈദിക പരിശീലനകേന്ദ്രങ്ങളും വിഭാഗീയതയും

സീറോമലബാർ സഭയുടെ പൊതുഉടമസ്ഥതയിലുള്ള പരിശീലന കേന്ദ്രങ്ങളിൽ വ്യത്യസ്ത രൂപതകളിൽ നിന്നും സമർപ്പിതസമൂഹങ്ങളിൽ നിന്നും വ്യത്യസ്ത നിലപാടുകൾ സ്വീകരിച്ചവർ അദ്ധ്യാപകരായി

ഉണ്ടായിരുന്നതുകൊണ്ട് കുട്ടികൾക്ക് വലിയ ഉതപ്പിന് കാരണമാക്കിക്കൊണ്ട് അവിടങ്ങളിൽ അദ്ധ്യാപകരുടെ ഇടയിൽ വിഭാഗീയത ഉടലെടുത്തു. വിവിധ വൈദിക-സമർപ്പിത പരിശീലനകേന്ദ്രങ്ങളിൽ നിന്ന് പരസ്പരം വിരുദ്ധങ്ങളായ ആശയങ്ങളിൽ രൂപീകരിക്കപ്പെട്ടുവന്ന വൈദികരും സമർപ്പിതരും അവർ ശീലിച്ചത് അവരവരുടെ ശുശ്രൂഷമേഖലകളിൽ പ്രാവർത്തികമാക്കാൻ തുടങ്ങിയതോടെ അല്മായ വിശ്വാസികളിലേക്കും വിഭാഗീയത കടന്നുവന്നു. വിവിധ പരിശീലന കേന്ദ്രങ്ങളിൽ നിന്ന് പഠിച്ചിറങ്ങിയ വൈദികർ ഒരേ രൂപതയിലും സമർപ്പിതസമൂഹത്തിലും തന്നെ ഉണ്ടായിരുന്നതുകൊണ്ട് രൂപതകൾക്കുള്ളിലും സമർപ്പിത സമൂഹങ്ങൾക്കുള്ളിലും വിഭാഗീയത ഉണ്ടായി.

വിഭാഗീയത ഏറ്റവും കൂടുതൽ പ്രതിഫലിച്ചത് വിശുദ്ധ കുർബാനയർപ്പണത്തിൽ ആണെന്ന് മാത്രം. കാരണം പാരമ്പര്യങ്ങൾ, ലിറ്റർജി, സ്വയാധികാരസഭ, റീത്ത് തുടങ്ങിയ ആശയങ്ങൾക്ക് കൃത്യമായി ഒരു നിർവചനം 1990-ൽ പൗരസ്ത്യ സഭകളുടെ കാനൻ നിയമ സംഹിത പ്രാബല്യത്തിലാകുന്നതുവരെ ഇല്ലാതിരുന്നതുകൊണ്ട് പാരമ്പര്യത്തിന് വേണ്ടി നിലകൊണ്ടവർ അവയെ വിശുദ്ധ കുർബാനയർപ്പണത്തിലേക്ക് ഒതുക്കി എന്നതാണ് വസ്തുത. അതുപോലെ നിർബന്ധമായും പാരമ്പര്യങ്ങളെ വീണ്ടെടുക്കണം എന്ന് സൂനഹദോസ് പ്രബോധിപ്പിച്ചതായും തെറ്റിദ്ധരിച്ചു. അതേ സമയം മറുഭാഗമാകട്ടെ നവീകരണത്തെപ്പറ്റി സൂനഹദോസ്പറഞ്ഞ കാര്യത്തിൽ മാത്രമാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. സ്ഥിതികൾ ഇങ്ങനെ വഷളായപ്പോഴും ഏത് നിലപാടാണ് സ്വീകരിക്കേണ്ടത് എന്ന് തീരുമാനിക്കാൻ പൗരസ്ത്യസഭകൾക്ക് സഹജമായ അധികാരപ്പെട്ടവർ നമുക്ക് ഇല്ലാതെ വരുകയും ചെയ്തു.

## 8. പൊന്തിഫിക്കൽ ഡെലഗേറ്റിന്റെ മരണവും റോമൻ സിനഡും

1992-ൽ സീറോമലബാർ സഭയെ ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി പ്രഖ്യാപിച്ചപ്പോൾ ഈ സഭയിൽ നിലനിന്നിരുന്ന വിഭാഗീയതയുടെ പശ്ചാത്തലത്തിൽ പുതിയതായി ലഭിച്ച കാനോനിക ചട്ടക്കൂടിന്റെ പ്രാഥമിക കാര്യങ്ങൾ ക്രമീകരിക്കാൻ റോമാ മാർപ്പാപ്പയുടെ പ്രത്യേക പ്രതിനിധിയായി നിയമിക്കപ്പെട്ട അഭിവന്ദ്യ അബ്രാഹം കാട്ടുമന മെത്രാപ്പോലീത്ത പൊടുന്നനവെ 1995 ൽ റോമിൽ വച്ച് നിര്യാതനായി. അതേ തുടർന്ന് 1996 ജനുവരി 8 മുതൽ 16 വരെ സീറോമലബാർ മെത്രാന്മാരുടെ സിനഡിന്റെ ഒരു സമ്മേളനം പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയം റോമിൽ വിളിച്ചു ചേർക്കുകയുണ്ടായി. ആ

സമ്മേളനത്തിൽ പിന്നീട് ബെനഡിക്ട് പതിനാറാമൻ എന്ന പേരിൽ മാർപ്പാപ്പയായി തെരഞ്ഞെടുക്കപ്പെട്ട കർദ്ദിനാൾ ജോസഫ് റാറ്റ്സിംഗർ, റോമിലെ ഓറിയെന്റൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വൈസ് റെക്ടരും പ്രശസ്ത ആരാധനക്രമ പണ്ഡിതനുമായിരുന്ന യശ്ശഃശരീരനായ ഫാ. റോബർട്ട് ടാഫ്റ്റ്, മറ്റൊരു ആരാധനക്രമ പണ്ഡിതനും റോമിലെ റുമേനിയൻ കോളേജിന്റെ റെക്ടറുമായിരുന്ന ഫാ. ഒളിവിയേർ റക്കെസ്, പൗരസ്ത്യ സഭകളുടെ കാനോനകളുടെ സംഹിത തയ്യാറാക്കുന്ന കമ്മീഷന്റെ ദീർഘകാല സെക്രട്ടറിയായിരുന്ന ഫാ. ഈവാൻ ഷൂഷെക്ക് തുടങ്ങിയവർ നടത്തിയ പ്രഭാഷണങ്ങൾ ശ്രദ്ധേയമാണ്. നമ്മുടെ സഭയിൽ ആരാധനക്രമസംബന്ധമായി നിലനിക്കുന്ന വിഭാഗീയതയുടെ കാരണങ്ങളും പ്രതിവിധികളും എല്ലാം അവർ പ്രതിപാദിക്കുന്നുണ്ട്. ഇപ്പറഞ്ഞ സിനഡ് സമ്മേളനത്തിന്റെ രേഖകൾ എല്ലാം മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിൽ നിന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. (കാണുക Fr. Jose Porunnedom, ed. Acts of the Synod of Bishops of the Syro-Malabar Church held in the Vatican from 8 to 16 January 1996, Mount St Thomas, 1996).

ഒരു സഭാസമൂഹമെന്ന നിലയിലും സമുദായമെന്ന നിലയിലും ഈ സ്ഥിതി തുടരുന്നത് പലതരത്തിലുള്ള പ്രശ്നങ്ങൾക്കും കാരണമാകുന്നു എന്ന തിരിച്ചറിവാണ് ഏകീകൃതരീതി വേണം എന്ന ചിന്തയിലേക്ക് സിനഡിനെ നയിച്ചതും 1999-ൽ ഏകീകൃതരീതി നടപ്പാക്കാൻ തീരുമാനിച്ചതും. എന്നാൽ, ആവശ്യമായ ബോധവത്ക്കരണത്തിന്റെ അഭാവം അത് നടപ്പാക്കുന്ന പ്രക്രിയ അതീവ ദുഷ്ക്കരമാക്കി എന്നതും വസ്തുതയാണ്. ബോധവത്ക്കരണം നടത്താൻ ആവശ്യമായ പുസ്തകങ്ങളോ അദ്ധ്യാപനസഹായികളോ ഉണ്ടായിരുന്നില്ല. ആ പ്രശ്നം പരിഹരിച്ചു എന്ന് പറയാൻ കഴിയില്ല. അതിന്റെ പ്രത്യാഘാതങ്ങളാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

**9. കൊറോണാക്കാലവും ഓൺലൈൻ വിശുദ്ധ കുർബാനയർപ്പണവും**

കൊറോണാ വൈറസ് വ്യാപന സമയത്ത് സർക്കാർ നടപ്പിലാക്കിയ അടച്ചിടൽമൂലം പള്ളികളിൽ വിശുദ്ധ കുർബാന അർപ്പിക്കാൻ തടസ്സമുണ്ടായിരുന്നതുകൊണ്ട് മിക്ക രൂപതകളിൽനിന്നും ഇടവകകളിൽനിന്നും ഓൺലൈനായി വിശുദ്ധ കുർബാനയർപ്പണം നടത്തുകയുണ്ടായി. അപ്പോഴാണ് ഓരോ രൂപതയിലും നിലവിലുള്ള വ്യത്യാസങ്ങളും അതുവഴിയുണ്ടാകുന്ന ഉതപ്പിന്റെ ആഴവും പരപ്പും ദുരന്തഫലങ്ങളും പരിശുദ്ധസിംഹാസനം ഉൾപ്പെടെയുള്ളവരുടെ സജീവശ്രദ്ധയിൽ പെട്ടത്.

വിശ്വാസിസമൂഹത്തിൽനിന്ന് പലരും ഇതുസംബന്ധമായി പരിശുദ്ധ സിംഹാസനത്തിലേക്ക് പരാതികൾ അയയ്ക്കുകയും എത്രയും വേഗം ഏകീകൃതരീതി എല്ലായിടത്തും നടപ്പാക്കാൻ സീറോമലബാർ മെത്രാന്മാരോട് ആവശ്യപ്പെടണം എന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. അതേത്തുടർന്നാണ് നമ്മുടെ സഭയിൽ വിശുദ്ധ കുർബാനയർപ്പണത്തിൽ 1999-ൽ സിനഡ് എത്തിച്ചേർന്ന ധാരണ എത്രയുംവേഗം നടപ്പാക്കണം എന്ന് ഒരു അസാധാരണ കത്ത് വഴി പരിശുദ്ധ പിതാവ് സഭാംഗങ്ങളോട് ആവശ്യപ്പെട്ടത്.

**10. വിശുദ്ധ കുർബാനയർപ്പണത്തിലെ ഏകീകൃതരീതി: ഏറ്റവും വലിയ തർക്കവിഷയം**

പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയത്തിന്റെ പ്രീഫക്ട് കർദ്ദിനാൾ ലെയൊനാർദൊ സാന്ദ്രി ഈ വിഷയസംബന്ധമായി അഭിവന്ദ്യ മേജർ ആർച്ച്ബിഷപ്പിന് അയച്ചകത്തിൽ ഇപ്രകാരം പറയുന്നു: ഇക്കാര്യത്തിലുള്ള ആശങ്കകളിൽ ഏറ്റവും ആദ്യത്തേത്, വിശുദ്ധ കുർബാനയർപ്പണത്തിലെ വിവിധ നിമിഷങ്ങളിലെ ദിശയെ സംബന്ധിച്ചാണ്. വളരെ കാലമായി നിലനില്ക്കുന്നതും അതീവ ഗൗരവമുള്ളതുമായ ഈ വിഭാഗീയത കോവിഡ് മഹാമാരിയുടെ കാലത്ത് നടന്ന ടെലിവിഷൻ സംപ്രേഷണങ്ങളിലൂടെയും സമൂഹ മാദ്ധ്യമങ്ങളിലൂടെയുള്ള തത്സമയ സ്ട്രീമിംഗിലൂടെയും കൂടുതൽ രൂക്ഷമായി. ഈ സാഹചര്യം, സംശയാതീതമായ അനുഷ്ഠാനവിധികൾ പ്രാബല്യത്തിലാക്കുന്നത്, ആവശ്യപ്പെടുന്നു. അതോടൊപ്പം അവയുടെ വിശ്വസ്തവും കൃത്യമായതുമായ അനുഷ്ഠാനവും ഉറപ്പാക്കാനുള്ള ഉത്തരവാദിത്വം ഓരോ മെത്രാനും ഏറ്റെടുക്കണം. 1999-ൽ സിനഡിന്റെ ആധികാരികമായ തീരുമാനം അംഗീകരിച്ച് അറിയിച്ചുകൊണ്ട് നല്കിയ സൂചനകളുടെ അടിസ്ഥാനത്തിലാകണം അത് എന്ന് ഈ കാര്യാലയം ചൂണ്ടിക്കാണിച്ചിരുന്നു. പുതിയ ആരാധനക്രമപുസ്തകത്തിൽ വ്യക്തമായ രീതിയിൽ അനുഷ്ഠാനവിധികൾക്ക് നിർദ്ദേശങ്ങൾ ഉണ്ടാകണം എന്ന് ഈ അവസരത്തിൽ ഞാൻ ഊന്നിപ്പറയുന്നു. എന്നാൽ, അത് മാത്രം പോരാ. പ്രത്യുത, സിനഡിന്റെ ഭാഗത്ത്നിന്ന് സംയോജിതമായും മെത്രാന്മാരുടെ ഭാഗത്ത് നിന്ന് വ്യക്തിപരമായും ഉള്ള ഒരു പ്രതിബദ്ധതയും ഉണ്ടാകണം. പരിശുദ്ധ പിതാവിന്റെ നിർദ്ദേശം നടപ്പാക്കുന്നതിൽ എതിർപ്പ് പ്രകടിപ്പിച്ച സിനഡ് അംഗങ്ങളുടെ വികാരങ്ങൾ മാനിച്ചില്ല എന്നും മറ്റുമുള്ള വാദഗതികൾ ഇപ്പറഞ്ഞതിന്റെ വെളിച്ചത്തിൽ അപ്രസക്തമാകുന്നു എന്ന് മനസ്സിലാക്കാം.

### 11. ഏകീകൃതരൂപത്തിൽനിന്നുള്ള ഇളവ്

1999-ൽ എടുത്ത തീരുമാനം നടപ്പാക്കുന്നതിൽ നിന്ന് ചില രൂപതകളിൽ ഇളവുകൾ കൊടുത്തിരുന്നു. അത് പൗരസ്ത്യ സഭകൾക്കായുള്ള കനോനാ സംഹിതയുടെ കാനോൻ 1538 #1 അനുസരിച്ചാണെന്നായിരുന്നു അന്ന് ബന്ധപ്പെട്ടവർ അവകാശപ്പെട്ടത്. എന്നാൽ, അത് ശരിയായിരുന്നില്ല എന്ന് കർദ്ദിനാൾ സാന്ദ്രി എഴുതുന്നു: ഇത്തരുണത്തിൽ പൗരസ്ത്യ സഭകളുടെ കാനോനാ സംഹിത കനോനാ 1538 #1 അനുസരിച്ച് ഇളവ് കൊടുക്കുന്നതിനെപ്പറ്റി കൃത്യത വരുത്തേണ്ടത് അത്യാവശ്യമാണ്. കാനോന സംഹിത പറയുന്നതുപോലെ ഒരു "പ്രത്യേക കാര്യത്തിൽ" "ആത്മീയ നന്മ" ലക്ഷ്യം വച്ച് മാത്രം ആ ഇളവുകൾ കൊടുക്കേണ്ടതാണ്. പൊതുനിയമങ്ങൾക്ക് വിരുദ്ധമായി നിയമാനുസൃതം അധികാരപ്പെടുത്താൻ പറ്റാത്ത ഏതെങ്കിലും കാര്യത്തിൽ കൊടുക്കുന്ന ഒരു പൊതു അനുവാദം പോലെ അത് കാണപ്പെടരുത് എന്നത് അതിന്റെ പ്രകൃതിയിൽ നിന്ന്തന്നെ വ്യക്തമാണ്. അതിനാൽ, കൃത്യമായി നിർവചിക്കപ്പെട്ട സമയത്തേക്കും പ്രത്യേക കാരണങ്ങൾ മുലവും മാത്രമേ മെത്രാന്മാർ അത്തരം ഇളവുകൾ ഉപയോഗിക്കാവൂ (ഉദാ: ബേമ്മ സ്ഥാപിക്കാനുള്ള സമയം...). ഇതുവരെ പറഞ്ഞതിൽ നിന്നെല്ലാം മനസ്സിലാകുന്നത് ഇത്തവണ പരിശുദ്ധ പിതാവും പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയവും തന്ന നിർദ്ദേശങ്ങളിൽ ഇളവ് കൊടുക്കാൻ പാടില്ല എന്ന് തന്നെയാണ്.

### 12. പരിശുദ്ധ പിതാവിന്റെ കത്ത് എങ്ങനെ മനസ്സിലാക്കണം? "പരിശുദ്ധ പിതാവ് ഉപദേശിക്കുകയാണ്, കല്പിക്കുകയല്ല"

പരിശുദ്ധപിതാവിന്റെ കത്ത് ഒരു ഉപദേശം മാത്രമാണ്, കല്പനയല്ല. അതുകൊണ്ട് അതിൽ പറയുന്ന കാര്യം ചെയ്യാൻ ആരെയും നിർബന്ധിക്കാൻ കഴിയില്ല എന്ന് പല കോണുകളിൽ നിന്നും വാദം ഉയർന്നിട്ടുണ്ട്. എന്നാൽ, സത്യാവസ്ഥ അതല്ല. പരിശുദ്ധ പിതാവ് കത്ത് എഴുതിയിരിക്കുന്നത് കല്പനയായിട്ടല്ല, പ്രത്യുത, ഉപദേശരൂപേണയാണ് എന്നത് സത്യമാണ്. എന്നാൽ, അത് അനുസരിക്കാൻ ആരും നിർബന്ധിക്കപ്പെടുന്നില്ല എന്ന വാദം ശരിയല്ല. ഈ കത്തിലെ മറ്റ് ചില സൂചനകളും നാം കാണാതെ പോകരുത്. വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കായിൽനിന്ന് എന്ന പതിവ് ശൈലി വിട്ട്, സെന്റ് ജോൺ ലാറ്ററനിൽനിന്ന് എന്നാണ് കത്തിൽ സ്ഥലം വച്ചിരിക്കുന്നത്.

ഒപ്പിട്ടിരിക്കുന്ന ആളിന്റെ പേര് ഫ്രാൻസിസ് എന്നു മാത്രമായി എഴുതിയിരിക്കുന്നു. പാപ്പ എന്ന വിശേഷണമൊന്നും ചേർത്തിട്ടില്ല. റോമാ മെത്രാൻ എന്നുപോലും അവിടെ എഴുതിയിട്ടില്ല. ഇതിൽ നിന്നെല്ലാം നമ്മൾ എന്തെങ്കിലും മനസ്സിലാക്കേണ്ടതുണ്ടോ? ധാരാളമുണ്ട് എന്നതാണ് സത്യം.

ഇത് മനസ്സിലാക്കാനുള്ള താക്കോൽ വാക്യം വിശുദ്ധ പത്രോസിന്റെ ലേഖനത്തിലുണ്ട്. അതിപ്രകാരമാണ് : "ഒരു സഹശ്രേഷ്ഠനും ക്രിസ്തുവിന്റെ സഹനങ്ങളുടെ ദൃക്സാക്ഷിയും വെളിപ്പെടാനിരിക്കുന്ന മഹത്വത്തിന്റെ പങ്കാരനും എന്ന നിലയിൽ ഞാൻ നിങ്ങളുടെ ഇടയിലെ ശ്രേഷ്ഠന്മാരെ ഉപദേശിക്കുന്നു" (1 പത്രോസ് 2, 1). പരിശുദ്ധ പിതാവ് നമുക്കെഴുതിയത് കർത്താവിന്റെ സഭയെ നയിക്കാൻ അവിടുന്ന് ഭരമേല്പ്പിച്ച ശ്രേഷ്ഠന്മാരുടെ തലവൻ എന്ന നിലയിലാണ്. അഥവാ റോമാ സഭയുടെ അജപാലകൻ എന്ന നിലയിലാണ് അദ്ദേഹം മറ്റു സഭകളുടെ അജപാലകരെ ഉപദേശിക്കുന്നത്. ഇവിടെ ശ്രേഷ്ഠൻ എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് നേതൃത്വത്തിൽ ഉള്ളയാൾ എന്നാണ്. അതൊരു ദൈവശാസ്ത്ര തത്വമാണ്. കാനോനിക തത്വമല്ല. നമ്മുടെ നാട്ടിൽ ഗോത്രജനങ്ങൾക്ക് നാട്ടുമൂപ്പന്മാരുണ്ട്. ഉത്തരഭാരതത്തിൽ ഗ്രാമമൂപ്പന്മാർ അല്ലെങ്കിൽ മുഖ്യന്മാരുണ്ട്. അവരുടെ വാക്കുകൾ ഗോത്രത്തിലെ അംഗങ്ങൾ അല്ലെങ്കിൽ ഗ്രാമവാസികൾ ചോദ്യം ചെയ്യാതെ അംഗീകരിക്കുന്നതാണ് പതിവ്. അതുപോലെ ഇസ്രായേലിൽ മൂപ്പന്മാരുണ്ടായിരുന്നു. ആ പതിവ് സഭയിലേക്കും കടന്ന്വന്നു.

കർത്താവ് പത്രോസിനോട് പറയുന്ന ഒരു ഭാഗവും ഇവിടെ പ്രസക്തമാണ് : "ശിമയോൻ, ശിമയോൻ, ഇതാ സാത്താൻ നിങ്ങളെ ഗോതമ്പ് പോലെ പാറ്റാൻ ഉദ്യമിച്ചു. എന്നാൽ, നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്ക് വേണ്ടി പ്രാർത്ഥിച്ചു. നീ തിരിച്ച് വന്ന് നിന്റെ സഹോദരരെ ശക്തിപ്പെടുത്തണം" (ലൂക്കാ 22,32). തന്റെ സഹോദരരെ ശക്തിപ്പെടുത്തുന്ന പത്രോസിനെയാണ് പരാമർശിതമായ കത്തിലൂടെ നാം കണ്ടു മുട്ടുന്നത്. ഈശോമിശിഹായിലുള്ള വിശ്വാസത്തിൽ ഉറച്ച് നില്ക്കേണ്ടത് എങ്ങിനെയെന്ന് അദ്ദേഹം തന്റെ സഭാസമൂഹത്തെ ഉപദേശിച്ചതിന്ശേഷം സൂചിപ്പിക്കുന്ന വചനഭാഗവും ഇവിടെ പ്രസക്തമാണ് : "നിങ്ങൾ ഇക്കാര്യങ്ങൾ അറിയുകയും നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന സത്യത്തിൽ ഉറച്ച് നില്ക്കുകയും ചെയ്യുന്നെങ്കിലും അവയെക്കുറിച്ച് എപ്പോഴും നിങ്ങളെ ഞാൻ ഓർമ്മി

പ്പിച്ചുകൊണ്ടിരിക്കും. ഞാൻ ഈ കൂടാരത്തിൽ ആയിരിക്കുന്നിടത്തോളം കാലം ഓർമ്മപ്പെടുത്തൽ വഴി നിങ്ങളെ ഉണർത്തുന്നത് ഉചിതമാണെന്ന് കരുതുന്നു" (2 പത്രോസ് 1: 12-13).

കത്തിൽ അഭിസംബോധന ചെയ്യപ്പെട്ടിരിക്കുന്ന മെത്രാന്മാരെപ്പോലെ തന്നെ പരിശുദ്ധ പിതാവും ഒരു പ്രാദേശിക സഭയുടെ, റോമാ സഭയുടെ, അജപാലകനാണ്. ഒരു ക്രിസ്ത്യാനി അല്ലെങ്കിൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ സമൂഹം 'കത്തോലിക്കൻ' അല്ലെങ്കിൽ 'കാതോലികം' ആണെന്ന് പറയുന്നത് റോമാ മെത്രാനോടും റോമാ സഭയോടും കൂട്ടായ്മയിൽ ആയിരിക്കുമ്പോഴാണ്. അദ്ദേഹത്തിന്റെ ഉപദേശം ഭരണപരമായ ഒരു പ്രവൃത്തിയല്ല. പ്രത്യുത, അജപാലനപരമാണ്. അതുകൊണ്ടാണ് കല്പിക്കുന്നു, ഉത്തരവിടുന്നു എന്നൊന്നും എഴുതാത്തത്. അതിനർത്ഥം അത് സ്വീകരിക്കണ്ട എന്നല്ല. മാതാപിതാക്കൾ മക്കളോട് കല്പിക്കുന്നു, ഉത്തരവിടുന്നു എന്നൊന്നും പറയാറില്ല. അവർ ഉപദേശിക്കുകയാണ് ചെയ്യുന്നത്. അതിനർത്ഥം അവർ അത് മനസ്സുണ്ടെങ്കിൽ സ്വീകരിച്ചാൽ മതി എന്നല്ല.

റോമാ മെത്രാന്റെ ആസ്ഥാനം സെന്റ് ജോൺ ലാറ്ററൻ ആണ്. വത്തിക്കാൻ ആഗോളസഭയുടെ തലവന്റെ ആസ്ഥാനമാണ്. ഈ കത്തെഴുതുന്നതിന് വിശ്വാസപരവും ദൈവശാസ്ത്രപരവുമായ ഒരു അർത്ഥമാണുള്ളത് എന്ന് സൂചിപ്പിച്ചല്ലൊ. അത് റോമാ മെത്രാനും റോമാ സഭയുമായുള്ള കൂട്ടായ്മയുടെ പ്രശ്നമാണ്. അതുകൊണ്ടാണ് വത്തിക്കാനിൽ നിന്ന് എന്നെഴുതാത്തത് എന്നുവേണം മനസ്സിലാക്കാൻ. പത്രോസിന്റെ പിൻഗാമിയാണ് റോമാ സഭയുടെ തലവൻ. ആ നിലയിൽ എഴുതുന്നതുകൊണ്ടാണ് പാപ്പാ എന്ന് എഴുതാത്തത്. സെന്റ് ജോൺ ലാറ്ററൻ എന്ന് സ്ഥലപ്പേർ വച്ചിരിക്കുന്നതിലൂടെ താൻ എഴുതുന്നത് ആ നിലയിലാണെന്ന് പറയാതെ പറയുകയാണ് പരിശുദ്ധ പിതാവ് ചെയ്യുന്നത്. ഇപ്പോൾ തന്നിരിക്കുന്ന ഉപദേശം നമ്മുടെ കത്തോലിക്കതയുടെ അളവുകോലാണ് എന്ന് അപ്പസ്തോലിക്ക് ന്യുൻഷ്യോ താഴെ ഉദ്ധരിച്ചിട്ടുള്ള തന്റെ പ്രസംഗമദ്ധ്യേ സൂചിപ്പിച്ചതും അതുകൊണ്ടാണ്.

**13. മെത്രാന്മാരെയും വൈദികരെയും സമർപ്പിതരെയും അല്മായ വിശ്വാസികളെയും അഭിസംബോധന ചെയ്യാൻ കാരണം**

1999-ലെ തീരുമാനം നടപ്പാക്കാൻ തടസ്സമായി നിന്ന കാരണങ്ങൾ നിലനില്ക്കുന്നതിനാൽ വീണ്ടും സിനഡിന് അക്കാര്യം നടപ്പാക്കുക

എളുപ്പമായിരുന്നില്ല. മാത്രമല്ല, സഭാപ്രബോധനമനുസരിച്ച് പൗരസ്ത്യ സഭകളുടെ സിനഡ് എടുക്കുന്ന തീരുമാനങ്ങൾ സഭയിലെ പരമോന്ന താധികാരം അംഗീകരിക്കുന്നതോടെ ആ തീരുമാനങ്ങൾ ആ പരമോന്നത അധികാരിയുടേതായി മാറുകയും ചെയ്യുന്നു. അതുപോലെ സിനഡിന്റെ തീരുമാനം ആ അധികാരത്തിലുള്ള പങ്ക് പറ്റലും ആകുന്നു. ഇക്കാര്യം 1996-ലെ സിനഡിൽ ഫാ. ഈവാൻ ഷൂഷെക്ക് അവതരിപ്പിച്ച പ്രബന്ധത്തിൽ എടുത്ത് പറയുന്നുമുണ്ട്. അങ്ങനെയാണ് മേജർ ആർച്ച് ബിഷപ്പിനും സിനഡിനും മുകളിലുള്ള അധികാരിയായ പരിശുദ്ധപിതാവ് നേരിട്ട് ഇടപെട്ടതും സിനഡിന്റെ തീരുമാനം ഉടനടി നടപ്പിൽ വരുത്തുന്ന പ്രക്രിയയുമായി മുന്നോട്ട് പോകാൻ ഉപദേശിച്ചുകൊണ്ട് പരിശുദ്ധ സിംഹാസനത്തിന്റെ പതിവിൽനിന്ന് അല്പം വിഭിന്നമായിതന്നെ അദ്ദേഹം നേരിട്ട് ഒരു കത്തിലൂടെ ആ കാര്യം മെത്രാന്മാരോടും വൈദികരോടും സമർപ്പിതരോടും അല്മായരോടും ആവശ്യപ്പെടുകയും ചെയ്തത്. അതിലൂടെ ഏകീകൃതരൂപം നടപ്പാക്കുന്നത് അദ്ദേഹം അഭിസംബോധന ചെയ്തിട്ടുള്ള ഓരോ വ്യക്തിയുടെയും വ്യക്തിപരമായ ഉത്തരവാദിത്വമായി മാറുന്നു. അക്കാര്യത്തിൽ സിനഡ് അല്ലെങ്കിൽ മേജർ ആർച്ച്ബിഷപ്പ് എന്ത് പറയുന്നു എന്നത് പ്രസക്തമല്ല. (കാണുക: Fr. Ivan Zuzek S.J., "Functioning of Synods in Oriental Churches" in Fr Jose Porunnedom, ed. Acts of the Synod of Bishops of the Syro-Malabar Church held in the Vatican from 8 to 16 January 1996, Mount St Thomas, 1996, pp. 59-60). മേജർ ആർച്ച്ബിഷപ്പും സിനഡും തീരുമാനിച്ച കാര്യം നടപ്പാക്കാനുള്ള ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ ഇനി ആർക്കും യാതൊരു നീതീകരണവുമില്ല എന്നതാണതിനർത്ഥം. സഭയിൽ എല്ലാവരും നടപ്പാക്കിയാൽ ഞങ്ങളും നടപ്പാക്കാം എന്ന നിലപാടിനും സ്ഥാനമില്ല എന്നും ഇതുകൊണ്ട് പരിശുദ്ധ പിതാവ് അർത്ഥമാക്കുന്നു.

ഇക്കാര്യം സൂചിപ്പിച്ചുകൊണ്ട് പരിശുദ്ധ സിംഹാസനത്തിന്റെ ഇൻഡ്യയിലെ സ്ഥാനപതി, ആർച്ച്ബിഷപ് ലെയോപ്പോൾഡൊ ജിറെല്ലി 2021 ഓഗസ്റ്റ് മാസം 16 മുതൽ 27 വരെ ഓൺലൈനായി നടത്തിയ സീറോമലബാർ മെത്രാൻ സിനഡിൽ, നടത്തിയ പ്രസംഗമദ്ധ്യേ ഇപ്രകാരം പറഞ്ഞു: അനാവശ്യമായ സംഘർഷങ്ങൾ ഒഴിവാക്കുന്നതിനും കൂട്ടായ്മ നിലനിർത്തുന്നതിനും പരിശുദ്ധ പിതാവ് വളരെ വ്യക്തമായി അംഗീകരിച്ച, പരിശുദ്ധ സിനഡിന്റെ, ആരാധനക്രമത്തിലുള്ള ഐക്യം എന്ന തീരുമാനം, എളിമയോടുകൂടി സ്വീകരിക്കാൻ നിങ്ങളുടെ എല്ലാ വൈദികരേയും പ്രോൽസാഹിപ്പിക്കാൻ നിങ്ങളെ ഞാൻ ക്ഷണിക്കുന്നു.

സീറോമലബാർ മെത്രാന്മാർ എത്രമാത്രം അവധാനതയോടെ ഏകീകൃത കുർബാനയർപ്പണം എന്ന തീരുമാനം തങ്ങളുടെ രൂപതകളിൽ നടപ്പാക്കാൻ ബാദ്ധ്യസ്ഥരായിരിക്കുന്നു എന്ന് ഇതിൽനിന്നെല്ലാം വ്യക്തമാകുന്നുണ്ട്. ഇക്കാര്യത്തിൽ മെത്രാന്മാർക്കും വൈദികർക്കും പ്രത്യേക ഉത്തരവാദിത്വമുണ്ട് എന്നതും അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്ന് വ്യക്തമാണല്ലോ.

**14. മെത്രാന്മാരുടെയും വൈദികരുടെയും പ്രത്യേക ഉത്തരവാദിത്വം**

മെത്രാൻപട്ടവും പുരോഹിതപട്ടവും സ്വീകരിക്കുമ്പോൾ അർത്ഥികൾ നടത്തുന്ന സത്യപ്രതിജ്ഞയിൽ ഏറ്റുചൊല്ലുന്ന ഒരു വാചകം ഇത്തരുണത്തിൽ പ്രത്യേകം സ്മരണീയമാണ് : റോമിലെ മാർപ്പാപ്പയോ മെത്രാൻ സംഘമോ ഔദ്യോഗിക പ്രബോധനാധികാരം ഉപയോഗിച്ച് പഠിപ്പിക്കുന്നവ, അവർ അവയെ നിയതമായി നിർവചിക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിലും, അവയോടുള്ള വിശ്വാസപൂർവകമായ വിധേയത്വം പൂർണ്ണമായ അറിവോടും സമ്മതത്തോടുംകൂടി ഞാൻ ഏറ്റു പറയുന്നു. പത്രോസിന്റെ പിൻഗാമിയും സാർവത്രിക സഭയുടെ തലവനുമായ മാർപ്പാപ്പയെ പൂർണ്ണഹൃദയത്തോടെ അനുസരിച്ച് കൊള്ളാമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ ... മെത്രാപ്പോലീത്തായോട് സഭാനിയമം അനുശാസിക്കുന്ന എല്ലാക്കാര്യങ്ങളിലും പൂർണ്ണമായ വിധേയത്വം ഞാൻ ഏറ്റുപറയുന്നു. എന്നാൽ, പുരോഹിതാർത്ഥികൾ ഞങ്ങളുടെ മേലദ്ധ്യക്ഷനും പിതാവുമായ മാർ ..... മെത്രാനെ പൂർണ്ണഹൃദയത്തോടും വിധേയത്വത്തോടും കൂടി അനുസരിച്ച് കൊള്ളാമെന്നും അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ പിൻഗാമികളുടെയും കല്പനകൾ ഒരിക്കലും ലംഘിക്കയില്ലെന്നും ഞാൻ ഏറ്റുപറയുന്നു എന്നുകൂടി പറയുന്നുണ്ട്. ചെറിയ വ്യത്യാസങ്ങളോടെ സമർപ്പിതസമൂഹങ്ങളിലെ അർത്ഥികളും ഈ പ്രതിജ്ഞ ഏറ്റു ചൊല്ലുന്നുണ്ട്.

വിശുദ്ധ കുർബാനയർപ്പണത്തിനുള്ള ഏകീകൃതരീതി നടപ്പാക്കാനായി റോമാ മാർപ്പാപ്പയും മെത്രാൻ സിനഡും മേജർ ആർച്ച്ബിഷപ്പും തന്നിട്ടുള്ള നിർദ്ദേശങ്ങൾ ഏത് മനോഭാവത്തോടെ മെത്രാന്മാരും വൈദികരും സ്വീകരിക്കണം എന്ന് ഇതിൽനിന്ന് വ്യക്തമാണ്. ഹെബ്രായർ ലേഖനവും ഈ കാര്യത്തിൽ ചില മാർഗനിർദ്ദേശങ്ങൾ നല്കുന്നുണ്ട്: നിങ്ങളുടെ നേതാക്കന്മാരെ അനുസരിക്കുകയും അവർക്ക് വിധേയരായിരിക്കുകയും ചെയ്യുവിൻ. കണക്കേല്പ്പിക്കാൻ കടപ്പെട്ട മനുഷ്യരേപ്പോലെ അവർ നിങ്ങളുടെ ആത്മാക്കളുടെ മേൽനോട്ടം വഹിക്കുന്നു. അങ്ങനെ

അവർ സന്തോഷപൂർവം സങ്കടം കൂടാതെ ആ കൃത്യം ചെയ്യുന്നതിന് ഇടയാകട്ടെ. അല്ലെങ്കിൽ അത് നിങ്ങൾക്ക് പ്രയോജനരഹിതമായിരിക്കും (ഹെബ്രാ. 13: 17).

**15. പരിശുദ്ധ പിതാവിനോടുള്ള വിധേയത്വം: കത്തോലിക്കാ സ്വത്വം തിരിച്ചറിയാനുള്ള അടയാളം**

കത്തോലിക്കാ സഭയിലെ ഏറ്റവും അവസാനത്തെ വാക്ക് പറയുന്നത്, ഭൂമിയിൽ ഈശോമിശിഹായുടെ പ്രതിനിധിയും ശ്ലീഹന്മാരുടെ തലവനായ വിശുദ്ധ പത്രോസിന്റെ പിൻഗാമിയുമായ റോമാ മാർപ്പാപ്പയാണ്. ക്രൈസ്തവവ്യക്തികളും സമൂഹങ്ങളും കത്തോലിക്കാ കൂട്ടായ്മയിലാകുന്നത് അദ്ദേഹത്തോടും റോമാസഭയോടും കൂട്ടായ്മയിൽ ആയിരിക്കുമ്പോഴാണ് എന്ന് മുകളിൽ സൂചിപ്പിച്ചല്ലോ. ഇക്കാര്യം ഓർമ്മപ്പെടുത്തിക്കൊണ്ട് പരിശുദ്ധ സിംഹാസനത്തിന്റെ ഇൻഡ്യയിലെ സ്ഥാനപതി സിനഡംഗങ്ങളെ ഇപ്രകാരം ഓർമ്മപ്പെടുത്തി: "നാം പങ്ക് വയ്ക്കുന്ന പാത നമ്മളെ എങ്ങോട്ട് നയിച്ചാലും പത്രോസിനോടൊപ്പവും പത്രോസിന് വിധേയപ്പെട്ടും (cum Petro et sub Petro) നാം ആയിരിക്കുമ്പോൾ നമ്മൾ കർത്താവിന്റെ പരിപാലനയിലും തിന്മകളിൽ നിന്ന് സംരക്ഷിതരും ആണെന്നുള്ള ഉറപ്പുണ്ട്. പരിശുദ്ധ പിതാവിന്റെ അജപാലന ശുശ്രൂഷയും മാർഗനിർദ്ദേശവും നാം അംഗീകരിക്കുന്നതാണ് നമ്മുടെ കത്തോലിക്കാ സ്വത്വം തിരിച്ചറിയാനുള്ള അടയാളം." അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമാണ് എന്ന് സാമുവൽ പ്രവാചകൻ സാവൂൾ രാജാവിനെ ഓർമ്മപ്പെടുത്തുന്നത് ഇത്തരുണത്തിൽ സ്മരണാർഹമാണ് (1 സാമു. 15:22). ഇക്കാര്യം അഭിവന്ദ്യ മേജർ ആർച്ച്ബിഷപ്പ് സഭാംഗങ്ങൾക്കയച്ച സിനഡനന്തര ഇടയലേഖനത്തിലും എടുത്തു പറയുന്നുണ്ട്.

**16. സഭയിലെ ഏറ്റവും ഉന്നതമായ പ്രബോധനാധികാരത്തിൽ നിന്നുള്ള ഉപദേശം**

മേല്പറഞ്ഞ കത്ത് പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ അദ്ദേഹത്തിന്റെ സ്വന്തം ഔദ്യോഗിക മുദ്ര (Coat of Arms) യുള്ള ലെറ്റർ പാഡിലാണ് എഴുതിയിരിക്കുന്നത്. കത്തിൽ അദ്ദേഹം സ്വന്തം ഒപ്പും പതിച്ചിരിക്കുന്നു. സാധാരണ രീതിയിൽ പരിശുദ്ധ പിതാവ് അങ്ങനെ ചെയ്യാറില്ല. അതിനർത്ഥം ഈ കത്തിൽ ചെയ്യാനായി ആവശ്യപ്പെട്ടിരിക്കുന്ന കാര്യത്തിന്മേൽ മറിച്ചൊരു തീരുമാനമെടുക്കാൻ മറ്റാർക്കും അധികാരമോ അവകാശമോ ഇല്ല എന്നുള്ളതാണ്. അതിൽ ആവശ്യപ്പെട്ടിരിക്കുന്നത് നടപ്പാക്കുക മാത്രമേ ചെയ്യാനുള്ളു. ഏതൊരു പരിഷ്കൃതസമൂഹത്തിലും

തർക്കവിഷയങ്ങൾ ഇങ്ങനെയാണ് തീരുമാനിക്കപ്പെടുന്നത്. കക്ഷികൾക്ക് പൂർണ്ണതൃപ്തി ഇല്ലെങ്കിലും അവസാനത്തെ അധികാരിയുടെ വിധി പ്രസ്താവം നടപ്പാക്കാൻ എല്ലാവരും ബാദ്ധ്യസ്ഥരാണ്. ദീർഘനാളായി ഈ വിഷയത്തിൽ എല്ലാ ഭാഗത്ത് നിന്നും ലഭിച്ചിട്ടുള്ള അറിവുകൾ കൂലംകഷമായി പഠിക്കുകയും വിശകലനം ചെയ്യുകയും ചെയ്ത ശേഷമാണ് ഈ കത്ത് എഴുതിയിരിക്കുന്നത് എന്നതിനാൽ ഇതിന്മേൽ ഇനിയും ഒരു അപ്പീലിന് പ്രസക്തിയില്ല എന്നതും ശ്രദ്ധേയമാണ്. പരിശുദ്ധ പിതാവ് തെറ്റിദ്ധരിക്കപ്പെട്ടു, സിനഡ് തീരുമാനം അടിച്ചേല്പ്പിക്കുന്നു തുടങ്ങി മറിച്ചുള്ള വാദങ്ങൾക്ക് ഇനി പ്രസക്തിയില്ല എന്ന് ചുരുക്കം.

### 17. കത്തിന്റെ ഗൗരവം സൂചിപ്പിക്കുന്ന മറ്റ് കാര്യങ്ങൾ

ഇനിയുമുണ്ട് പരിശുദ്ധ പിതാവ് എഴുതിയ കത്തിന് പ്രത്യേകതകൾ. കത്തിന്റെ ഉള്ളടക്കം പരിശുദ്ധ സിംഹാസനത്തിന്റെ ഔദ്യോഗികമായ രേഖകൾ നടപ്പിൽ വരുത്തുന്ന രീതിയിൽ വത്തിക്കാൻ റേഡിയോയിലൂടെ പ്രഖ്യാപിക്കുകയും പരിശുദ്ധ സിംഹാസനത്തിന്റെ രേഖകളും പ്രവർത്തനങ്ങളും പ്രസിദ്ധീകരിക്കുന്ന Acta Apostolicae Sedis - AAS എന്ന പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. മാത്രമല്ല കത്ത് ദിനംപ്രതിയുള്ള പത്രക്കുറിപ്പിലൂടെ മാദ്ധ്യമങ്ങൾക്ക് കൊടുക്കുകയും ചെയ്തു. പരിശുദ്ധ പിതാവും അദ്ദേഹത്തിന്റെ കൂരിയായും നമ്മുടെ ആരാധനക്രമ വിഷയത്തിൽ എത്രമാത്രം ശ്രദ്ധ കൊടുക്കുന്നു എന്നും എത്ര ഗൗരവത്തോടെ പരിഗണിക്കുന്നു എന്നുമുള്ളതിന്റെ സൂചനകളാണ് ഇതെല്ലാം.

a. സമയം സ്ഥലത്തേക്കാൾ വലുതാണ് (Time is greater than space - Evangelii Gaudium, Nos. 222-225) - സംഘർഷത്തിനു മേൽ ഐക്യം നിലനില്ക്കുന്നു (Unity prevails over conflict - Nos. 226-230)

സമയം സ്ഥലത്തേക്കാൾ വലുതാണ് (Time is greater than space -Evangelii Gaudium, Nos. 222-225) എന്നും സംഘർഷത്തെ ഐക്യം കീഴടക്കുന്നു (Unity prevails over conflict - Nos. 226-230) എന്നും പരിശുദ്ധ പിതാവ് തന്റെ കത്തിൽ പറയുന്നുണ്ട്. അതെപ്പറ്റിയും ചിലത് മനസ്സിലാക്കേണ്ടതുണ്ട്. കാരണം, പരിശുദ്ധ പിതാവിന്റെ കത്ത് പരസ്യമായതു മുതൽ മനഃപൂർവമോ അല്ലാതെയോ വളരെയധികം ദുർവ്യാഖ്യാനം ചെയ്യപ്പെട്ട ഭാഷാപ്രയോഗമാണത്. ഈ പ്രയോഗം അദ്ദേഹം സുവിശേഷത്തിന്റെ ആനന്ദം (Evangelii Gaudium) എന്ന തന്റെ ചാക്രികലേഖനത്തിൽ നിന്ന്

ഉദ്ധരിച്ചിട്ടുള്ളതാണ്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ 1995 മെയ് 2-ന് എഴുതിയ കിഴക്കിന്റെ സൂര്യൻ (Orientale Lumen) എന്ന അപ്പസ്തോലിക ലേഖനത്തിലും ഇതേ ആശയം കാണാം (നമ്പർ 8). സമയം സ്ഥലത്തേക്കാൾ വലുതാണ് എന്നതുകൊണ്ട് ഫ്രാൻസീസ് പാപ്പ അർത്ഥമാക്കുന്നത് ചരിത്രത്തിൽ ഇടപെടുന്ന ദൈവത്തിന്റെ പ്രവർത്തനത്തിന് നാം വിധേയപ്പെടുക എന്നാണ്. നമ്മുടെ സഭയിൽ എന്തെല്ലാം സംഭവിച്ചിട്ടുണ്ടോ അവിടെയെല്ലാം ദൈവത്തിന്റെ അറിവും സമ്മതവും ഉണ്ടായിരുന്നു. അതിന് അവിടുത്തേക്ക് ഒരു ലക്ഷ്യവും ഉണ്ടായിരുന്നു. ഇനിയും അങ്ങനെ തന്നെ ആയിരിക്കും. അതുകൊണ്ട് ഒരു കാര്യത്തിന് ഇത്ര സമയം കൊണ്ട് നമ്മളുദ്ദേശിക്കുന്ന ഫലം കിട്ടണം എന്ന് വാശി പിടിക്കാതെ കാര്യങ്ങൾ ചെയ്യാൻ ആരംഭിക്കുകയും കാലത്തിന്റെ പൂർണ്ണതയിൽ ദൈവത്തിന്റെ ഇടപെടൽ മൂലം ഫലം ഉളവാകാൻ അനുവദിക്കുകയും ചെയ്യുക എന്നതാണ്. ഏകീകൃത വിശുദ്ധ കുർബാനയർപ്പണ രീതിയുടെ കാര്യത്തിലും ഇത് മറന്ന് പോകാതെ, ഇപ്പോൾ അദ്ദേഹം പറഞ്ഞതുപോലെ സിനഡ് തീരുമാനം നടപ്പാക്കാൻ ആരംഭിക്കുകയും കാലത്തിന്റെ തികവിൽ ആവശ്യമായ മാറ്റങ്ങളോടെ അത് പൂർണ്ണത പ്രാപിക്കും എന്ന് പ്രതീക്ഷിക്കുകയും ചെയ്യുക എന്നാണ് അദ്ദേഹം സൂചിപ്പിക്കുന്നത്. കിഴക്കിന്റെ സൂര്യൻ എന്ന അപ്പസ്തോലിക ലേഖനത്തിൽ വിശുദ്ധ ജോൺ പോൾ പാപ്പ എഴുതുന്നു: "സമയം ദൈവത്തിന്റേതാണ്. സമയത്തിന്റെ മുമ്പോട്ടുള്ള ഗമനത്തിൽ സംഭവിക്കുന്ന കാര്യങ്ങളെ ദൈവരാജ്യത്തിന്റെ പൂർണ്ണതയുമായി താദാത്മ്യപ്പെടുത്തരുത്. കാരണം ദൈവരാജ്യത്തിന്റെ പൂർണ്ണത ദൈവത്തിൽ നിന്നുള്ള ഒരു ദാനമാണ്" (നമ്പർ.8).

സഭയിലെ പാരമ്പര്യങ്ങളെപ്പറ്റി പറയുന്നിടത്താണ് പരിശുദ്ധ പിതാവ് ഈ പരാമർശം നടത്തുന്നത് എന്നത് ശ്രദ്ധേയമാണ്. ഒരു കാലഘട്ടത്തിൽ സഭയിൽ ചെയ്തിരുന്നതും സംഭവിച്ചതുമെല്ലാം പരമമായ സുവർണ്ണ നിയമവും പരമമായ സത്യവും ആയി ഗണിക്കാനുള്ള സഭകളുടെ പ്രലോഭനത്തിനെതിരെ അദ്ദേഹം മുന്നറിയിപ്പും തരുന്നുണ്ട്. അതായത് ഇപ്പോൾ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ തന്നിരിക്കുന്ന ഉപദേശം ഏതെങ്കിലും ഒരു കക്ഷിയുടെ വിജയമോ പരാജയമോ ആയി ആരും കാണരുത്. അങ്ങനെ ആരും ആഘോഷിക്കാനും പാടില്ല. കിഴക്കിന്റെ സൂര്യൻ എന്ന അപ്പസ്തോലിക ലേഖനത്തിൽ എന്താണ് പാരമ്പര്യം എന്നും എങ്ങിനെയാണ് നാം അതിനെ നമ്മുടെ വിശ്വാസജീവിതത്തിൽ

പരിഗണിക്കേണ്ടത് എന്നും വളരെ സമ്യക്കായി വിശുദ്ധ ജോൺ പോൾ പാപ്പ വിശദീകരിക്കുന്നുണ്ട്. തർക്കങ്ങൾ ഒഴിവാക്കി സമവായത്തിൽ എത്താൻ അത്തരം പ്രബോധനങ്ങൾ ശരിയായി മനസ്സിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പരിശുദ്ധ പിതാവ് തന്റെ കത്തിൽ വിശുദ്ധ കുർബാനയർപ്പണത്തെപ്പറ്റിയുള്ള ദൈവശാസ്ത്രപരമോ പാരമ്പര്യ പരമായതോ ആയ ഒന്നും സൂചിപ്പിക്കുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അതുപോലെതന്നെ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയവും ഇതേ നിലപാട് തന്നെയാണ് സ്വീകരിച്ചിരിക്കുന്നത്. അപ്പസ്തോലിക്ക് ന്യുൻഷ്യോ തന്റെ പ്രസംഗത്തിലും ഇക്കാര്യം പരാമർശിക്കുന്നില്ല. അതിനർത്ഥം ഇപ്പോൾ അത്തരം വിഷയങ്ങൾക്കല്ല, പ്രത്യുത സഭയിൽ ശാന്തിയും സമാധാനവും സാഹോദര്യവും കൂട്ടായ്മയും വർദ്ധിപ്പിക്കുന്നതാണ് പ്രധാനപ്പെട്ട നടപടി എന്നാണ്. മറ്റ് വാക്കുകളിൽ, പാരമ്പര്യങ്ങളുടെ പുനരുദ്ധാരണത്തെപ്പറ്റിയും നവീകരണ ത്തെപ്പറ്റിയും സാംസ്കാരികാനുരൂപണത്തെപ്പറ്റിയും മറ്റും ഉള്ള ചർച്ചകൾ ഇപ്പോൾ തന്നിട്ടുള്ള ഉപദേശം നടപ്പാക്കിയിട്ട് ആകാം എന്നർത്ഥം.

സംഘർഷത്തെ ഐക്യം കീഴടക്കുന്നു എന്നതുകൊണ്ട് പരിശുദ്ധ പിതാവ് അർത്ഥമാക്കുന്നത് തർക്ക വിഷയങ്ങളിൽ നിന്ന് ഒളിച്ചോടാതെയും അവയെ കണ്ടില്ലെന്ന് നടിക്കാതെയും പരിഹാരത്തിനായി കുറുക്കു വഴികൾ തേടാതെയും അവയെ നേർക്കുനേർ നേരിട്ട് സമവായത്തിൽ എത്തിക്കുക എന്നതാണ്. അപ്പോൾ ആദ്യത്തേതിലും മെച്ചപ്പെട്ട സാഹചര്യം സൃഷ്ടിക്കപ്പെടും എന്നും അദ്ദേഹം വിവക്ഷിക്കുന്നു. തർക്ക വിഷയമായിരിക്കുന്ന ഏകീകൃത വിശുദ്ധ കുർബാനയർപ്പണ രീതിയ്ക്കും ഇത് ബാധകമാണ്. അതാണ് ഇപ്പോൾ അദ്ദേഹം തന്റെ കത്തിലൂടെ ചെയ്തിരിക്കുന്നത്. ഏകീകൃത വിശുദ്ധ കുർബാനയർപ്പണത്തിനുള്ള തീരുമാനം നടപ്പാക്കുമ്പോൾ പരിശുദ്ധാത്മാവ് നമ്മുടെയിടയിൽ സ്വരച്ചേർച്ചയും സാഹോദര്യവും ഐക്യവും വളർത്തും എന്ന് അദ്ദേഹം ആശംസിക്കുന്നത് അതുകൊണ്ടാണ്. കാരണം വിശുദ്ധ പൗലോസ് ശ്ലീഹാ എഴുതുന്നു: സ്വർഗരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല; പ്രത്യുത, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷ വുമാണ്” (1 കൊറി. 14:17). എന്തെന്നാൽ, ദൈവം കോലാഹലത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമാണ്” (1 കൊറി. 14:33).

b. ദൈവജനത്തോടൊപ്പമുള്ള സഭാത്മക നടത്തം (Ecclesial walking together)

ദൈവജനത്തോടൊപ്പമുള്ള സഭാത്മകമായ നടത്തം (Ecclesial walking together with God's People) എന്നത് പരിശുദ്ധ പിതാവ് തന്റെ കത്തിൽ ഉപയോഗിച്ചിരിക്കുന്ന മറ്റൊരു ഭാഷാ പ്രയോഗമാണ്. ഇതും ഏറെ തെറ്റിദ്ധരിക്കപ്പെടുകയും തർക്കവിഷയമാകുകയും ചെയ്തു. ദൈവജന ത്തോടൊപ്പമുള്ള സഭാത്മകമായ നടത്തം സ്ഥിരതയോടെ തുടരാനും അതിനെ ഉറപ്പിക്കാനും പരിശുദ്ധ പിതാവ് മെത്രാന്മാരെ ശക്തമായി ഉദ്ബോധിപ്പിക്കുന്നുമുണ്ട്. റോമിൽ നടന്ന സിനഡ് സമ്മേളനത്തിൽ കർദ്ദിനാൾ റാറ്റ്സിംഗർ അവതരിപ്പിച്ച പേപ്പറിനെപ്പറ്റി മുകളിൽ സൂചിപ്പി ച്ചല്ലോ. ആ പേപ്പറിൽ അദ്ദേഹം ഉപയോഗിച്ച ഒരു ഭാഷാപ്രയോഗമാണ് ഒരുമിച്ചുള്ള നടത്തം എന്നത്. ഗ്രീക്കു ഭാഷയിലെ സിനഡുവൊ എന്ന പദത്തിൽ നിന്നാണ് സിനഡ് എന്ന പ്രയോഗം ഉണ്ടായത്. ഒരേ വഴിയി ലൂടെ സഞ്ചരിക്കുക, ഒരേ വഴിയിലൂടെ ഒരുമിച്ച് പോകുക എന്നൊക്കെ യാണ് അതിനർത്ഥം. സിനൊഡിയ എന്നതിന് സഹയാത്രികരുടെ സംഘം എന്നാണർത്ഥം. അന്നദ്ദേഹം ഉദ്ദേശിച്ചത് മുഖ്യമായും സിനഡിലെ മെത്രാന്മാരുടെ ഒരുമിച്ചുള്ള യാത്രയെപ്പറ്റിയാണെങ്കിൽ ഇപ്പോൾ ഫ്രാൻസീസ് പാപ്പ ഉപയോഗിച്ചിരിക്കുന്നത് സഭാംഗങ്ങൾ എല്ലാവരും ഒരുമിച്ച് ഒരേ വഴിയിലൂടെ ഒരേ ലക്ഷ്യത്തിലേക്ക് സഞ്ചരിക്കുന്നതി നെപ്പറ്റിയാണ് എന്ന വ്യത്യാസം മാത്രമേയുള്ളു. എന്തുകൊണ്ട് സീറോ മലബാർ മെത്രാന്മാർ എല്ലാവരും പ്രബോധനത്തിന്റെയും ആരാധനാ ക്രമത്തിന്റെയും കാര്യത്തിൽ കൂട്ടായ്മയിൽ ആകണം എന്ന് തന്റെ പ്രഭാഷണത്തിൽ കർദ്ദിനാൾ റാറ്റ്സിംഗർ വളരെ വിശദമായി പ്രതിപാദി ക്കുന്നുണ്ട്. (കാണുക Fr Jose Porunnedom, ed. Acts of the Synod of Bishops of the Syro-Malabar Church held in the Vatican from 8 to 16 January 1996, Mount St Thomas, (1996) pp. 50-58).

അതായത് സിനഡിന്റെ അംഗങ്ങൾ എല്ലാവരും ഒരേ ലക്ഷ്യത്തോടെ നടക്കണം. അവരോടൊപ്പം അവർ നേതൃത്വം കൊടുക്കുന്ന പ്രാദേശിക സഭകളായ രൂപതകളും, അതായത് വൈദികരും സമർപ്പിതരും എല്ലാം അടങ്ങുന്ന ദൈവജനം മുഴുവൻ ഉണ്ടാകണം. പരസ്പരം തർക്കിക്കുന്ന വരെയും കലഹിക്കുന്നവരെയും ഒരുമിച്ച് കൊണ്ടുനടക്കുക എന്നതി ലുപരി സഭയിൽ ദൈവേഷ്ടം വിവേചിച്ചറിഞ്ഞ് എല്ലാവരും ഒരേ ലക്ഷ്യ ത്തോടെ, ഒരേ സ്ഥലത്തേക്ക് നടക്കുക എന്നാണതിനർത്ഥം. അതിൽ എല്ലാവർക്കും തുല്യ ഉത്തരവാദിത്വമാണത്. കാരണം അത് കത്തോലിക്കാ വിശ്വാസത്തിന്റെ അവിഭാജ്യ ഘടകമാണ്. ആ ഉത്തരവാദിത്വത്തെ

പ്പറ്റിയുള്ള ഒരു ഓർമ്മപ്പെടുത്തലാണ് പരിശുദ്ധ പിതാവിന്റെ കത്തിലെ അഭിസംബോധന.

### 18. ഏകകണ്ഠമായ തീരുമാനം എപ്പോഴും സാദ്ധ്യമല്ല

ഒരു സമൂഹത്തിൽ എല്ലാവരുടെയും ആശയങ്ങൾക്കനുസരിച്ച് ഒരുമിച്ചുള്ള നടത്തം സാദ്ധ്യമാണെന്ന് ആരെങ്കിലും ചിന്തിച്ചാൽ അത് യാഥാർത്ഥ്യ ബോധത്തിൽ അടിസ്ഥാനമില്ലാത്തതാണ് എന്ന് പറയാതെ നിവൃത്തിയില്ല. മാത്രമല്ല, 40 ലക്ഷത്തോളം അംഗങ്ങളുള്ള സീറോമലബാർ സഭയിലെ എല്ലാവരോടും ആലോചിക്കുന്നതും പ്രായോഗികമല്ല. ഏറ്റവും ആദർശ പരമായ ജനാധിപത്യത്തിൽപോലും ജനങ്ങളുടെ പ്രതിനിധികളുമായി ആലോചിച്ച് അവരുടെ പൊതുഅഭിപ്രായം കണക്കിലെടുത്ത് തീരുമാന ങ്ങൾ എടുക്കാനേ പ്രായോഗികമായി സാധിക്കുകയുള്ളു. അതേസമയം വിശുദ്ധ ഗ്രന്ഥവും സഭാപ്രബോധനങ്ങളും വിശ്വാസസത്യങ്ങളും എല്ലാം പലരും വ്യത്യസ്തരീതികളിൽ വ്യാഖ്യാനിക്കുമെങ്കിലും ആത്യന്തികമായി അവയെല്ലാം ഔദ്യോഗിക പ്രബോധനത്തിന് കീഴ്പ്പെടണം എന്നതാ ണല്ലോ കത്തോലിക്കാ വിശ്വാസം. അതുകൊണ്ടാണ് ഏകീകൃതരീതിയെ എതിർത്തവർ പോലും പരമോന്നതാധികാരിയുടെ നിർദ്ദേശങ്ങൾക്ക് വിധേയപ്പെടണം എന്ന് പറയുന്നത്.

കക്ഷിതാത്പര്യങ്ങളും മുൻവിധികളും പലപ്പോഴും യാഥാർത്ഥ്യത്തെ കാണുന്നതിൽ നിന്ന് മനുഷ്യരെ തടയും എന്നത് കർത്താവിന്റെ ശിഷ്യന്മാരുടെ ജീവിതത്തിൽ നിന്ന് മനസ്സിലാക്കാം. നിരാശരായി എമ്മാവൂ സിലേക്ക് പോയ ശിഷ്യന്മാരുടെ കണ്ണുകൾ അവനെ തിരിച്ചറിയാൻ കഴിയാത്ത വിധം മൂടപ്പെട്ടിരുന്നു (ലൂക്കാ 24:16). അവിടുന്ന് വിശുദ്ധ ലിഖിതങ്ങൾ വിശദീകരിച്ച് കൊടുത്തപ്പോഴാണ് അവരുടെ ഹൃദയങ്ങൾ ജ്വലിച്ചതും കണ്ണുകൾ തുറന്നതും തിരിച്ച് മറ്റ് ശിഷ്യന്മാരുടെ കൂട്ടായ്മ യിലേക്ക് മടങ്ങിപ്പോയതും. പരിശുദ്ധ പിതാവിന്റെ ഉപദേശത്തിൽ കർത്താവിന്റെ വചനങ്ങൾ തിരിച്ചറിയാൻ കഴിഞ്ഞാലേ സീറോമലബാർ സഭയിൽ ഒരു തിരിച്ച് നടത്തം സാദ്ധ്യമാകുകയുള്ളു.

### 19. 1989-ലെ വാഗ്ദാനം

ഇപ്പോൾ നിലവിലിരിക്കുന്ന കുർബാനക്രമം അംഗീകരിച്ച് നടപ്പാക്കി ക്കൊണ്ട് പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയത്തിൽ നിന്ന് 1989 ഏപ്രിൽ മാസം 3-ന് പുറപ്പെടുവിച്ച ഡിക്രി (Prto, N. 655/65) പ്രകാരം ആ ഡിക്രി ഒപ്പു വയ്ക്കപ്പെട്ട 1985 ഡിസംബർ മാസം 19 മുതൽ അഞ്ച്

വർഷത്തേക്ക് ആ കുർബാനക്രമത്തിൽ മാറ്റമൊന്നും വരുത്താൻ പാടില്ല എന്നും അതിന് ശേഷം സീറോമലബാർ ബിഷപ്പ്സ് കോൺഫ്രൻസിന് (ഇപ്പോഴത്തെ സിനഡിന്) കുർബാന തക്സ സംബന്ധമായ പരിഷ്കരണങ്ങളും ഭേദഗതികളും ഐച്ഛികമാക്കേണ്ട ഭാഗങ്ങളും കാര്യാലയത്തിന് സമർപ്പിക്കാവുന്നതാണ് എന്നും സൂചിപ്പിച്ചിരുന്നു. ഇതിന്റെ ചുവട് പിടിച്ച് 1994-ൽ എല്ലാ രൂപതകളിൽ നിന്നും വിവിധ സമിതികളിൽ ചർച്ച ചെയ്ത് ക്രോഡീകരിച്ച അഭിപ്രായങ്ങൾ അഭിവന്ദ്യ കാട്ടുമന പിതാവിന് അയക്കുകയും അദ്ദേഹം അത് പൗരസ്ത്യ കാര്യാലയത്തിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. നിർഭാഗ്യവശാൽ അതേത്തുടർന്ന് അദ്ദേഹം പൊടുന്നനവെ മരിക്കുകയും കാര്യങ്ങൾ മുന്നോട്ട് നീങ്ങാതാവുകയും ചെയ്തു. എന്നാൽ ആ അഭിപ്രായങ്ങളുടെയും പിന്നീട് റോമിൽ നടന്ന സിനഡിലും മറ്റ് സിനഡൽ സമിതികളിലും അവതരിപ്പിക്കപ്പെട്ട ആശയങ്ങളുടെയും എല്ലാം വെളിച്ചത്തിലാണ് 1999-ൽ സിനഡ് തീരുമാനം എടുത്തതും അത് പരിശുദ്ധ സിംഹാസനം അംഗീകരിച്ചതും.

പുനരുദ്ധാരണം, അനുരൂപണം, നവീകരണം എന്ന രീതിയിലുള്ള ഒരു സമീപനമാണ് പരിശുദ്ധസിംഹാസനം നമ്മുടെ ആരാധനക്രമവിഷയത്തിൽ സ്വീകരിച്ച നയം. ഇക്കാര്യം അഭിവന്ദ്യ കാട്ടുമന പിതാവിന്റെ നിയമന സമയത്ത് കൊടുത്തിരുന്ന നിർദ്ദേശങ്ങളിലും സൂചിപ്പിച്ചിരുന്നു. എന്നാൽ രൂപതകളിൽ നിന്ന് ലഭിച്ച അഭിപ്രായങ്ങളിൽ തികച്ചും പുതിയ കുർബാനക്രമങ്ങൾ തന്നെ അവതരിപ്പിച്ചിരുന്നു എന്നത് ശ്രദ്ധേയമാണ്. അത്തരം ക്രമങ്ങൾ യാതൊരു കാരണവശാലും അംഗീകരിക്കപ്പെടുകയില്ല എന്ന് പറയേണ്ടതില്ലല്ലോ. കാരണം അങ്ങനെ ഓരോരുത്തർക്കും ഇഷ്ടാനുസരണം നിർമ്മിച്ചെടുക്കാവുന്നല്ല ആരധനക്രമം. അത് എപ്പോഴും ഭൂതകാലവുമായി ബന്ധപ്പെട്ട് തന്നെ നില്ക്കുന്നതാണ്.

### 20. സഭയുടെ അഭിപ്രായം എങ്ങനെ അറിയാം?

കൂട്ടായ പരിചിന്തനത്തിലൂടെ ദൈവജനത്തിന്റെ അഭിപ്രായം വിവേചിച്ചറിയുന്നതിന് സീറോമലബാർ സഭയിൽ വ്യവസ്ഥാപിതമായ വേദികളുണ്ട്. ആ വേദികളിൽ ഏറ്റവും പ്രധാനപ്പെട്ടത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി തന്നെയാണ്. അതിൽ സഭാംഗങ്ങളുടെ എല്ലാ വിഭാഗങ്ങളും പ്രതിനിധീകരിക്കപ്പെടുന്നുണ്ട്. അവരുടെ സ്വരം ദൈവജനത്തിന്റെ സ്വരം തന്നെയാണ്. ഇതുവരെ നടന്ന എല്ലാ അസംബ്ലികളിലും വിശുദ്ധ കുർബാനയർപ്പണത്തിൽ സിനഡ് കൈക്കൊണ്ട ഏകീകൃതരീതി

എത്രയും വേഗം എല്ലാ രൂപതകളിലും നടപ്പാക്കണം എന്ന് പങ്കെടുത്തവർ വളരെ ശക്തമായി ആവശ്യപ്പെടുകയുണ്ടായി. എല്ലാ രൂപതകളുടെയും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാരുടെ യോഗത്തിലും ഇതേ ആവശ്യം തന്നെ ഉന്നയിക്കപ്പെടുകയുണ്ടായി. രണ്ട് രൂപതകളിൽ നിന്നുള്ളവർ മാത്രമാണ് വ്യത്യസ്തമായ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത് എന്നതും എടുത്തു പറയേണ്ടതുണ്ട്.

### 21. നടത്തത്തിന്റെ ലക്ഷ്യം മനസ്സിലാക്കുക

എന്താണ് ലക്ഷ്യം എന്ന് എല്ലാവരും ശരിയായി മനസ്സിലാക്കിയിട്ടില്ലെങ്കിൽ ഒരുമിച്ചുള്ള നടത്തം പ്രയാസമാകും. മലയാറ്റൂരേക്കും മറ്റും ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തീർത്ഥാടകർ കാൽനടയായി പോകാറുണ്ടല്ലോ. അങ്ങനെ പോകുന്നവർക്ക് ആശയപരമായുള്ളതോ മറ്റേതെങ്കിലും തരത്തിലുള്ളതോ ആയ എന്തെല്ലാം വ്യത്യാസങ്ങളുണ്ടെങ്കിലും പരസ്പരം അറിയാത്തവരാണെങ്കിലും ഒരുമിച്ച് നടക്കുന്നതിന് പ്രയാസമില്ല. കാരണം, അവർക്കെല്ലാം ഒരേ ഒരു ലക്ഷ്യമേയുള്ളു: മലയാറ്റൂർ മലമുകളിലെത്തി പ്രാർത്ഥിച്ച് മടങ്ങുക. ഈശോയ്ക്ക് തന്റെ മനുഷ്യാവതാര ലക്ഷ്യം വളരെ വ്യക്തമായിരുന്നതുകൊണ്ടാണ്, പ്രലോഭനങ്ങളെ, പിതാവ് കൊടുത്ത കാസ കുടിക്കുന്നതിൽനിന്ന് ഒഴിഞ്ഞു മാറാനുള്ള പ്രലോഭനമടക്കമുള്ളവയെ, അതിജീവിക്കാൻ കഴിഞ്ഞത്. തന്റെ ശിഷ്യന്മാർ എല്ലാവരും തന്നെ വിട്ടുപേക്ഷിച്ചപ്പോഴും ലക്ഷ്യത്തിൽ നിന്ന് മാറാതെ നില്ക്കാനുള്ള ശക്തി കിട്ടിയതും അതിൽ നിന്ന് തന്നെയാണ്.

### 22. എതിർപ്പുകൾ എന്നും ഉണ്ടായിരുന്നു

ദൈവജനത്തിന്റെ ജീവിതത്തിൽ ദൈവം തെരഞ്ഞെടുത്ത നേതൃത്വത്തെ എതിർത്തവരും അംഗീകരിക്കാത്തവരും എന്നും ഉണ്ടായിരുന്നു. ഇത്തരുണത്തിൽ സംഖ്യയുടെ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന ഒരു സംഭവം പ്രസക്തമാണ്. അവിടെ നാം ഇപ്രകാരം വായിക്കുന്നു: ലേവിയുടെ മകനായ കൊഹാത്തിന്റെ മകൻ ഇസ്ഹാറിന്റെ മകനായ കോറഹും, റൂബൻ ഗോത്രത്തിലെ ഏലിയാബിന്റെ പുത്രന്മാരായ ദാത്താൻ, അബീറാം എന്നിവരും പെലെത്തിന്റെ മകൻ ഓനും, ഇസ്രായേൽ സമൂഹത്തിലെ നേതാക്കളും തെരഞ്ഞെടുക്കപ്പെട്ടവരും പ്രസിദ്ധരുമായ ഇരുന്നൂറ്റമ്പത് പേരും മോശയെ എതിർത്തു. അവർ മോശക്കും അഹറോനും എതിരെ ഒരുമിച്ച് കൂടി പറഞ്ഞു. “നിങ്ങൾ അതിരു വിട്ടുപോകുന്നു. സമൂഹം ഒന്നൊഴിയാതെ എല്ലാവരും വിശുദ്ധരാണ്. കർത്താവ് അവരുടെ മദ്ധ്യേ

ഉണ്ട്. പിന്നെന്തിന് നിങ്ങൾ കർത്താവിനു മീതെ നേതാക്കന്മാരായി ചമയുന്നു?" (സംഖ്യ 16: 1-3).

അനന്തരം ഏലിയാബിന്റെ മക്കളായ ദാത്താനെയും അബീറാമിനെയും വിളിക്കാൻ മോശ ആളയച്ചു. എന്നാൽ വരില്ലെന്ന് അവർ പറഞ്ഞു. മരുഭൂമിയിൽ വച്ച് കൊല്ലേണ്ടതിന് തേനും പാലും ഒഴുകുന്ന നാട്ടിൽ നിന്ന് ഞങ്ങളെ കൊണ്ടു വന്നത് നിനക്ക് മതിയായില്ലേ? ഞങ്ങളുടെ അധിപതി ആകാൻ ശ്രമിക്കുക കൂടി ചെയ്യുന്നോ? മാത്രമല്ല നീ ഞങ്ങളെ തേനും പാലും ഒഴുകുന്ന ദേശത്ത് എത്തിച്ചില്ല. നിലങ്ങളും മുന്തിരിത്തോട്ടങ്ങളും കൈവശപ്പെടുത്തി തന്നതുമില്ല. ഇവരെ അന്ധരാക്കാമെന്നാണോ ഭാവം? ഞങ്ങൾ വരുകയില്ല. (16: 12-14). ... കോറഹ് സമൂഹത്തെ മുഴുവൻ സമാഗമ കൂടാരവാതില്ക്കൽ മോശക്കും അഹറോനും എതിരെ ഒരുമിച്ച് കൂട്ടി (19). അവരുടെ അന്ത്യം എന്തായിരുന്നു എന്ന് തുടർന്നുള്ള ഭാഗം പറയുന്നുണ്ട്. ... മോശ ഇത് പറഞ്ഞ് കഴിഞ്ഞപ്പോഴേക്കും അവർക്ക് താഴെ നിലം പിളർന്നു. ഭൂമി വാ പിളർന്ന് കോറഹിനെയും അനുചരന്മാരെയും അവരുടെ കുടുംബാംഗങ്ങളോടും വസ്തുവകകളോടും കൂടെ വിഴുങ്ങിക്കളഞ്ഞു (16:31). കർത്താവിനെതിരെ സംഘടിച്ച ആരെയും കാനാൻ ദേശത്ത് കടക്കാൻ അവിടുന്ന് അനുവദിച്ചില്ല. കാനാൻ ദേശത്തിന്റെ അതിർത്തിയിൽ എത്തിയെങ്കിലും അവരെല്ലാം മരിച്ച് തീരുന്നതു വരെ 40 വർഷക്കാലം അവർക്ക് മരുഭൂമിയിലൂടെ അലയേണ്ടി വന്നു. ഇതെല്ലാം ദൈവം തന്റെ തെരഞ്ഞെടുക്കപ്പെട്ടവർക്ക് കൊടുക്കുന്ന പാഠങ്ങളാണ്.

### 23. ലക്ഷ്യമറിയാത്ത ശിഷ്യന്മാർ

കർത്താവിന്റെ ശിഷ്യഗണത്തിൽ ലക്ഷ്യമറിയാതെ വഴി തെറ്റിയവരുണ്ടായിരുന്നു. ചിലർ ശരിയായ വഴിയിലേക്ക് തിരിച്ചുവന്നു; മറ്റ് ചിലരാകട്ടെ തെറ്റായ വഴികളിലൂടെ തന്നെ നടത്തം തുടർന്നു. പത്രോസ് കർത്താവിനെ വഴി തിരിച്ച് വിടാൻ ശ്രമിച്ചു. യാക്കോബും യോഹന്നാനും കർത്താവ് രാജാവാകുമ്പോൾ ഇടത്തും വലത്തും ഇരിക്കാനുള്ള വരം ചോദിച്ചു. അവിടുത്തെ ഉത്ഥാനത്തിന് ശേഷവും ഇങ്ങനെ തന്നെ അവർ ചിന്തിച്ചിരുന്നു (നട. 1:6). കർത്താവ് വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവ് അവരിൽ ആവസിച്ചപ്പോൾ മാത്രമാണ് അവർക്ക് അവിടുത്തെ ലക്ഷ്യം ശരിയായി മനസ്സിലായതും തിരിച്ച് നടന്നതും. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർക്ക് അവിടുത്തെയും അവിടുത്തെ ലക്ഷ്യത്തെയും മനസ്സിലാക്കാൻ കഴിഞ്ഞത് അവിടുത്തോടൊപ്പം വചനവും അപ്പവും മുറിച്ച

പ്പോൾ മാത്രമാണ് എന്ന് മുകളിൽ പറഞ്ഞല്ലൊ. അപ്പം മുറിക്കൽ അവിടുന്ന് കുരിശിൽ സ്വയം ദാനം ചെയ്തതിന്റെയും ലോകത്തെ പാപത്തിൽ നിന്ന് മോചിച്ച് നഷ്ടപ്പെട്ട പറുദീസാനുഭവം തിരികെ കൊടുക്കാനുള്ള ദൗത്യനിർവഹണത്തിന്റെയും മുന്നവതരണമായിരുന്നു. ഇന്ന് വിശുദ്ധ കുർബാനയർപ്പണത്തിൽ പുനരവതരിപ്പിക്കപ്പെടുന്നതും അത് തന്നെയാണ്. അത് കേവലമൊരു ഭക്ഷണമോ വിരുന്നോ അല്ല എന്നും നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. അത് സ്വർഗരാജ്യത്തിൽ കർത്താവിനോടൊപ്പം ഭക്ഷണത്തിനിരിക്കാനുള്ള അവശ്യ വ്യവസ്ഥയാണ്.

### 24. വഴി തെറ്റി നാശത്തിലേക്ക് പതിച്ചവൻ

മറ്റ് ശിഷ്യന്മാരിൽ നിന്നെല്ലാം വ്യത്യസ്തനായി യൂദാസാകട്ടെ കർത്താവിനെ തന്റെ സ്വന്തം ലക്ഷ്യത്തിലേക്ക് കൊണ്ടുപോകാൻ ശ്രമിച്ച് പരാജയപ്പെട്ടു, നാശത്തിലേക്ക് നീങ്ങിയവരുടെ പ്രതിനിധിയായി അവൻ നിലകൊള്ളുന്നു. അവൻ ഈശോയുടെ തിരുശരീരരക്തങ്ങൾ അവിടുത്തെ കരങ്ങളിൽ നിന്ന് തന്നെ സ്വീകരിച്ചെങ്കിലും അവന്റെ ഉള്ളിൽ പിശാച് കയറുകയാണ് ചെയ്തത്. മാത്രമല്ല അവൻ പ്രകാശത്തിലേക്ക് പോകാതെ ഇരുട്ടിന്റെ മറവിലേക്കാണ് പോയത്. കാരണം തന്റെ ലക്ഷ്യത്തിലേക്ക് ഈശോയെ വലിച്ചിഴക്കാനായിരുന്നു അവന്റെ ശ്രമം. അത് നടക്കാതെ വന്നപ്പോൾ ഗുരുവിനെ മുപ്പത് വെള്ളിക്കാശിന് വില്ക്കാനും അവൻ മടിച്ചില്ല. ഈശോ തെറ്റൊന്നും ചെയ്തില്ല എന്നും അവനറിയാമായിരുന്നു. തന്റെ കൂടെ നിന്നവർ എന്ന് അവൻ വിശ്വസിച്ച പ്രധാനപുരോഹിതനും ഫരിസേയന്മാരും അവനോട് സ്നേഹം കാണിച്ച് അവന് പണം കൊടുത്തത് അവരുടെ ശത്രുവായ ഈശോയെ നശിപ്പിക്കാനായിരുന്നു. നിർഭാഗ്യവശാൽ അവനത് നസ്സിലായത് അതിന് ഞങ്ങൾക്കെന്ത്? അത് നിന്റെ കാര്യമാണ് (മത്തായി 27: 5) എന്ന അവരുടെ പ്രതികരണം കേട്ടപ്പോഴാണ്. പക്ഷേ അപ്പോഴേയ്ക്കും കാര്യങ്ങൾ കൈവിട്ട് പോയിക്കഴിഞ്ഞിരുന്നു. വെള്ളി നാണയങ്ങൾ ദൈവാലയത്തിലേക്ക് വലിച്ചെറിഞ്ഞിട്ട് അവൻ പോയി കെട്ടി ഞാന്നു ചത്തു (മത്താ. 27:5) ആരാധനക്രമവിവാദത്തിലും ഇതുപോലെയുള്ള ചില അപകടങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. അവക്കെതിരെ നമ്മൾ ജാഗരൂകരാകണം. കർത്താവിന്റെ മൗതികശരീരമായ സഭയെ നശിപ്പിക്കാൻ വ്രതമെടുത്ത് ഇറങ്ങിയവരുടെ കുതന്ത്രങ്ങളെ നാം കരുതിയിരിക്കണം. നമ്മുടെ ഉൾവഴക്കുകളെ അവർ സമർത്ഥമായി ഉപയോഗപ്പെടുത്തും.

### 25. പരിശുദ്ധ അമ്മയുടെ മാതൃക

ശിഷ്യരിൽ നിന്നെല്ലാം തികച്ചും വ്യത്യസ്തയായി പരിശുദ്ധ അമ്മ തുടക്കം മുതൽ തന്നെ ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ (ലൂക്കാ 1:38) എന്ന് പറഞ്ഞ് സ്വയം ദൈവേഷ്ടത്തിന് വിട്ടു കൊടുത്തു. ലക്ഷ്യം മനസ്സിലാകാത്ത വേളയിൽ എല്ലാം മനസ്സിൽ സംഗ്രഹിച്ചു വച്ചു (ലൂക്കാ 2:51). അവസാനം കുരിശിൻ ചുവട് വരെ അമ്മ എത്തി. തന്റെ പുത്രന്റെ ദാരുണ മരണശേഷവും അവിടുത്തെ ശിഷ്യന്മാരോടോത്ത് പരിശുദ്ധാത്മാവിന്റെ വരവിനായി സെഹിയോൻ മാളികയിലും കാത്തിരുന്നു. അവർ ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റ് സ്ത്രീകളോടും അവന്റെ സഹോദര ന്മാരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു (നടപടി 1:14). രക്ഷാകര പ്രക്രിയയുടെ ഭാഗമായ കത്തോലിക്കാ സഭയും സഭാപാരമ്പര്യങ്ങളും ദൈവികമായ ഇടപെടലിന്റെ ഭാഗമായി പരിഗണിക്കാൻ വിശ്വാസ വെളിച്ചത്തിൽ ചരിക്കുന്നവർക്കേ കഴിയുകയുള്ളു.

### 26. ലക്ഷ്യത്തിൽ വ്യക്തത കൈവരിക്കുക

ലക്ഷ്യം സംബന്ധിച്ചുള്ള വ്യക്തതക്കുറവാണ് നമ്മുടെ സഭയിലെ പ്രധാന പ്രശ്നം എന്ന് ഒരർത്ഥത്തിൽ പറയാവുന്നതാണ്. ഈശോ ആരെയും തന്റെ കൂടെ നടക്കാൻ നിർബന്ധിക്കുന്നില്ല. പക്ഷെ നടക്കുന്നവർ അവിടുത്തെ ലക്ഷ്യം കൃത്യമായി മനസ്സിലാക്കണം എന്ന് നിർബന്ധ മുണ്ടായിരുന്നു. അവിടുത്തെ വചനങ്ങൾ ഗ്രഹിക്കാൻ പ്രയാസമാണ് എന്ന് പറഞ്ഞ് പിരിഞ്ഞ് പോയ ശിഷ്യന്മാരെ അവിടുന്ന് തിരിച്ച് വിളിക്കുകയല്ല ചെയ്തത്. പ്രത്യുത, പത്രോസിനോടും മറ്റ് ശ്ലീഹന്മാരോടും "നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ" എന്ന് അവിടുന്ന് ചോദിക്കുകയാണ് ചെയ്തത്. അവിടുത്തെയും അവിടുത്തെ ലക്ഷ്യത്തെയും മനസ്സിലാക്കാൻ കഴിയുന്നത് അവിടുത്തോടൊപ്പം അതായത് അവിടുത്തെ മൗതിക ശരീരമായ സഭയോടൊപ്പം വചനവും അപ്പവും മുറിക്കുമ്പോൾ മാത്രമാണ്. അപ്പോഴേ തങ്ങളുടെ തനതായ ലക്ഷ്യങ്ങളിൽ നിന്ന് മാറി ദൈവജന ത്തോടൊപ്പം സഭാത്മക നടത്തത്തിൽ പങ്ക് ചേരാൻ കഴിയുകയുള്ളൂ.

### 27. എന്തുകൊണ്ട് ഏകീകൃത രീതി നടപ്പാക്കണം?

എന്തിനാണ് സിനഡിന്റെ തീരുമാനം നടപ്പിലാക്കാൻ പരിശുദ്ധ പിതാവ് ആവശ്യപ്പെടുന്നത് എന്നും അദ്ദേഹം കത്തിൽ പറയുന്നുണ്ട്. അത്

നമ്മുടെ സഭയിൽ കൂടുതൽ നന്മയും ഐക്യവും ഉണ്ടാകാനാണ്. മാത്രമല്ല ഇതിലൂടെ നമ്മുടെ സഭയിൽ പരസ്പര യോജിപ്പും സാഹോദര്യവും ഐക്യവും പരിശുദ്ധാത്മാവ് വളർത്തും എന്നും അദ്ദേഹം പ്രത്യാശിക്കുന്നു. അതിനായി നാമോരുത്തരും നമ്മുടെ ഹൃദയവാതിലുകൾ പരിശുദ്ധാത്മാവിനായി തുറന്നിടണം. ഐകരൂപ്യത്തിലൂടെ ഐക്യം ഉണ്ടാകുകയില്ല എന്നും മറ്റും വിമർശനങ്ങൾ ഉയരുന്ന സാഹചര്യത്തിൽ പരിശുദ്ധ പിതാവിന്റെ ഈ പ്രസ്താവന ഗൗരവപൂർവം നമ്മൾ കാണേണ്ടതുണ്ട്.

**28. വിശുദ്ധ കുർബാനയർപ്പണത്തിൽ ഐകരൂപ്യം ഇല്ലെങ്കിൽ എന്താണ് പ്രശ്നം?**

a. ഔദ്യോഗിക പ്രബോധനങ്ങളെ അറിയുക

രണ്ടാം വത്തിക്കാൻ സൂനഹദോസ് പൗരസ്ത്യ സഭകളെപ്പറ്റി പഠിപ്പിക്കുന്നത് ഇപ്രകാരമാണ് : ഓരോ വ്യക്തി സഭയുടെയും അഥവാ റീത്തിന്റെയും പാരമ്പര്യങ്ങൾ ഭദ്രമായും അഭംഗുരമായും നിലനില്ക്കണമെന്നതാണ് കത്തോലിക്കാ സഭയുടെ ലക്ഷ്യം (പൗരസ്ത്യ സഭകൾ നമ്പർ 2). എല്ലാ വൈദികരും തിരുപ്പട്ട സ്ഥാനാർത്ഥികളും റീത്തുകളെപ്പറ്റി - റീത്തുകൾ തമ്മിലുള്ള ബന്ധങ്ങളുടെ പ്രായോഗിക നിയമങ്ങളെപ്പറ്റി പ്രത്യേകിച്ചും - ശരിയായി പരിശീലിപ്പിക്കപ്പെടണം. മാത്രമല്ല, അല്മായരും മതപാഠപരിശീലനത്തിൽ റീത്തുകളെപ്പറ്റിയും അവയുടെ നിയമങ്ങളെപ്പറ്റിയും പഠിപ്പിക്കപ്പെടണം. എല്ലാ കത്തോലിക്കരും, ഓരോ കത്തോലിക്കാ വ്യക്തിയും, അകത്തോലിക്കാ സഭയിലോ സമൂഹത്തിലോ മാമ്മോദീസാ സ്വീകരിച്ച് കത്തോലിക്കാ കൂട്ടായ്മയുടെ പൂർണ്ണതയിലേക്ക് വരുന്നവരും, ലോകത്തിലെവിടെയായാലും സ്വന്തം റീത്ത് നിലനിർത്തുകയും അത് സംരക്ഷിക്കുകയും കഴിവിനൊത്ത് അത് പാലിക്കുകയും ചെയ്യണം (നമ്പർ 4). എല്ലാ പൗരസ്ത്യരും സ്വന്തം നിയമാനുസൃതമായ ആരാധനക്രമരീതികളും ശിക്ഷണക്രമവും പാലിക്കാൻ കഴിയുമെന്നും അതിന് കടപ്പെട്ടിരിക്കുന്നു എന്നും നൈസർഗികവും ജീവാത്മകവുമായ പുരോഗതിക്ക് വേണ്ടിയല്ലാതെ ഒരു വ്യതിയാനവും അവയിൽ വരുത്താൻ പാടില്ലെന്നും അറിയുകയും സുനിശ്ചിതമായി ബോദ്ധ്യപ്പെടുകയും ചെയ്യട്ടെ. അതുകൊണ്ട് ഇവയെല്ലാം പരമാവധി വിശ്വസ്തതയോടെ പൗരസ്ത്യരാൽ തന്നെ പാലിക്കപ്പെടണം. ഇക്കാര്യങ്ങൾ സംബന്ധിച്ച് അനുദിനം

കൂടുതൽ അറിവ് നേടുകയും പൂർണ്ണമായി ആചരിക്കുകയും വേണം. കാലങ്ങളുടെയും വ്യക്തികളുടെയും സാഹചര്യങ്ങളാൽ അനുചിതമായി വ്യതിചലിച്ചിട്ടുണ്ടെങ്കിൽ പൂർവിക പാരമ്പര്യങ്ങളിലേക്ക് തിരികെപ്പോകാൻ അവർ തീവ്രയത്നം ചെയ്യട്ടെ (നമ്പർ 6).

b. ഈ പ്രബോധനങ്ങൾ പൗരസ്ത്യ സഭകളുടെ കാനൻ നിയമ സംഹിതയിൽ താഴെപ്പറയും പ്രകാരം നിയമമാക്കിയിരിക്കുന്നു:

ഓരോ സ്വയാധികാരസഭയിലും പെട്ട വിശ്വാസികൾക്ക് തങ്ങളുടെ സ്വയാധികാര സഭയുടെ നിബന്ധനകൾക്കനുസരിച്ച് ദൈവാരാധന നടത്തുന്നതിനും സഭയുടെ പ്രബോധനങ്ങൾക്കനുസൃതമായി തങ്ങളുടെ ആദ്ധ്യാത്മിക ജീവിതരീതി പിൻചെല്ലുന്നതിനും ക്രൈസ്തവവിശ്വാസികൾക്ക് അവകാശമുണ്ട് (കാനൻ 17). സ്വയാധികാരസഭകളുടെ തലവന്മാരായ മേലദ്ധ്യക്ഷന്മാരും മറ്റ് മേലദ്ധ്യക്ഷന്മാരും തങ്ങളുടെ റീത്തിന്റെ വിശ്വസതതാപൂർവമായ സംരക്ഷണവും കൃത്യമായ പാലനവും ഏറ്റവും ശ്രദ്ധാപൂർവം ഉറപ്പ് വരുത്തേണ്ടതാണ്. ജീവാത്മക വളർച്ചക്കല്ലാതെ അവർ അതിൽ മാറ്റങ്ങൾ അനുവദിക്കരുത്. മറ്റ് പുരോഹിത ശുശ്രൂഷികളും സമർപ്പിതജീവിത സമൂഹങ്ങളിലെ അംഗങ്ങളും തങ്ങളുടെ റീത്ത് വിശ്വസ്തതാപൂർവം അനുഷ്ഠിക്കാനും അതിനെപ്പറ്റി കൂടുതലായി അറിവും അതിന്റെ കൂടുതൽ പൂർണ്ണമായ പാലനവും ദിവസേന നേടിയെടുക്കാനും കടപ്പെട്ടിരിക്കുന്നു. മറ്റ് വിശ്വാസികളും തങ്ങളുടെ റീത്തിനെപ്പറ്റിയുള്ള അറിവും മതിപ്പും വളർത്തിയെടുക്കേണ്ടതാണ്. നിയമം ഒഴിവ് അനുവദിക്കുന്നില്ലാത്ത പക്ഷം അത് എല്ലായിടത്തും പാലിക്കാനും അവർ കടപ്പെട്ടിരിക്കുന്നു (കാനൻ 40: ##1-3).

c. വിശുദ്ധ കുർബാന: കത്തോലിക്കാ വിശ്വാസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പരസ്യപ്രഖ്യാപനം.

കുർബാന, നാം വിശ്വസിക്കുന്ന, നമ്മുടെ കർത്താവ് തന്റെ ജീവൻ കൊടുത്ത് പൂർത്തിയാക്കിയ രക്ഷാകരദൗത്യ നിർവഹണത്തിന്റെ പുനരവതരണവും പരമമായ ദൈവാരാധനയുമാണ്. പ്രതീകങ്ങളിലൂടെയാണ് അതുമായി ബന്ധപ്പെട്ട സംഭവങ്ങൾ എല്ലാം നമുക്ക് ദൃഷ്ടിഗോചരമാകുന്നത്. ആ പ്രതീകങ്ങൾ ഓരോന്നിനും വ്യത്യസ്ഥമായ അർത്ഥങ്ങളാണ് ഓരോ സ്വയാധികാര സഭയിലുമുള്ളത്. ഒരു സ്വയാധികാര സഭയിൽ ലോകത്ത് എല്ലായിടത്തും ഒരേ പ്രതീകങ്ങളും അവയുടെ വ്യാഖ്യാനങ്ങളും ഉണ്ടാകണം എന്നത് വ്യക്തമാണല്ലോ. അവയുടെ

അർത്ഥം നന്നായി മനസ്സിലാക്കിയിട്ടുള്ള വിശ്വാസികളുടെ മനസ്സിലേക്ക് വിശുദ്ധ കുർബാനയുടെ സമയത്ത് ആ രക്ഷാകര സംഭവങ്ങൾ ഓടിയെത്തുകയും അവയിൽ കൂടുതൽ സജീവമായി ഭാഗഭാക്കാകാൻ സഹായിക്കുകയും ചെയ്യുന്നു. പല ആവശ്യങ്ങൾ പ്രമാണിച്ച് ലോക മെമ്പാടും സഞ്ചരിക്കുകയും താമസസ്ഥലങ്ങൾ മാറുകയും ചെയ്യുന്ന സീറോമലബാർ വിശ്വാസികൾക്ക് എവിടെ ചെന്നാലും അപരിചിതത്വ മില്ലാതെ വിശുദ്ധ കുർബാനയിൽ പങ്കെടുക്കണമെങ്കിൽ ഐകരൂപ്യം അത്യന്താപേക്ഷിതമാണ്. കുട്ടികളെ സംബന്ധിച്ച് ഇത് ഏറെ പ്രസക്തമാണ്.

d. വിശുദ്ധ കുർബാനയെപ്പറ്റിയുള്ള സീറോമലബാർ ദൈവശാസ്ത്രം

നമ്മുടെ സഭയുടെ ആരധനക്രമ പാരമ്പര്യം പൗരസ്ത്യ സുറിയാനി പാരമ്പര്യവുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു എന്ന വസ്തുത പലരും ചോദ്യം ചെയ്യുമെങ്കിലും അതിനപ്പുറമുള്ള ഒന്നിനെപ്പറ്റി നമുക്ക് അറിവില്ല. അതുകൊണ്ടാണ് അതിനനുസരിച്ച് വേണം നമ്മുടെ ആരാധനക്രമം ക്രമീകരിക്കാൻ എന്ന് പരിശുദ്ധ സിംഹാസനം ആവർ ത്തിച്ച് പ്രഖ്യാപിച്ചിട്ടുത്. സ്വർഗത്തിലേക്കുള്ള ഒരു യാത്രയായാണ് നമ്മുടെ വിശുദ്ധ കുർബാനയെ അവതരിപ്പിച്ചിരിക്കുന്നത്. നമ്മുടെ ആരാധനക്രമ വർഷവും ഇതുപോലെയാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. കർത്താവിന്റെ ജനനത്തെ അനുസ്മരിക്കുന്ന മംഗളവാർത്താക്കാലത്ത് ആരംഭിച്ച് സ്വർഗപ്രവേശനത്തിന്റെ ഓർമ്മയായ പള്ളിക്കുദാശക്കാലത്താണ് അവസാനിക്കുന്നത്. വിശുദ്ധ കുർബാനയിലും ഇങ്ങനെ തന്നെയാണ് രക്ഷാകരപദ്ധതിയിലെ സംഭവങ്ങൾ അനുസ്മരിക്കപ്പെടുന്നത്. നമ്മുടെ പ്രദിക്ഷണങ്ങൾ പോലും ഈ രീതിയിലാണ് വിഭാവനം ചെയ്യപ്പെട്ടി രിക്കുന്നത്.

e. വിശുദ്ധ കുർബാന കേവലം വിരുന്നല്ല

വിശുദ്ധ കുർബാന കേവലം ഒരു വിരുന്നാണ് എന്ന തെറ്റിദ്ധാരണ പലർക്കും ഉണ്ട്. നമ്മുടെ കർത്താവ് തന്റെ പീഢാനുഭവത്തിനും കുരിശുമരണത്തിനും മുമ്പ് അക്കാര്യങ്ങൾ മുൻകൂട്ടി തന്റെ ശിഷ്യർക്ക് അനുഭവവേദ്യമാക്കിക്കൊടുക്കുന്ന വേദിയാണ് ആ ഭക്ഷണമേശ. അത് യഹൂദന്മാരുടെ പെസഹാ ഭക്ഷണമായിരുന്നു. ആ ഭക്ഷണമല്ല, പ്രത്യുത ആ സമയത്ത് ഈശോ നിർവഹിച്ച രക്ഷണീയ കർമ്മമാണ് പുനരവത രിപ്പിക്കപ്പെടുന്നത്. താൻ ഏറ്റെടുത്ത രക്ഷണീയദൗത്യത്തിന്റെ പൂർത്തീ

കരണമായ പീഡാനുഭവം, കുരിശു മരണം, ഉത്ഥാനം, പരിശുദ്ധാത്മാവിനെ അയച്ചുകൊണ്ട് ശിഷ്യന്മാർക്ക് കൊടുക്കുന്ന പ്രേഷിതദൗത്യം, തന്റെ ശരീരവും രക്തവും ഭക്ഷണ പാനീയങ്ങളാക്കി മാറ്റി ശിഷ്യർക്ക് കൊടുത്തുകൊണ്ട് അവരെ തന്റെ മൗതികശരീരത്തിന്റെ ഭാഗമാക്കി മാറ്റുന്നത്, ഒരു അടിമയേപ്പോലെ അവകാശവാദങ്ങൾ ഇല്ലാതെ മറ്റുവരുടെ പാപമോചനത്തിനായി തന്റെ അനുയായികൾ സ്വയം മുറിക്കപ്പെടുന്നതിന്റെ പ്രതീകമായ കാലുകഴുകൽ തുടങ്ങിയവയുടെ മുന്നവതരണമാണ് അവിടെ നടന്നത്. അതായത് ഭക്ഷണ മേശ ഈ സംഭവങ്ങളുടെ പശ്ചാത്തലമായി എന്ന് മാത്രം. ചുരുക്കത്തിൽ പെസഹാ ഭക്ഷണ സമയത്ത് മുന്നവതരിപ്പിക്കപ്പെട്ട രക്ഷാകര സംഭവങ്ങളുടെ മുഴുവൻ പുനരവതരണമാണ് വിശുദ്ധ കുർബാന. അതുകൊണ്ടാണ് കേവലമൊരു ഭക്ഷണത്തിന്റെ പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ട് മാത്രം വിശുദ്ധ കുർബാനയെ കാണരുത് എന്ന് പറയുന്നത്.

**29. ഐകരൂപ്യമില്ലായ്മ സൃഷ്ടിക്കുന്ന പ്രായോഗിക വിഷമതകൾ**

a. പൊതുവിശ്വാസപരിശീലനം അസാദ്ധ്യമാകും

ഐകരൂപ്യമില്ലാത്തിടത്ത് ഒരേ പ്രതീകങ്ങൾ ആയിരിക്കുകയില്ല ഉപയോഗിക്കുന്നത്. അവയുടെ വ്യാഖ്യാനങ്ങളിലും വ്യത്യാസമുണ്ടാകും. തങ്ങളുടെ വിശ്വാസത്തെപ്പറ്റി ശരിയായ കാഴ്ചപ്പാട് നേടുന്നതിൽ നിന്ന് അത് വിശ്വാസികളെ തടയും. ഇളംതലമുറയിലേക്ക് വിശ്വാസം പകർന്നുകൊടുക്കുന്ന പ്രക്രിയയും ദുഷ്ക്കരമായി മാറും. കാരണം പൊതുവായൊരു വിശ്വാസപരിശീലനഗ്രന്ഥം തയ്യാറാക്കാൻ കഴിയില്ലല്ലൊ. പല രൂപതകളിൽ നിന്ന് വന്ന പ്രവാസികളുള്ള ഭാരതത്തിന് അകത്തും പുറത്തും ഉള്ള പ്രവാസി രൂപതകളിൽ സ്ഥിതി പിന്നെയും വഷളാകും. കാരണം ഇടവകക്കാർ അവരവരുടെ മാതൃരൂപതകളിലെ രീതി വേണമെന്ന് വാശി പിടിക്കും.

പഠനത്തിനായും ജോലിക്കായും അല്ലെങ്കിൽ വിവാഹം മൂലവും മറ്റും നിരന്തരം മാറി മാറി താമസസ്ഥലങ്ങൾ തെരഞ്ഞെടുക്കുന്ന സഭാംഗങ്ങൾ അവർ ചെല്ലുന്ന ഇടവകകളിൽ എല്ലാം വിശുദ്ധ കുർബാനയർപ്പണത്തിൽ വ്യത്യസ്ത പ്രതീകങ്ങളും അവയുടെ വിശദീകരണങ്ങളും ആണെങ്കിൽ എങ്ങനെ അവർക്ക് അവ മറക്കാതിരിക്കാനും അവരുടെ മക്കൾക്കും മക്കളുടെ മക്കൾക്കും പിന്നീട് വരുന്ന തലമുറകൾക്കും എല്ലാം പറഞ്ഞു

കൊടുക്കാനും കഴിയും എന്നതൊരു വലിയ ചോദ്യചിഹ്നമാണ്. മാതാപിതാക്കൾ വ്യത്യസ്ത രീതികൾ പിൻതുടരുന്ന പല രൂപതകളിലാണെങ്കിൽ അവർ അവരുടെ കുട്ടികൾക്ക് എങ്ങനെ വിശുദ്ധ കുർബാനയിലെ പ്രതീകങ്ങളുടെ അർത്ഥം പഠിപ്പിച്ച് കൊടുക്കും? പല രീതികൾ പിൻതുടരുന്ന പല രൂപതകളിൽ മാറി മാറി താമസിക്കേണ്ടിവരുന്ന കുടുംബങ്ങളിലെ കുട്ടികൾ വിശ്വാസപരിശീലന ക്ലാസ്സുകളിൽ പോകുമ്പോൾ വ്യത്യസ്ത വിശദീകരണങ്ങളല്ലെ അവരുടെ അദ്ധ്യാപകരിൽനിന്ന് കേൾക്കുക? അപ്പോൾ അവരെങ്ങനെ അവരുടെ വിശ്വാസത്തിൽ വേരുറയ്ക്കും?

b. ഗൾഫ് രാജ്യങ്ങളിലെ പ്രതിസന്ധി

സീറോമലബാർ രൂപതകൾ ഇല്ലാത്ത ഗൾഫ് രാജ്യങ്ങളിൽ ലക്ഷക്കണക്കിന് സീറോമലബാർ വിശ്വാസികളുണ്ട്. അവർ പല രൂപതകളിൽ നിന്നുള്ളവരുമാണ്. വിശുദ്ധ കുർബാനയർപ്പണത്തിൽ ഐകരൂപ്യം ഇല്ലാത്തതിനാൽ അവിടെ ഉണ്ടാകുന്ന പ്രശ്നങ്ങൾ ഞാൻ നേരിട്ട് അനുഭവിച്ചിട്ടുണ്ട്. ക്രൈസ്തവരുടെ വിശ്വാസജീവിതം വളരെ നിയന്ത്രിതമോ അല്ലെങ്കിൽ ഒട്ടും തന്നെ അനുവദിച്ചിട്ടില്ലാത്തതോ ആണ് പല രാജ്യങ്ങളും. നിർഭാഗ്യവശാൽ വിശുദ്ധ കുർബാനയർപ്പണത്തിലെ ഐകരൂപ്യമില്ലായ്മ അവിടങ്ങളിൽ വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അടുത്ത കാലത്ത് സീറോമലബാർ ഒഴികെ മറ്റെല്ലാ പൗരസ്ത്യസഭകൾക്കും ഗൾഫ് രാജ്യങ്ങളിൽ അവരുടെ സ്വന്തമായ സഭാസംവിധാനങ്ങൾ രൂപീകരിക്കാൻ പരിശുദ്ധ സിംഹാസനം അനുമതി നല്കി. എന്നാൽ, സീറോമലബാറുകാർക്ക് മാത്രം കൊടുത്തില്ല. അതിന് കാരണമായി റോമിൽനിന്ന് അറിയിച്ചത് നമ്മൾ വിശുദ്ധ കുർബാനയർപ്പണത്തിൽ എന്ന് ഐകരൂപ്യം വരുത്തുന്നുവോ അന്ന് മാത്രമേ അത് തരുകയുള്ളു എന്നാണ്. പതിറ്റാണ്ടുകളായി സ്വന്തമായ സഭാസംവിധാനങ്ങൾക്കായി മുറവിളി കൂട്ടുന്ന ആ സഭാംഗങ്ങൾക്ക് വലിയ ആശ്വാസമായിരിക്കും ഇപ്പോഴത്തെ തീരുമാനം. അതുപോലെ തന്നെ യൂറോപ്പ്, ഐർലണ്ട് എന്നിവിടങ്ങളിലെ സീറോമലബാർ സഭാസമൂഹങ്ങൾക്കും ഇപ്പറഞ്ഞത് പ്രസക്തമാണ്.

c. വൈദിക-സമർപ്പിത പരിശീലനം അസാദ്ധ്യമാകും

ഐകരൂപ്യത്തിന്റെ അഭാവത്തിൽ സെമിനാരികളിലെയും സമർപ്പിത

രൂപീകരണ ഭവനങ്ങളിലെയും പരിശീലനം അസാദ്ധ്യമായി മാറും. മേജർ സെമിനാരികളിൽ പല രൂപതകളിൽ നിന്നും സമർപ്പിതസമൂഹങ്ങളിൽ നിന്നുമുള്ള വൈദികരും സമർപ്പിതരും അല്മായരും അദ്ധ്യാപകരായി ഉണ്ടാകുമല്ലോ. അപ്പോൾ അവരുടെ മുമ്പിലുള്ള വൈദിക വിദ്യാർത്ഥികൾക്ക് വിശുദ്ധ കുർബാനയിലെ പ്രതീകങ്ങളെപ്പറ്റി പഠിപ്പിക്കുമ്പോൾ ഏത് രൂപതയിൽ പിഞ്ചെല്ലുന്നവയാണ് പഠിപ്പിക്കേണ്ടത്? ഓരോ രൂപതാംഗവും അവരവരുടെ രൂപതയിലെ വിശദീകരണമല്ലേ കൊടുക്കുകയുള്ളൂ? മാത്രമല്ല കുട്ടികൾ അവരുടെ സ്വന്തം രൂപതയിൽ ചെല്ലുമ്പോൾ അവർ കാണുന്നത് അതായിരിക്കണമെന്നില്ലല്ലോ. അവർ മൈനർ സെമിനാരികളിൽ പഠിച്ചതും വ്യത്യസ്തമായിരിക്കാം. അവർ വൈദികരായി തിരികെ രൂപതയിലെത്തുമ്പോൾ ഏത് വിശദീകരണമാണ് കൊടുക്കുക? സമർപ്പിതരുടെ കാര്യത്തിലും ഇത് പ്രസക്തമാണ്. പല സമർപ്പിതസമൂഹങ്ങൾക്കും വിവിധ രൂപതകളിൽ പരിശീലന ഭവനങ്ങൾ ഉണ്ടാകും. അപ്പോൾ ഏത് രൂപതയിലെ രീതിയാണ് അവർ കുട്ടികളെ പരിശീലിപ്പിക്കേണ്ടത്?

d. കേരളത്തിനുള്ളിലെ രൂപതകളിലും വിഭാഗീയത വർദ്ധിക്കും

ഒരേ രൂപതയിൽ തന്നെ ഏകീകൃതരീതിക്ക് അനുകൂലമായും പ്രതികൂലമായും ഗ്രൂപ്പുകൾ ഉണ്ടാകും എന്ന് ഇപ്പോൾതന്നെ വ്യക്തമാണ്. അതിനിയും വർദ്ധിക്കുകയേയുള്ളു എന്ന് മനസ്സിലാക്കാനും പ്രയാസമില്ല. വൈദികർ തന്നെ പല ഗ്രൂപ്പുകളായി തിരിഞ്ഞാൽ ഇടവകകളിൽ കാര്യങ്ങൾ എങ്ങനെയിരിക്കും എന്ന് മനസ്സിലാക്കാൻ വലിയ ഗവേഷണം ആവശ്യമില്ല. ആ സാഹചര്യത്തിൽ രൂപതാ മെത്രാൻ ത്രിശങ്കുവിലാകും എന്നതും വ്യക്തമാണ്. കാരണം, ചെയ്യാനായി പരിശുദ്ധ പിതാവ് ആവശ്യപ്പെട്ടിരിക്കുന്ന കാര്യം ചെയ്യരുത് എന്ന് ആരോടെങ്കിലും ആവശ്യപ്പെടാൻ അദ്ദേഹത്തിന് അധികാരമില്ലല്ലോ.

e. പൊതുശത്രുവിനെ നേരിടാനുള്ള ശക്തി കുറയും

കത്തോലിക്കാ സഭയും ക്രൈസ്തവ വിശ്വാസവും വലിയ പ്രതിസന്ധികളിലൂടെയാണ് ഇന്ന് കടന്നുപോകുന്നത്. ഈ പ്രതിസന്ധിയെ അതിജീവിക്കണമെങ്കിൽ കൂട്ടായ ഒരു ഭഗീരഥ പ്രയത്നം തന്നെ വേണം. വിഭജിക്കപ്പെട്ട ഒരു സമൂഹത്തിന് അതൊരിക്കലും സാധിക്കുകയില്ല. ഇത് നല്ലവണ്ണം അറിയാവുന്ന ശത്രുക്കൾ നമ്മുടെ ഇടയിലുള്ള വിഭാഗീയത ഏതു വിലകൊടുത്തും നിലനിർത്താൻ മാത്രമല്ല ആളിക്കത്തിക്കാനും

പരിശ്രമിക്കും എന്നത് വ്യക്തമായിക്കഴിഞ്ഞു. അതുകൊണ്ട് എത്രവേഗം നമ്മുടെ ഇടയിലെ വിഭാഗീയത അവസാനിപ്പിക്കുന്നുവോ അത്ര വേഗം നമ്മുടെ ശത്രുക്കളെ ഫലപ്രദമായി നേരിടാനും നാം പ്രാപ്തരാകും.

**ഉപസംഹാരം**

1993 മെയ് മാസത്തിൽ എറണാകുളത്ത് വച്ച് സീറോമലബാർ സഭയുടെ ആദ്യത്തെ മേജർ ആർച്ച്ബിഷപ്പിന്റെ സ്ഥാനാരോഹണവും പ്രഥമ സിനഡ് സമ്മേളനത്തിന്റെ ഉദ്ഘാടനവും നടന്ന സമയത്ത് നടത്തപ്പെട്ട ചില പ്രസംഗങ്ങളിൽ നിന്നുള്ള ഉദ്ധരിണികളോടെ ഈ പഠനം അവസാനിപ്പിക്കാം. പുനരുദ്ധാരണത്തിനും നവീകരണത്തിനും സാംസ്കാരികാനുരൂപണത്തിനുമൊപ്പം പ്രാധാന്യം നല്കുന്ന സമന്വയത്തിന്റെയും ഐക്യത്തിന്റെയും പാതയായിരിക്കട്ടെ നമ്മുടേത്. ശരിയായ പാരമ്പര്യങ്ങളോട് വിശ്വസ്തത പുലർത്തുന്നതും ലളിതസുന്ദരവും സുഗ്രാഹ്യവും പ്രസക്തവുമായിരിക്കട്ടെ നമ്മുടെ ആരാധനാക്രമം. ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമ്മോദീസായും ഏറ്റുപറയുന്ന ഐക്യത്തിന്റെ ആഘോഷമാകട്ടെ നമ്മുടെ ആരാധനാക്രമം (ബിഷപ്പ് ജോസഫ് കൂണ്ടുകുളം: cfr Synodal News, No. 1, August 1993 p.19). മറ്റ് കിഴക്കൻ സഭകളിലെ പോലെ, സീറോമലബാർ സഭയിലെ വിശ്വാസികളും അവരുടെ പരമോന്നതനായ ഇടയന് ചുറ്റും, മാർത്തോമ്മാ ശ്ലീഹായുടെ വഴിയിൽ വിശ്വസ്തതയോടെയും ഉത്സാഹത്തോടെയും ഒരുമിക്കട്ടെ. ശ്ലീഹായുടെ വഴി മിശിഹായുടെ വഴി തന്നെയാണ്. സീറോമലബാർ സഭ, ബാബിലോണിയയിൽ നിന്ന് വന്ന അവരുടെ വലിയ ആത്മീയ പൂർവ്വികരിൽ നിന്ന് പാരമ്പര്യമായി ലഭിച്ച ആരാധനാരീതിയിൽ അവനോടൊപ്പം ഐക്യപ്പെടട്ടെ... സീറോമലബാർ സഭയിലെ ബഹുമാനപ്പെട്ട മെത്രാന്മാർ മേജർ ആർച്ച്ബിഷപ്പിനൊപ്പം എപ്പോഴും ഒന്നായിരിക്കട്ടെ. സീറോമലബാർ സഭ മുഴുവനും, അതായത്, ബഹുമാനപ്പെട്ട മെത്രാന്മാരും, വലിയ മാതൃകയായ വൈദികരും, പ്രിയപ്പെട്ട സമർപ്പിതരും, ദൈവജനം മുഴുവനും ഇന്ന് ഒരു പുതിയ തുടക്കം കുറിക്കട്ടെ (സ്ഥാനാരോഹണച്ചടങ്ങിൽ ഇൻഡ്യയിലെ അന്നത്തെ അപ്പസ്തോലിക്ക് ന്യുൻഷ്യോ ആർച്ച്ബിഷപ്പ് ജോർജ്ജ് സൂർ cfr. Synodal News, No. 1, August 1993, pp.21).

**ദൈവത്തിന് നന്ദി!**

സീറോമലബാർസഭ, തീക്ഷ്ണമായ ഭക്തിയും നിസ്വാർത്ഥ സേവനവും വിശുദ്ധിയുടെ ഉദാഹരണങ്ങളും നിറഞ്ഞതാണ്. എന്നാൽ, അതിന്റെ

ക്രിസ്തീയ തീക്ഷ്ണത ചിലപ്പോഴൊക്കെ അതിന്റെ സ്വത്വത്തെക്കുറിച്ചുള്ള സംശയങ്ങൾമൂലം കളങ്കിതമാക്കപ്പെട്ടു. അവസാനം നമുക്കിപ്പോൾ വലിയ ഒരുമയിലേക്കും ഐക്യത്തിലേക്കും ദൃഷ്ടി പതിപ്പിക്കാം എന്ന് ഞാൻ കരുതുന്നു. ശുഷ്കമായ ചർച്ചകളിൽ ഇനിയും സമയം ചെലവഴിക്കേണ്ട തില്ല. അതിനെയെല്ലാം നമുക്ക് അതിജീവിക്കാം. അതിനുള്ള മാർഗങ്ങൾ നമുക്ക് നല്കപ്പെട്ടിരിക്കുന്നു. പൗരസ്ത്യ സഭകളുടെ കാനോനാസംഹി തയും അടുത്ത കാലത്ത് പരിശുദ്ധ പിതാവ് നിങ്ങൾക്കായി തന്നിട്ടുള്ള മറ്റ് ഉപാധികളും അനുസരിച്ച് നിങ്ങൾ മുന്നേറുകയാണെങ്കിൽ പരിശുദ്ധവും സമാധാനപൂർണ്ണവുമായ ഒരുമയും കൂട്ടായ്മയും നിങ്ങൾക്ക് പ്രതീക്ഷിക്കാം (ഉദ്ഘാടനച്ചടങ്ങിൽ ആർച്ച്ബിഷപ്പ് ജോർജ്ജ് സൂർ cfr. *Synodal News*, No. 1, August 1993, p.30).

ഏതാണ്ട് മൂന്ന് പതിറ്റാണ്ടുകൾക്ക് മുമ്പ് മേല്പറഞ്ഞ കാര്യങ്ങൾ നമ്മോട് പറഞ്ഞ ആ രണ്ട് പേരും അവരുടെ ഇഹലോകവാസം അവസാനിപ്പിച്ചിട്ട് കാലമേറെയായി. എന്നാൽ, അവർ ആശംസിച്ചതും ആഗ്രഹിച്ചതുമായ ഒരുമയിലേക്കും കൂട്ടായ്മയിലേക്കും സാഹോദര്യത്തിലേക്കും എത്താൻ ഇനിയും നമ്മൾ ഏറെ ദൂരം താണ്ടേണ്ടിയിരിക്കുന്നു. അതിനുള്ള ധൈര്യമാണ് തന്റെ ഉപദേശത്തിലൂടെ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ നമുക്ക് നല്കിയിരിക്കുന്നത്. അദ്ദേഹത്തിന്റെ ഉപദേശം അവഗണി ക്കപ്പെടാതിരിക്കട്ടെ.

●


+ VENI + SANCTE + SPIRITV



RNI No. 3421/57
Date of Publication: 02-05-2025
Registered: KL/EKM/748/2025-27
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese.

www.ernakulamarchdiocese.org